M. 165
1641

# ഗുരുനാഥൻ.

| പുസ്തകം 9 | 1105 ചിങ്ങം | ലക്കം 1 |
| --- | --- | --- |

## ഗുരുനാഥനും നവവത്സരവും.

ഗുരുകടാക്ഷംകൊണ്ടു് "ഗുരുനാഥൻ" നവവത്സരാരംഭത്തോടുകൂടി ഇതാ അതിന്റെ നവമവയസ്സിലേക്കു പ്രവേശിച്ചിരിക്കുന്നു. സാധാരണയുള്ള ബാലാരിഷ്ടതകൾ ഒരുവിധം തീൎന്നു എന്നു വിചാരിക്കുന്നതിൽ വലിയ അബദ്ധമുണ്ടെന്നു തോന്നുന്നില്ല. എങ്കിലും അതിന്റെ ശൈശവദശ അവസാനിച്ചിട്ടില്ലാത്തതിനാൽ ഇന്നും പൂൎണ്ണമായ സമാധാനത്തിനു വഴിയില്ല. മാസികകൾ പ്രതിക്ഷണമെന്നപോലെ ഉത്ഭവിച്ചും അവസാനിച്ചും കൊണ്ടിരിക്കുന്ന ഇക്കാലത്തു "ഗുരുനാഥൻ" അനേകവിഷമതകൾ തരണംചെയ്യേണ്ടതായി വന്നിട്ടും, തീരെ നഷ്ടചേതനനാകാതെ ഒരുവിധം ജീവസന്ധാരണം ചെയ്വാൻ സാധിച്ചതിൽ ഞങ്ങൾക്കു് അതിയായ കൃതാൎത്ഥതയുണ്ടു്. ഇതു് അല്പജ്ഞന്മാരായ ഞങ്ങളുടെ സാമൎത്ഥ്യംകൊണ്ടല്ലാ, പിന്നെ ഈശ്വരാധീനം ഒന്നുകൊണ്ടുമാത്രമാണെന്നു കൃതജ്ഞതാപൂൎവ്വം പ്രസ്താവിച്ചുകൊള്ളുന്നു. ഇതിനുംപുറമെ, ഞങ്ങളുടെ എല്ലാപത്രബന്ധുക്കളുടേയും മാന്യലേഖകന്മാരുടേയും അനുകമ്പാപൂൎവ്വമായ ലാളനയും ഇതിലേക്കു് ഒരു വിലയേറിയ സഹായമായി ഭവിച്ചിട്ടുണ്ടെന്നുള്ളതും വിസ്മരിക്കത്തക്കതല്ല. ഈ മാസികയുടെ ഇതേവരെയുള്ള ജീവചരിത്രത്തിൽ നിന്നും അനുമാനിക്കുന്നതായാൽ അതിനു് ഒരു ശുഭമായ ഭാവിയെ പ്രതീക്ഷിക്കുന്നതു് അനുചിതമായി വരികയില്ലെന്നു തന്നെ വിചാരിക്കുന്നു. എന്നാൽ ഗുരുനാഥന്റെ പ്രധാനോദ്ദേശ്യം എത്രമാത്രം സാധിക്കുന്നുണ്ടെന്നും വായനക്കാൎക്കു് എത്രമാത്രം പ്രനോജനവും പ്രമോദവും അതു നല്കുന്നുണ്ടെന്നും തീൎച്ചയാക്കേണ്ടതു് അവർ തന്നെയാണല്ലോ. വിളമ്പുന്നവൎക്കല്ല, ആസ്വാദിക്കുന്നവൎക്കാണു് ഭക്ഷണത്തിന്റെ ഗുണദോഷം ഗ്രഹിക്കാൻ സാധിക്കുന്നതു്. അല്പഗുണമെങ്കിലും ഉണ്ടെങ്കിൽ ഞങ്ങൾക്കത്രയും കൃതാൎത്ഥതയും ഉണ്ടായിരിക്കും. കഴിഞ്ഞകൊല്ലംമുതൽ കൂടുതൽ കടലാസുചേൎത്തും, മിനുസമുള്ള കടലാസുപയോഗിച്ചും, എന്നാൽ വരിസംഖ്യ വൎദ്ധിപ്പിക്കാതെയുമാണു മാസിക നടത്തിവരുന്നതെന്നു വായനക്കാൎക്കറിയാമല്ലോ. എന്നാൽ

ഗുരുനാഥനെ സംബന്ധിച്ച് ഇനിയും പല പരിഷ്കാരങ്ങളും ചെയ്യണമെന്നു ഞങ്ങൾക്കാഗ്രഹമുണ്ടെങ്കിലും അതിനു സർവ്വപ്രധാനമായ ധനത്തിന്റെ കുറവുകൊണ്ട് ഇതേവരെ വളരെയൊന്നും സാധിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ള വസ്തുതയും പ്രസ്താവയോഗ്യമാണ്. ഇവിടേയും ഈശ്വരാധീനമുണ്ടെങ്കിൽ ഞങ്ങളുടെ ശ്രമം സഫലമാകുമെന്നുള്ളതിനു സംശയമില്ല. ഒരു മാസിക ശരിയായി നടത്തുക എന്നുള്ളത് അത്ര സുകരമായ കാര്യമല്ലെന്നു മാസികാപ്രവർത്തകന്മാർക്കെല്ലാവർക്കും അനുഭവസിദ്ധമായ ഒരു പരമാർത്ഥമാണ്. പാരായണയോഗ്യങ്ങളായ ലേഖനങ്ങൾ സമ്പാദിക്കുന്നതിനും വരിക്കാരിൽനിന്നും വരിപ്പണം പിരിക്കുന്നതിനും ഉള്ള പ്രയാസം പറഞ്ഞറിയിക്കുന്നതിനേക്കാൾ ഊഹിച്ചറിയുന്നതാണല്ലോ എളുപ്പം. ഈ വിഷയങ്ങളിൽ ഞങ്ങൾ നിർന്നിമേഷചക്ഷുസ്സുകളായിരുന്നിട്ടും വിചാരിക്കുന്നതുപോലെ ഒന്നും സാധിക്കുന്നില്ല. എങ്കിലും ഞങ്ങൾ നിരാശപ്പെടുന്നില്ല. കാലക്രമംകൊണ്ട് ഈ വക ദുർഘടങ്ങൾ ഒക്കെയും നീങ്ങുമെന്നുതന്നെ വിശ്വസിക്കുന്നു. ഞങ്ങളുടെ പത്രബന്ധുക്കളും ലേഖകന്മാരും ഈ വസ്തുതയെ വേണ്ടവണ്ണംഗ്രഹിച്ച് ഞങ്ങളെ പൂർവ്വാധികം പ്രോത്സാഹിപ്പിക്കുമെന്ന ഞങ്ങൾക്കു പൂർണ്ണവിശ്വാസമുള്ളതുകൊണ്ടു ഞങ്ങൾ ഒട്ടും ഇച്ഛാഭംഗപ്പെടുന്നില്ല. വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിൽ നിന്നും ഞങ്ങൾക്ക് ഉദാരബുദ്ധ്യാ നൽകിവരുന്ന സഹായം മാസികയ്ക്ക് ഒരു താങ്ങാണെന്നും കൃതജ്ഞതാപൂർവ്വം ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. ഇവർക്കെല്ലാവർക്കും ഞങ്ങൾ ഒരു ശുഭവും ഭാസുരവും ആയ ഭാവിയെ പ്രതീക്ഷിക്കുന്നതു കൂടാതെ, അദ്ധ്യാപകന്മാരായ ഞങ്ങളുടെ ബന്ധുക്കൾക്കു വേതനവർദ്ധനരൂപേണ സൽഫലഭൂയിഷ്ഠമായ നവവത്സരത്തെ ആശംസിച്ചു കൊള്ളുന്നു. ഗുരുനാഥനും ഇക്കൊല്ലം പൂർവ്വാധികം പ്രചാരവും ഗുണപൗഷ്കല്യവും ലഭിക്കുമാറാകട്ടെയെന്നും പ്രാർത്ഥിച്ചുകൊള്ളുന്നു.

നാനാലേഖനസൂക്തിമാലകളണിഞ്ഞദ്ധ്യാപകന്മാർക്കുവി-<br>
ജ്ഞാനാനന്ദനവാശയാമൃതരസം ചേർത്തുള്ളിലാത്താദരം<br>
യൂനാമാശയപോഷണൈകരതരാമേഷാകരാംഭോരുഹേ<br>
നീണാളക്ഷയദീപ്തിപൂണ്ടു "ഗുരുനാഥാ"യം ഭൃശംഭാന താം.

# മലയാളസാഹിത്യവും തൽകർത്താക്കന്മാരും.

( സൂചനം )

(ആർ ഈശ്വരപിള്ള ബി. എ )

ഇതു് ഇരുപത്തേഴു് കൊല്ലം മുൻപു് "മലബാർ ക്വാർട്ടർലി റവ്യൂ" എന്ന പത്രഗ്രന്ഥത്തിൽ ഇംഗ്ലീഷിൽ എഴുതിയിരുന്ന ലേഖനപരമ്പരയുടെ തർജ്ജിമയാണു്. ഇന്നത്തെ ദൃഷ്ടിയിൽ ഇവ പക്ഷെ അല്പം ഹ്രസ്വങ്ങളും അപൂൎണ്ണങ്ങളുമായി കണ്ടേക്കാം. പല വിഷയത്തിലും അഭിപ്രായഭേദങ്ങളും ഉണ്ടായേക്കാം. അവടവിടെ അപൂൎവ്വമായി സ്ഖലിതങ്ങളും പക്ഷെ കണ്ടേക്കാം. ഇതെഴുതുന്ന കാലത്തു ലേഖകനു സാഹിത്യവിഷയത്തിൽ ഇന്നത്തെപ്പോലെയുള്ള അല്പജ്ഞാനം കൂടി ഇല്ലായിരുന്നു. അന്നു ഗവേഷണത്തിനുള്ള സൌകൎയ്യവും സമയവും കുറവായിരുന്നു. എന്നുതന്നെയുമല്ല, ലേഖനത്തിന്റെ ആരംഭത്തിൽ പറഞ്ഞിട്ടുള്ളപോലെ വിസ്തരിച്ചു് എഴുതണമെന്നുള്ള ഉദ്ദേശ്യവും അന്നു ലേഖകനു് ഇല്ലായിരുന്നു. തന്റെ കൃത്യത്തിരക്കിൽ ഇതു സാദ്ധ്യവും അല്ലായിരുന്നു. ഈ ലേഖനം ഒരു മാന്യസ്നേഹിതന്റെ നിർബ്ബന്ധം നിമിത്തം എഴുതിയതുമാണു്. ഇതെല്ലാം കൊണ്ടു് ഈ ലേഖനങ്ങൾ ഭാഷാസാഹിത്യത്തിൽകൂടി കേവലം ദ്രുതഗതിയിലുള്ള ഒരു "ദൃഷ്ടിയോട്ടം" മാത്രമാണെന്നു വായനക്കാർ ഗ്രഹിക്കേണമെന്നു് അപേക്ഷിക്കുന്നു. ഈ ലേഖനങ്ങളെ അതേരൂപത്തിൽ തന്നെ തർജ്ജിമ ചെയ്യണമെന്നു പല സ്നേഹിതന്മാരും പലപ്പോഴും ആവശ്യപ്പെട്ടിട്ടും ആ കൃത്യം ഓരോ ഒഴിവുകഴിവു പറഞ്ഞു നീക്കിവെയ്ക്കുകയാണു് ഇതേവരെ ചെയ്തിട്ടുള്ളതു്. ഇനി ഈ മാതിരി "ദീൎഘസൂത്രത" ഉചിതമല്ലെന്നു വിചാരിച്ചു് ഇപ്പോൾ തർജ്ജിമയാരംഭിച്ചിരിക്കയാണു്. ലേഖനങ്ങൾ തുടർന്നു പൂൎത്തിയാക്കുന്നതിനു ലേഖകന്റെ അക്കാലത്തുണ്ടായിട്ടുള്ള സ്ഥലംമാററവും ജോലിമാററവും പ്രതിബന്ധങ്ങളായിതീൎന്നതിനാലും പത്രിക തന്നെ നിന്നുപോയതിനാലും സാധിക്കാതെയാണു വന്നതു്. അതുകൊണ്ടു മലയാളസാഹിത്യത്തിന്റെ എത്രയോ തുച്ഛമായ ഒരു ഭാഗം മാത്രമെ ഈ ലേഖനങ്ങൾ സ്പൎശിക്കുന്നുള്ളു. ഇതിൽ ഉൾപ്പെട്ടിട്ടുള്ള സാഹിത്യകാരന്മാരുടെ ചിത്രംതന്നെ ബാഹ്യരേഖയിൽ സാംഗമല്ലാതെ മാത്രമെ വരച്ചുകാണിക്കാൻ സാധിച്ചിട്ടുള്ളു. എന്നാൽ അവരുടെ ഭാഷാരീതിയിലും വാസനയിലും സ്വഭാവത്തിലും സ്ഫുടിതങ്ങളായി നില്ക്കുന്ന അംശങ്ങളെ തീരെ വിട്ടുകള

ഞ്ഞിട്ടുമില്ല. ലേഖകന്റെ ഇദംപ്രഥമമായ സാഹിത്യപ്രസ്ഥാനം ഇതാണെന്നും കൂടി പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഇങ്ങിനെയൊക്കെ ഇരുന്നാലും ഈ ലേഖനങ്ങൾ പുറപ്പെട്ടകാലത്തു് അവയ്ക്കു പല സഹൃദയന്മാരിൽനിന്നും സ്വാഗതം ലഭിച്ചിട്ടുണ്ട്. വായനക്കാൎക്കുണ്ടായേക്കാവുന്ന സംശയങ്ങളുടേയും ജിജ്ഞാസയുടേയും നിവൎത്തിക്കായികൊണ്ടു മാത്രം ഇത്രയും പറയുന്നതിനിടയായതാണ്.

ഗവേഷണോത്സുകയായ ബുദ്ധിക്ക്, ആലോചനയ്ക്കും പരിശോധനയ്ക്കും കേരളം സുവിസ്തൃതമായ അവസരം നൽകുന്നുണ്ട്. അതിലെ ജനങ്ങളും ആചാരങ്ങളും നിയമങ്ങളും ഭാഷയും എന്നുവേണ്ടാ, അവിടത്തെ ഉത്ഭിജങ്ങളും തിൎയ്യഗ്ജാതികളും കൂടി വിശേഷങ്ങളും സാധാരണങ്ങളും എന്നാൽ ജിജ്ഞാസുക്കൾക്ക് ആകൎഷണീയങ്ങളും ആയ പല സ്വഭാവവൈചിത്ര്യങ്ങളും വഹിക്കുന്നുണ്ട്. അതിനുംപുറമെ ഈ മനോഹരമായ നാടിനെ സംബന്ധിച്ചുള്ള എല്ലാ പ്രതിപാദ്യവിഷയങ്ങളും ഒരു സന്ദേഹരൂപമായ നിഴലിനാലും മായാമയമായ ആവരണത്താലും മറക്കപ്പെട്ടുമിരിക്കുന്നു. ഐതിഹ്യം ആരോപിക്കുന്ന അത്ഭുതകരവും ദൈവികവുമായ അതിന്റെ ഉത്ഭവംതന്നെ അതിനെ ആവരണംചെയ്യുന്ന സ്വതേയുള്ള രഹസ്യത്തെ പൂൎവ്വാധികം വൎദ്ധിപ്പിക്കുന്നതിനു സഹായിക്കുന്നു. വാസ്തവങ്ങളൊ ഊഹങ്ങളൊ ഏതാണ് അധികമായിരിക്കുന്നതെന്നു നിൎണ്ണയിപ്പാൻ പ്രയാസമായിട്ടുള്ള ഒരുതരം ഐതിഹ്യസമൂഹങ്ങളാണ് അതിന്റെ ഇന്നത്തെ ചരിത്രമായി ഗണിക്കപ്പെടുന്നത്. അപരിഷ്കൃതവും പുരാതനവുമായ സാമുദായസ്ഥിതിക്കനുരൂപമായുള്ള ഏൎപ്പാടുകൾ പലതും അവയുടെ ആവശ്യം വളരെ മുൻപുതന്നെ കഴിഞ്ഞുപോയി എങ്കിലും ഇപ്പോഴും അവയുടെ ആരംഭഘട്ടത്തിലെ പ്രാകൃതസ്ഥിതിയിൽ തന്നെ നിലനിന്നുവരുന്നു. എന്നാൽ പരിശോധനാശീലവും ഗവേഷണബുദ്ധിയും സൎവ്വത്രശക്തിയുക്തമായി പ്രവൎത്തിക്കുന്നതും, പുരാതനങ്ങളായ എല്ലാ ഏൎപ്പാടുകളും ആചാരങ്ങളും ഐതിഹ്യങ്ങളും സൂക്ഷ്മബുദ്ധ്യാ വിമൎശനം ചെയ്യപ്പെടുന്നതും, മനുഷ്യരുടെ ഉള്ളിൽ യുക്തി ഏകഛത്രാധിപത്യം വഹിക്കുന്നതുമായ ഇക്കാലത്തു് മേൽപറഞ്ഞ സന്ദിഗ്ദ്ധാവസ്ഥക്ക് അല്പം പോലും നീണ്ടുനില്ക്കുവാൻ ഇനി തരമില്ല. അതുകൊണ്ട് ഈ പാദവാൎഷികപത്രത്തിന്റെ പ്രാദുൎഭാവം കാലത്തിനൊത്ത ഒരു ചിഹ്നം തന്നെയാണ്. ഈ നാടിനോടും ജനങ്ങളോടും യഥാൎത്ഥമായ പ്രതിപത്തിയുള്ള എല്ലാവരും ഈ രാജ്യത്തെ സംബന്ധിച്ചുള്ള പ്രധാന പ്രശ്നങ്ങളുടെ പ്രതിപാദനം, വ്യാഖ്യാനം, സൂക്ഷ്മഗ്രഹണം ഇവയെ തന്നെ സ്വകൃത്യമായി വരിച്ചിട്ടുള്ള ഈ പത്രഗ്രന്ഥത്തിന്റെ കാലോ

ചിതമായ ആവിൎഭാവത്തെ സ്വാഗതപൂൎവ്വം ആദരിക്കുമെന്നുള്ളതിനു തൎക്കമില്ല.

ഈ പത്രഗ്രന്ഥത്തിൻെറ മുൻലക്കങ്ങളിൽ കേരളത്തെ സംബന്ധിക്കുന്ന പല പ്രധാന വിഷയങ്ങളും സുസമ്മതന്മാരായ വിദ്വാന്മാരാലും യോഗ്യന്മാരാലും പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് അല്പമായ ശങ്കയോടും അനല്പമായസങ്കോചത്തോടും കൂടിയാണ് ഞാൻ ഈ കേദാരത്തിൽ കാൽ വെയ്ക്കാൻ തുനിയുന്നത്. ഞാൻ ഒന്നുരണ്ടു വാക്കു പറയാമെന്നു വിചാരിച്ചു വരിച്ചിരിക്കുന്ന വിഷയം എന്നെക്കാൾ സമൎത്ഥന്മാരായ മഹാന്മാരാൽ പ്രതിപാദിക്കപ്പെടുന്നതിന് അൎഹതയുള്ളതായ "മലയാളസാഹിത്യം" എന്നുള്ളതുതന്നെയാണ്. ഈ വിഷയം തിരഞ്ഞെടുക്കുന്നതിനു എന്നെ പ്രേരിപ്പിച്ചതു അതിനെ യഥാൎത്ഥം പ്രതിപാദിക്കുന്നതിന് എനിക്കു ശേഷിയുണ്ടെന്നുള്ള ആത്മവിശ്വാസമല്ല. എനിക്കീവിഷയത്തിലുള്ള താല്പൎയ്യം ഒന്നു മാത്രമാണ്. അതിനാൽ മലയാളസാഹിത്യത്തിൻെറ സുവിസ്തൃതമായ ഒരു ചരിത്രം നല്കുന്നതിനു ഞാൻ ഒരുക്കമില്ലെന്നു ആരംഭത്തിൽ തന്നെ പറഞ്ഞുകൊള്ളുന്നു. എന്നാൽ ഈ സാഹിത്യശാലേയത്തേ ഏറെക്കുറെ ഉപരിപ്ലവമായി പൎയ്യവേക്ഷണം ചെയ്യുന്നതിനും അതിൻെറ യഥാൎത്ഥമായ പോഷണത്തിനും വികാസത്തിനും സഹായിച്ചിട്ടുള്ളവരും തന്മൂലം "മലയാള സാഹിത്യകൎത്താക്കന്മാർ" എന്ന നാമത്തിനു വാസ്തവത്തിൽ അൎഹന്മാരുമായ പ്രവൎത്തകന്മാരെ ചൂണ്ടികാണിക്കുന്നതിനും മാത്രമെ വിചാരിക്കുന്നുള്ളു.

കേരളം ഐശ്വൎയ്യവും സമൃദ്ധിയുമുള്ള ദേശമാണെന്നു മുമ്പേതന്നെ പ്രസിദ്ധമാണല്ലൊ. മററുവിഷയങ്ങളിൽ ഇതു് എത്രതന്നെ വാസ്തവമായരുന്നാലും ഭാഷാസാഹിത്യത്തെ സംബന്ധിച്ചു ഈ സമൃദ്ധി അതിൻെറ അഭാവംകൊണ്ടാണു ശോഭിക്കുന്നതു്. ഇടക്കാലം വരെയ്ക്കും അപൂൎവ്വം ചില കൃതികളല്ലാതെ സാഹിത്യംഎന്നപേരിന്നെ അൎഹിക്കുന്നതായി വല്ലതും ഉണ്ടായിരുന്നൊ എന്നു സംശയമാണ്. എണ്ണത്തിലും തരത്തിലും മലയാളസാഹിത്യം വളരെ ദാരിദ്ര്യാവസ്ഥയിലായിരുന്നു. ഈ സാഹിത്യദാരിദ്ര്യത്തിൻെറയും ഭാഷയുടെ ഈ വന്ധ്യതയുടേയും കാരണങ്ങളെ ഗവേഷണം ചെയ്യുന്നതു രസാവഹമായിരിക്കും. രാജ്യത്തിൽ ഇടയ്ക്കിടയ്ക്കുള്ള കലഹങ്ങളും ഭാഷയുടെ അപരിഷ്കൃതസ്ഥിതിയും വിദ്വാന്മാരുടേയും സ്വസ്ഥവൃത്തിയിലിരിക്കുന്നവരുടേയും അഭാവവും ഭാഷയെക്കുറിച്ചു പ്രഭുക്കന്മാൎക്കും മററുമുണ്ടായിരുന്ന അവജ്ഞയും സംസ്കൃതസാഹിത്യത്തിലേക്കുള്ള പ്രവേശനനിരോധനവും ഈ വിഷയത്തിലുള്ള പ്രോത്സാഹനക്കുറവും ചില വൎഗ്ഗക്കാരുടെ പ്രത്യ

ക്ഷമായ വിരോധവും മററും ഈ സാഹിത്യക്ഷാമത്തിനുള്ള ചില കാരണങ്ങളായിരിക്കാം.

കേരളത്തിൽ ആദ്യം പ്രവേശിച്ചതും കുടിപാർത്തുതുടങ്ങിയതും നായന്മാരാണെന്ന് ഇപ്പോൾ സമ്മതിക്കപ്പെട്ടിട്ടുള്ള ഒരു കാര്യമാണ്. അവരുടെ ആദ്യത്തെ വാസസ്ഥലം എവിടെത്തന്നെയായിരുന്നാലും അവർ കേരളത്തിൽ പ്രവേശിച്ചതു നേരിട്ട് തമിഴ്നാട്ടിൽനിന്നും ആണെന്നും അവർ തമിഴൊ അതിനോടു സംബന്ധമുള്ളതൊ ആയ ഒരു ഭാഷയേയും കൂടി കേരളത്തിലേക്കു കൊണ്ടുപോന്നുവെന്നും കാണുന്നു. ഇങ്ങിനെ ഒരഭിപ്രായം പുറപ്പെടുവിക്കുന്നതിൽ ഇതിനു നേരെ വിപരീതവാദം പുറപ്പെടുവിച്ചിട്ടുള്ള പണ്ഡിതന്മാരുടെ ആസ്കന്ദനത്തിനു ഞാൻ ലാക്കായിത്തീരേണ്ടിവരുമെന്ന് എനിക്കറിയാം. എന്നാൽ ഈ വിഷയത്തിൽ ഭിന്നാഭിപ്രായങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നവരിൽ ഏതെങ്കിലും ഒരു ഭാഗത്തു ചേരുകയൊ എതിർഭാഗത്തോടു ശഠിക്കുകയൊ ചെയ്യണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഭാഷ നല്കുന്ന തെളിവുതന്നെ ഞാൻ പുറപ്പെടുവിച്ച അഭിപ്രായത്തിനാണ് അധികം സംഭാവ്യതയുള്ളതെന്നു ബോദ്ധ്യപ്പെടുത്തുന്നുണ്ടെന്നു മാത്രം പറഞ്ഞു തൃപ്തിപ്പെട്ടുകൊള്ളുന്നു. അവിതർക്കിതമായ തെളിവു മൂലം ലേഖകൻ അവലംബിച്ചിരിക്കുന്ന നില സുരക്ഷിതമല്ലെന്നു തെളിയിക്കുന്നതുവരെ ആ സ്ഥാനത്തെ ഉപേക്ഷിക്കേണ്ട ആവശ്യമുണ്ടെന്ന് എനിക്കു തോന്നുന്നില്ല. നായന്മാർ പ്രശാന്തമായ സാഹിത്യസേവനത്തിൽ അഭിരുചി കുറഞ്ഞ ഒരു സാംയുഗീന വംശ്യന്മാരായിരുന്നുവെന്നു പല വിവരണങ്ങളിൽ നിന്നും നമുക്കു മനസ്സിലാക്കാം. അവരുടെ ദൃഷ്ടിയിൽ ഖഡ്ഗത്തിനാണു തൂലികയെക്കാൾ ശക്തി കൂടിയിരുന്നതു്. അവർ കളരികളിൽ യുദ്ധവിദഗ്ദ്ധന്മാരായ പണിക്കന്മാരുടെ കീഴിൽ ആയുധാഭ്യാസവും യുദ്ധമുറകളും ശീലിച്ചുവന്നു. അവർ ഖഡ്ഗപാണികളും കാഴ്ചയിലും സ്വഭാവത്തിലും ശൂരന്മാരും, മേൽമീശയും മുടിയും വളർത്തിയിരുന്നവരുമായിരുന്നു. അവർ അന്യോന്യം കലഹിച്ചുകൊണ്ടിരുന്ന ദേശാധിപതികളുടെ കീഴിൽ ഭടന്മാരായി ചേർന്നു സദാ യുദ്ധം ചെയ്തുവന്നു.

ഇതിനും പുറമെ അവൎക്കു കേരളത്തിലെ ആദിമനിവാസികളുമായി യുദ്ധം ചെയ്ത് അവരെ കീഴടക്കേണ്ട ചുമതലയും ഉണ്ടായിരുന്നു. ഇപ്രകാരം വർത്തിച്ചിരുന്ന ഒരു കൂട്ടൎക്കു മനസ്സുണ്ടായിരുന്നാൽ തന്നെയും പൌരുഷം കുറഞ്ഞതെന്നു വിചാരിക്കപ്പെട്ടിരുന്നതും മൃദുലവുമായ സാഹിത്യവിഷയത്തിൽ പ്രവേശിക്കുന്നതിന് ഒട്ടും തന്നെ സമയം ഉണ്ടായിരിക്കാൻ തരമില്ലല്ലൊ. സാഹിത്യസേവനത്തിനു ധാരാളം വിശ്രമാവസരവും പാണ്ഡി

ത്യവും ഉള്ളവരും ഇതരവ്യാപാരഹീനന്മാരുമായ ഒരു തരം ആളുകൾ അത്യാവശ്യമാണല്ലൊ. എന്നാൽ ഇപ്രകാരമുള്ള ആളുകൾ മുൻവിവരിച്ച സമുദായ സ്ഥിതിക്ക് ഉണ്ടാവുക എന്നുള്ളതു തീരെ സംഭാവ്യമല്ല. ഇതു കൂടാതെയും നായന്മാരുടെ പൂർവ്വന്മാർ കേരളത്തിലേക്കു പ്രവേശിച്ചപ്പോൾ സ്വതന്ത്രമായ യാതൊരു സാഹിത്യവും കൊണ്ടുപോന്നതായി കാണുന്നില്ല. അങ്ങിനെ വല്ലതും ഉണ്ടായിരുന്നുവെങ്കിൽ അവർ അതിനെ സാമ്യം സൂക്ഷിക്കയും അവ പാരമ്പര്യവഴി നമുക്ക് സിദ്ധിക്കയും ചെയ്യുമായിരുന്നു. ഇതിനുള്ള കാരണം കേരളത്തിൽ പ്രവേശിച്ചവർ പ്രായേണ അഭ്യസ്തവിദ്യന്മാരിൽ നിന്നല്ല സാംയുഗീനവർഗ്ഗത്തിൽ നിന്നാണ് ആനയിക്കപ്പെട്ടതെന്നുള്ളതാണ്. ഇവർ സ്വദേശവുമായുള്ള ദീർഘകാലത്തെ വിയോഗം നിമിത്തം സ്വഭാഷയോടും, ഭാഷാസാഹിത്യത്തോടും നിശ്ശേഷം സ്പർശം ഇല്ലാതായിത്തീർന്നു. ഭാഷതന്നെയും അതിൻെറ സുസ്ഥിരസ്ഥാനത്തിൽ നിന്നും ദൂരീകരിക്കപ്പെട്ടതിനാൽ സ്വല്പകാലത്തേക്കു വർദ്ധനവില്ലാതെ മുരണ്ട് ഇരുന്നിരിക്കണം. ക്രമേണ പുതിയതായ പരിതസ്ഥിതിയ്ക്കനുരൂപവും എന്നാൽ പൂർവ്വഭാഷയുടെ സ്വഭാവത്തിനു വിപരീതവും ആയ പല മാററങ്ങളും അതിനു സംഭവിച്ചിരിക്കാം.

മലയാളഭാഷയുടെ വർദ്ധനയ്ക്കും വികാസത്തിനും ഏററക്കുറെ ബാധകമായ മറെറാരു പ്രധാന സംഗതിയും നാം പരിഗണിക്കേണ്ടതായുണ്ട്. നമ്പൂരി ബ്രാഹ്മണരുടെ ഉത്തരഇൻഡ്യയിൽ നിന്നുമുള്ള ആഗമനം മറെറാരു പുതിയ വിപരീതശക്തിയെ രാജ്യത്തിലേക്ക് ആവാഹിക്കയും അതു തല്ക്കാലം ഭാഷയുടെ സ്വച്ഛന്ദവളർച്ചയ്ക്ക് ഒരു പ്രതിബന്ധമായി തീരുകയും ചെയ്തു. അവർ സംസ്കൃതസാഹിത്യവും ഭാഷയും അവരുടെ കൂടെ കൊണ്ടുവന്നു. തന്മൂലം അവർ മലയാളഭാഷയെ ഉദാസീനനിലയിലൊ പക്ഷെ ഗർഹണഭാവത്തിലൊ വീക്ഷിക്കുന്നതു് ഏററക്കുറെ സഹജമാണല്ലൊ. അല്പകാലത്തേയ്ക്ക് അവർ നായന്മാരിൽ നിന്ന് അകന്നു നിന്നിരുന്നു. നായന്മാർ അവരെയും അവിശ്വാസബുദ്ധ്യാ വീക്ഷിച്ചു വന്നു. എന്നാൽ കാലക്രമംകൊണ്ട് ഇതരവർഗ്ഗക്കാരെ സ്വാധീനപ്പെടുത്തുന്നതിനും സ്വസമുദായാംഗങ്ങളാക്കുന്നതിനും ആര്യന്മാർക്കു സഹജമായുള്ള സാമർത്ഥ്യം കൊണ്ടൊ അവരുടെ വൈദിക നിലകൊണ്ടൊ അഥവാ വിജയം കൊണ്ടൊ നമ്പൂരിമാർ നായന്മാരുടെ മേൽ അധികാരം സമ്പാദിക്കയും ഭൂസ്വാമികളായി തീരുകയും ചെയ്തു. അവരുടെ കീഴിലുള്ള വർഗ്ഗക്കാരെ ഇന്ന് ഊഹിക്കാൻ സാധിക്കാത്ത വിധം വശംവദരാക്കുകയും ചെയ്തു.

എന്നാൽ നമ്പൂരിമാരും നായന്മാരും കാലക്രമംകൊണ്ട് അന്യോന്യം മൈത്രീഭാവത്തിലും സമാധാനത്തിലും ജീവിക്കാൻ ശീലിച്ചുവെങ്കിലും

ഒടുവിൽ പറഞ്ഞവരുടെ അശുഭദൃഷ്ടിയിൽ നിന്നും മലിനസ്പർശത്തിൽ നിന്നും സംസ്കൃത സാരസ്വതഗേഹത്തിന്റെ ദ്വാരം കാത്തിരുന്ന മുൻപറഞ്ഞവരുടെ തീക്ഷ്ണതയ്ക്കു് ലേശം പോലും കുറവുണ്ടായില്ല. ഇപ്രകാരം സമ്പൽസമൃദ്ധിയുള്ളതും വിശിഷ്ടവുമായ സംസ്കൃതഭാഷയും ഭാരതത്തിലെ നാട്ടുഭാഷകൾക്കെല്ലാം പോഷകാംശം നല്കിവന്നിരുന്ന സാഹിത്യ സ്വാപതേയവും അവക്കു തല്ക്കാലം ദുഷ്പ്രാപ്യമായിത്തന്നെ ഇരുന്നു.

ഇതരജാതിയിലുള്ളവക്കു പഠിക്കുന്നതിന് അർഹതയില്ലെന്നു വിധിക്കപ്പെട്ടിരുന്ന വേദങ്ങളും മററു മാഹാത്മ്യമുള്ള കൃതികളും സംസ്കൃതഭാഷയിലായിരുന്നതുകൊണ്ട് ആ ഭാഷയിലെഴുതപ്പെട്ടവയെല്ലാം തന്നെ പരിശുദ്ധങ്ങളാണെന്നു വിധിക്കപ്പെടുകയും അവയിലേയ്ക്കു് ദ്വിജന്മാക്കൊഴിച്ചു മററെല്ലാവക്കും പ്രവേശനം നിഷേധിക്കപ്പെടുകയും ചെയ്തിരുന്നു. എന്നാൽ നമ്പൂരിമാക്കു കാലക്രമേണ എല്ലാ കാര്യങ്ങളും നായന്മാരെക്കൊണ്ടു സാധിക്കേണ്ടിയിരുന്നതിനാലും നായന്മാരുമായിട്ടു മററു വിധത്തിൽ ബന്ധം സ്വീകരിച്ചു തുടങ്ങിയിരുന്നതിനാലും അന്യോന്യം അഭിപ്രായവിനിമയം ചെയ്യേണ്ട ആവശ്യം പൂർവ്വാധികം വർദ്ധിച്ചുവന്നു. അതുകൊണ്ട് അവരും താഴെയുള്ളവരും തമ്മിൽ വിചാരവിനിമയത്തിന് ഇതേവരെ അവഗണിക്കപ്പെട്ടിരുന്ന മലയാളഭാഷയെ സ്വീകരിക്കേണ്ട ആവശ്യം നേരിട്ടു. എന്നാൽ അന്യസ്പർശം അശുദ്ധമാക്കുമെന്ന് വിചാരിച്ചുവന്ന അവരുടെ ശ്രേഷ്ഠമായ സാഹിത്യഭാഷയായ സംസ്കൃതത്തെ ഒരുസങ്കേതസ്ഥലമായി വേലികെട്ടി അടച്ചിരുന്നു എങ്കിലും ഇവർ മലയാളഭാഷയിലേക്ക് അനേകം സംസ്കൃത പദങ്ങളെ ആവശ്യംപോലെ അവതരിപ്പിച്ച് അതിന്റെ വാക്ക് സമ്പത്തിനെ പുഷ്ടിപ്പെടുത്തി. എന്നാൽ ഭാഷയുടെ മൌലികസ്വഭാവം സ്ഥായിയായി തന്നെ നിന്നിരുന്നു. ഇപ്രകാരം ഭാഷയ്ക്കു് ഇന്നും നില നിന്നുവരുന്നതായ ഒരു നിലയും വിലയും സിദ്ധിച്ചു. ഇതു മുതല്ക്കു ഭാഷ നിർവ്വിഘ്നം വളരുകയും തദ്വാരാ സാഹിത്യത്തിന്റെ ഉത്ഭവത്തിനും വർദ്ധനയ്ക്കും മാർഗ്ഗം സജ്ജമാകുകയും ചെയ്തു. ഇതു കൂടാതെ അതിന്റെ പോഷണത്തിനു സഹായിച്ച മററു സംഗതികളും ഉണ്ടായിരുന്നു. നമ്പൂരിമാരും കീഴിലുള്ളവരും തമ്മിൽ ഉള്ള സംസർഗ്ഗം വർദ്ധിച്ചു വന്നതോടുകൂടി സംസ്കൃതസാഹിത്യം അവക്കു നോക്കിക്കൂടാ എന്നുണ്ടായിരുന്ന ദൃഢനിർബ്ബന്ധം ക്രമേണ സ്രസ്തമായിത്തുടങ്ങി. ആദ്യം മതവുമായിട്ടു പ്രത്യക്ഷസംബന്ധമില്ലാത്തതായ ആയുർവേദം, ജ്യോതിഷം, വ്യാകരണം മുതലായ ഗ്രന്ഥങ്ങൾ ജാതിമുറയിൽ നമ്പൂരിമാക്കും, നായന്മാക്കും, മദ്ധ്യത്തിലുംഅവരോടടുത്തും സ്ഥിതിചെയ്തിരുന്ന അമ്പലവാസികൾക്കും മററും നോക്കുകയും പഠിക്കയും ചെയ്യാമെന്ന് ഒരു അനുവാദം ഉണ്ടായി. ഇവരിൽ നിന്നും ഈ വിഷയങ്ങളെക്കുറിച്ചുള്ള ജ്ഞാനം അല്പാല്പമായി താഴെയുള്ളവക്കും ലഭിച്ചു

തുടങ്ങി. ഇപ്രകാരം വളരെക്കാലം അസൂയാപൂർവം രക്ഷിച്ചുവന്നപ്രാകാരം ഭേദിക്കപ്പെട്ടുകയും കാവ്യം, ശാസ്ത്രം, വേദം മുതലായവിവിധ വിഭവസമ്പന്നയായ വിശാലമായ സംസ്കൃത സാഹിത്യകേദാരം അതിൻെറ അനന്തരാമണീയകത്വത്തോടും കൂടി അവരുടെ മുമ്പിൽ പരന്നുകിടക്കുന്നതുമായി കാണപ്പെട്ടു.

ഒരു രാജ്യത്തിലെ സാഹിത്യം അതിലുള്ള ജനങ്ങളുടെ ചിന്താഗതികളേയും, വികാരങ്ങളേയും, അഭിരുചികളേയും, ശീലങ്ങളേയും, അവർ പ്രാപിച്ചിട്ടുള്ള പരിഷ്കാരഘട്ടത്തേയും, അവരുടെ ബുദ്ധിയുടെ വളച്ച്യേയും വികാസത്തേയും ഏറ്റക്കുറെ പ്രതിബിംബിക്കുന്നതാണ്. എന്നാൽ നിർഭാഗ്യവശാൽ നമ്മുടെ നാട്ടിനെ സംബന്ധിച്ചിടത്തോളം ഈ വക സംഗതികളെ പററി ഒരു ശരിയായ അനുമാനത്തെ അവലംബിക്കുന്നതിനു ഉതകുന്നതായ ആദി കാവ്യങ്ങൾ വളരെ അപൂർവമാണ്. മലയാള ഭാഷയിലുള്ള പ്രധാന കൃതികൾ സംസ്കൃതഗ്രന്ഥങ്ങളുടെ തർജ്ജിമകളൊ, പരിഭാഷകളൊ, സംക്ഷേപങ്ങളൊ ആണ്. അല്ലെങ്കിൽ അവയിലെ പ്രതിപാദ്യവിഷയങ്ങൾ സംസ്കൃതഗ്രന്ഥങ്ങളിൽ നിന്നും എടുത്തിട്ടുള്ളവയായിരിക്കും. മലയാള ഭാഷയിൽ ആദ്യമായി ഉത്ഭവിച്ച സാഹിത്യങ്ങൾ പാട്ടുകളാണ്. നമ്മുടെ ചിന്തകളും വികാരങ്ങളും ആദ്യമായി ഉള്ളിൽനിന്നും നിർഗ്ഗമിക്കുന്നതു പദ്യരൂപത്തിലാണെന്നുള്ളതു് ഒരു സുപ്രസിദ്ധമായ സംഗതിയാണ്. മനുഷ്യസമുദായത്തിൻെറ ശൈശവാവസ്ഥയിൽ വ്യക്തികളുടെ ശൈശവാവസ്ഥയിലെന്നപോലെ വികാരാംശമാണ് മനസ്സിൽ അധികം ശക്തിമത്തായി നില്ക്കുന്നതു്. തീക്ഷ്ണവികാരങ്ങളുടെ പ്രകടനത്തിനു സുസ്ഥിരവും ശാന്തവു മായ ഗദ്യരീതി ഒട്ടും യോജിക്കുന്നതല്ല. നേരെ മറിച്ച് പദ്യങ്ങളും പാട്ടുകളും നമ്മുടെ മനോ വികാരങ്ങളുടെ നിരർഗ്ഗളവും നൈസർഗ്ഗികവും ആയ പ്രകടനത്തിനു ഏററവും യോജിച്ചതുമാണ്. ആവ അവയുടെ വൃത്തമാത്രാദികൾ കൊണ്ടും ശബ്ദമാധുര്യം കൊണ്ടും മനുഷ്യഹൃദയത്തെ ആനന്ദിപ്പിക്കുന്നതിനും ഉജ്ജീവിപ്പിക്കുന്നതിനും ഉയർത്തുന്നതിനും ഉപയുക്തമായി ഭവിക്കുന്നു. മലയാള ഭാഷയിൽ ഇത്തരം പാട്ടുകൾ പ്രത്യേകിച്ചും മതസംബന്ധമായവ ഒട്ടനേകം ഉണ്ട്. ഇവ ഭാഷ അലിഖിത ഘട്ടത്തിൽ നിന്നും ലിഖിത ഘട്ടത്തിലേക്കു കടക്കുന്നതിനു മുൻപ് അതിൻെറ അപരിഷ്കൃതാവസ്ഥയിൽ ഉത്ഭവിച്ചിട്ടുള്ളവയായിരിക്കണം. ഇവയുടെ കർത്തൃത്വം ഗാഢാന്ധകാരത്തിൽ ലയിച്ചു കിടക്കുകയാണ്.

ഏതായാലും കൊല്ലവർഷാരംഭം വരെയ്ക്കു മലയാളഭാഷയിൽ സാഹിത്യമെന്നു ശരിയായി ഗണിക്കാവുന്നതായി ഒന്നും ഉത്ഭവിച്ചിട്ടില്ല. പക്ഷെ നായന്മാർ ക്രിസ്തുവിനു മൂന്നു ശതാബ്ദം മുമ്പുതന്നെ കേരളത്തിൽ പ്ര

വേശിച്ചതായി പറയപ്പെടുന്നുമുണ്ട്. ഇങ്ങിനെ സാഹിത്യവിഷയത്തിൽ ഒരു സുദീർഘമായ വിരാമവും സ്തംഭനവും ഉണ്ടായിരുന്നു. ഇതിനുള്ള കാരണങ്ങൾ മുൻപു പ്രസ്താവിച്ചവ തന്നെ ആയിരിക്കണം. മലയാളഭാഷയിൽ ആദ്യമായി നിർമ്മിക്കപ്പെട്ടകൃതി എന്താണെന്നു നിശ്ചയമായി അറിവാൻ നിവൃത്തിയില്ല. കൊല്ലവർഷം അഞ്ചാം ശതാബ്ദത്തിൽ "രാമചരിതം" എന്ന നാമധേയത്തിൽ തിരുവിതാംകൂറിലെ മഹാരാജാക്കന്മാരിൽ ഒരാൾ സാമാന്യം നല്ലതായ ഒരു സാഹിത്യ ഗ്രന്ഥം നിർമ്മിച്ചതായി സാധാരണ വിചാരിക്കപ്പെട്ടിരിക്കുന്നു. ഭാഷാചരിത്രത്തിൽ ഉദ്ധരിക്കപ്പെട്ടിട്ടുള്ള ഭാഗങ്ങളിൽ നിന്നും ഇതിൽ തമിഴ് വാക്കുകളും ശൈലികളും ധാരാളം ഉണ്ടെന്നും മലയാള ഭാഷയുടെ അപരിഷ്കൃത ഘട്ടത്തിലെഴുതിയിട്ടുള്ളതാണെന്നും കാണപ്പെടുന്നു. അതു ഇതേവരെ അച്ചടിക്കപ്പെടാത്തതു കൊണ്ടു ഏററക്കുറെ ദുഷ്പ്രാപ്യമായിട്ടാണിരിക്കുന്നതു്. † അതുകൊണ്ട് അതു അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്നതുവരെ അതിൻെറ ഗുണദോഷങ്ങളെ പററിയുള്ള അഭിപ്രായം തല്ക്കാലം നീക്കി വയ്ക്കേണ്ടതാണ്. ഏകദേശം ഇക്കാലത്തു തന്നെ ആയുർവേദത്തേയും ജ്യോതിഷത്തേയും സംബന്ധിച്ച ചില ഗ്രന്ഥങ്ങൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. ഈ സംഗതി സംസ്കൃത സാഹിത്യ ഖനിയിൽ കേരളീയർ പ്രവർത്തനം തുടങ്ങിയെന്നുള്ളതിനെ തെളിയിക്കുന്നു.

കൊല്ലവർഷം ആറാം ശതാബ്ദത്തിൻെറ ആരംഭത്തിൽ കേരളത്തിലെ സാഹിത്യ ചക്രവാളം കണ്ണശ്ശപ്പണിക്കർ എന്ന സാമാന്യം ഔജ്ജ്വല്യവും കാന്തിയുമുള്ള ഒരു നക്ഷത്രത്തിൻെറ ഉദയത്താൽ പ്രകാശമാനമായി ഭവിച്ചു. ഇദ്ദേഹത്തിൻെറ ഗൃഹം തിരുവിതാംകൂറിൽ തിരുവല്ലാ താലൂക്കിൽ നിരണം എന്ന സ്ഥലത്തായിരുന്നു. ഗൃഹമിരുന്ന സ്ഥലം കവിയുടെ നാമം വഹിച്ചു കണ്ണശ്ശൻപറമ്പ് എന്നുള്ള പേരിൽ ഇന്നും അവിടെ കാണ്മാനുണ്ട്. അദ്ദേഹത്തിൻെറ ജീവചരിത്രത്തെപ്പററി ഒന്നും തന്നെ വ്യക്തമായി അറിവാൻ പാടില്ല. എന്നാൽ അദ്ദേഹം ആ താലൂക്കിൽ ധനപുഷ്ടിയുള്ള ജന്മിമാരായ പോററിമാരുടെ ഒരു കുടിയാനവനായിരുന്നു എന്നും അദ്ദേഹത്തിന് തിരുവനന്തപുരത്തിനു സമീപം 'മലയിൻ കീഴ്' എന്ന സ്ഥലത്തു ഒരു ഗൃഹം ഉണ്ടായിരുന്നു എന്നും അവിടെ വച്ചാണ് അദ്ദേഹത്തിൻെറ കൃതികൾ എഴുതപ്പെട്ടതെന്നും അദ്ദേഹം അവിടെ നിന്നും തിരുവല്ലായിലേക്ക് പോകുന്ന വഴിക്കു വച്ചു യാദൃച്ഛികമായി മരിച്ചു എന്നും പറയപ്പെട്ടിരിന്നു. അദ്ദേഹത്തിൻെറ പ്രധാന കൃതികൾ രാമായണം-ഭാരതം-ഭാഗവതം-ബ്രഹ്മാണ്ഡപുരാണം ഇവയാകുന്നു. എന്നാൽ ഇ

† അടുത്തകാലത്തു അച്ചടിച്ചിട്ടുണ്ടു [ഗു: പ്രവർത്തകന്മാർ]

വയിൽ ഒന്നുംതന്നെ അച്ചടിക്കപ്പെട്ടിട്ടില്ല. * കൈയെഴുത്തുഗ്രന്ഥങ്ങൾ തന്നെ ഇപ്പോൾ വളരെ അപൂർവ്വവും അവയെ വായിക്കുന്നവർ ചുരുക്കവുമാണ്. ഇവയിലെ ഭാഷാരീതി സരളവും ലളിതവും എന്നാൽ പ്രൌഢവുമാണ്.

## ടി. ടി. സി. സാഹ്യം

### മനഃകണക്ക്

(ഡി. ഗോവിന്ദൻ കർത്താവ്)

മനഃകണക്കു പാഠങ്ങളുടെ പ്രാധാന്യവും, അതുകൊണ്ടുള്ള പ്രയോജനവും വെളിപ്പെടുത്തി ചില സൂചനകൾ കൊടുക്കയാകുന്നു ഈ ലേഖനത്തിൻെറ ഉദ്ദേശ്യം. ഒന്നുമുതൽ നാലു വരെ ക്ലാസുകളിലെ പാഠകാലവിവരപ്പട്ടികയിൽ മനഃകണക്കിനു പ്രത്യേക സമയം നിശ്ചയിച്ചിട്ടുള്ളതുകൊണ്ടും നാലാം ക്ലാസുവരെ പരീക്ഷക്കു മനഃകണക്കിൽ പ്രത്യേകം ചോദ്യക്കടലാസുള്ളതിനാലും ഈവിഷയത്തെ അപ്രധാനമായി ഗണിച്ചിട്ടില്ലെന്നു വിചാരിക്കാം. എന്നാൽ മനഃകണക്കിൻെറ പ്രാധാന്യം മിക്കവാറും അവഗണിച്ചാണു അധ്യാപനം നടക്കുന്നതെന്നു പറയാതിരിക്കാനും നിവൃത്തിയില്ല.

ലൌകികവ്യാപാരത്തിൽ അവശ്യവിജ്ഞേയമായ ഒന്നാണു കണക്കുകൂട്ടാനുള്ള പരിചയം. കച്ചവടക്കാർക്കും തൊഴിലാളികൾക്കും മുതലാളിമാർക്കും മററും കണക്കു പിഴക്കാതെ നോക്കേണ്ട ആവശ്യമുണ്ടല്ലൊ. വിദ്യാഭ്യാസംകൊണ്ടു സ്വകൃത്യനിർവ്വഹണപ്രാപ്തിയുണ്ടാവുകയാണു വേണ്ടതെന്നിരിക്കെ ലൌകികകാര്യങ്ങളിൽ വ്യാപൃതരായ സാധാരണ ജനങ്ങൾക്കു സ്വകൃത്യങ്ങളെ വിജയപൂർവ്വം നിർവ്വഹിക്കുന്നതിനു മനഃകണക്കിൽ വൈദഗ്ദ്ധ്യവും കൂടിയേ തീരൂ. കണക്കു കൂട്ടേണ്ട ആവശ്യം നേരിടുമ്പോഴൊക്കെ കടലാസൊ പെൻസിലൊ മററുപകരണങ്ങളൊ ലഭ്യമായില്ലെന്നു വരാം. അഥവാ എഴുതിക്കൂട്ടുന്നതിനു സമയവും സൌകര്യവുമുണ്ടാവാതെ പോവുന്നതും സാധാരണമാണ്. ഇങ്ങിനെയുള്ള ഘട്ടത്തിലാണു

* കണ്ണശ്ശരാമായണവും അച്ചടിച്ചിട്ടുണ്ടു.

മനഃകണക്കിൽ തുക കാണാനുള്ള പാടവത്തിൻെറ പ്രാധാന്യം വെളിപ്പെടുന്നതു്. ആധുനികപാഠശാലകളിലെ പരിഷ്കൃതരീതിയിലുള്ള അഭ്യസനം ലഭിക്കുവാനിടയാകാത്തവരും, എന്നാൽ "നിത്യത്തൊഴിലഭ്യാസം" എന്ന മട്ടിൽ പരിചയം സിദ്ധിച്ചവരുമായ ചില്ലറക്കച്ചവടക്കാൎക്കു് മനസ്സുകൊണ്ടു മാത്രം കണക്കു കൂട്ടുന്നതിൽ അസാമാന്യസാമൎത്ഥ്യം കണ്ടുവരുന്നുണ്ടു്. അടുത്തകാലത്തു സ്കൂൾ ലിവിംഗൊ സ്കൂൾ ഫൈനലൊ പരീക്ഷ കഴിഞ്ഞു പുറത്തിറങ്ങുന്നവൎക്കു ചില്ലറകണക്കുകൾ കൂട്ടുന്നതിനുകൂടി കടലാസും പെൻസിലും ഒട്ടധികം സമയവും വേണ്ടതായിട്ടാണു അറിയുന്നതു്. ചോതന 1ന് (ഒരു ചോതന 120 എണ്ണം) 5 രൂ 14 അ 6 പൈ വിലയാകെ 1530 നാളികേരത്തിനു വില കണക്കാക്കി കൊടുക്കാൻ ഈ നാട്ടിലെ ഒരു നാളികേരകച്ചവടക്കാരൻ അഞ്ചാം ഫാറത്തിൽ പഠിക്കുന്ന സ്വപുത്രനോടു പറകയുണ്ടായി. പുത്രൻ താഴെ കാണുംപ്രകാരം കണക്കുകൂട്ടി. 1350 നാളികേരം=12 3/4 ചോതന; ഒരു ചോതനക്കു വില 5 രൂ. 14അ. 6 പൈ =5 29/32 രൂ; ∴ 12 3/4 ചോതനക്കു വില = 5 29/32 രൂ × 12 3/4 =

$$\frac{189\times51}{32\times4}=\frac{9639}{128}=75\frac{39}{128}\text{ രൂ};\ \frac{39}{128}\times16=4\ 7/8\text{ അ};\ 7/8\times12=$$

21/2 പൈ; 75 രൂ. 4 അ 10 1/2 പൈ; ഇത്രയും കൂട്ടി പറയുന്നതിനു ആ വിദ്യാൎത്ഥിയ്ക്കു് അര ഷീറു കടലാസും അര മണിക്കൂർ സമയവും വേണ്ടിവന്നു. അതു മാത്രമല്ല, അര പൈ നാണയമില്ലാത്തതുകൊണ്ടു് എങ്ങിനെ കൊടുക്കേണ്ടു എന്നു് അന്ധാളിക്കയും ചെയ്തു. ഇതു കണ്ടു് മുഷിഞ്ഞ കച്ചവടക്കാരൻ "ഇപ്പോഴത്തെ പള്ളിക്കൂടത്തിലെ പഠിത്തം കടലാസിനു ചിലവു വരുത്താനും സമയം കൊല്ലാനും വഴക്കു കൂട്ടാനുമാണല്ലൊ" എന്നുപറഞ്ഞു പരിഹസിച്ചു. ഇതു കേവലം കെട്ടുകഥയല്ല. ഇതിൽ നിന്നും തെളിയുന്നതു് അത്യാവശ്യമായ കണക്കുകൾ കൂട്ടുന്നതിന് വിദ്യാൎത്ഥികളിൽ ഭൂരിപക്ഷവും അപ്രാപ്തരായി വരുന്നു എന്നുള്ളതാണു്. ഈ അപ്രാപ്തി പരിഹരിക്കേണ്ട ഭാരം മുഖ്യമായി പ്രൈമറി ക്ലാസ്സ് അദ്ധ്യാപകന്മാരിലത്രെ സ്ഥിതിചെയ്യുന്നതു്.

ഒന്നാംക്ലാസിൽ ൧൦൦-വരെ സംഖ്യകൊണ്ടുള്ള കൈകാര്യം മാത്രമല്ലെ ഉള്ളു. അവിടെ എഴുത്തുകണക്കെന്നും മനഃകണക്കെന്നും രണ്ടു വിഭാഗത്തിനുതന്നെ ആവശ്യമില്ല. എല്ലാം മനഃകണക്കായിത്തന്നെ പഠിക്കാം. അക്കങ്ങൾ എഴുതുന്നതിനുള്ള പരിചയം മാത്രമെ എഴുത്തു കണക്കു മൂലം വരുത്തേണ്ടു. രണ്ടാം ക്ലാസിലും എഴുത്തുകണക്കു കുറവും മനക്കണക്കു കൂടുതലുമായി പാഠം നടത്തുന്നതു നന്നായിരിക്കും. മൂന്നും നാലും ക്ലാസ്സുകളിൽ രണ്ടുതരത്തിലുള്ള കണക്കുകൾക്കും സമപ്രാധാന്യം കല്പിക്കാം. എഴുത്തുകണക്കു ചെയ്യുമ്പോഴും മനസ്സുകൊണ്ടു ചെയ്യാവുന്നതു് എഴുതാതെ ത

ന്നെ ചെയ്തു ഫലം കണ്ടെഴുതാൻ ശീലിപ്പിക്കണം. ഇതെല്ലാം അദ്ധ്യാപകന്മാക്ക് അറിവുള്ളവ തന്നെയെന്നിരുന്നാലും പ്രയോഗത്തിൽ വരുത്തുന്നില്ലെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. എഴുത്തുകണക്കുകൾക്ക് വഴിയും ക്രിയയും പ്രത്യേകം കാണിച്ചിരിക്കണമെന്നുള്ള നിർബ്ബന്ധം മനസ്സുകൊണ്ടു ക്രിയചെയ്യുന്നതിൽ വിദ്യാർത്ഥികളെ വിമുഖരാക്കുന്നു. അരിച്ചാക്കൊന്നിനു **12** രൂപ വീതം **144** രൂപയ്ക്കു എത്ര ചാക്ക് അരി കിട്ടുമെന്നു കാണേണ്ടതായി വരുമ്പോൾ, ക്രിയാകാലത്തിൽ $12 \,|\, \frac{144}{12}$ എന്നു എഴുതി കണ്ടില്ലെങ്കിൽ കോപിക്കുന്ന അദ്ധ്യാപകന്മാരെ തൃപ്തിപ്പെടുത്തേണ്ട ചുമതല വിദ്യാർത്ഥികൾക്കുണ്ടല്ലൊ. ഇത്യാദി മനസ്സുകൊണ്ടു മാത്രം ചെയ്യാവുന്ന ക്രിയകൾ എഴുതിചെയ്തു പരിശീലിക്കുന്ന വിദ്യാർത്ഥികൾ ഉയന്ന ക്ലാസിൽ വരുമ്പോൾ എഴുതിക്കുറിച്ചല്ലാതെ യാതൊരു ക്രിയയും മനസ്സുകൊണ്ടു ചെയ്യാൻ പ്രാപ്തരാവുന്നില്ല. ഉയന്ന ക്ലാസിലെ ചില അദ്ധ്യാപകന്മാർ മനസ്സുകൊണ്ടു ചെയ്യാവുന്ന ചില ക്രിയകൾ നോട്ടുബുക്കിൽ എഴുതികണ്ടാൽ കോപിച്ചേക്കുമായിരിക്കാം. അതിനുള്ള പരിഹാരമാഗ്ഗം വിദ്യാത്ഥികളുടെ കൈവശമുള്ള തുണ്ടുകടലാസാണ്. ഇങ്ങിനെ അദ്ധ്യാപകൻെറ കണ്ണിൽ മണ്ണിടുന്നതിനും മുൻപരിചയം മൂലം വിദ്യാർത്ഥികൾ നിർബ്ബന്ധിതരാവുന്നുണ്ട്.

ഓമ്മശക്തിയെ വദ്ധിപ്പിക്കുക, കണക്കു പാഠത്തിൻെറ പ്രധാനോദ്ദേശ്യമാണ്. ഏതാനും അക്കങ്ങളെയൊ സംഖ്യകളെയൊ ഒന്നായി മനസ്സിൽ നിറുത്തുവാനുള്ള പാടവം കുട്ടികൾക്കുണ്ടാവണം. അതിലേക്കു മനഃകണക്ക് എത്രയും ആവശ്യം തന്നെ. എഴുത്തുകണക്കിൽ മുഴുവൻ മാക്കു വാങ്ങിക്കുന്ന ചിലർ, മനഃകണക്കൊന്നും ചെയ്യാതിരിക്കുക സാധാരണമാണ്. അക്കങ്ങളെ മനസ്സിൽ നിറുത്തുവാനുള്ള അപാടവമണല്ലൊ ഇതിനു ഹേതു. മനഃകണക്കു ശരിയായി ചെയ്യുന്നവരിൽ എഴുത്തുകണക്കു തെറ്റുന്നവരുമുണ്ട്. എന്നാൽ ആദ്യം പറഞ്ഞ തരക്കാരാണധികം. രണ്ടാം തരക്കാർ ഓമ്മശക്തിയേറുന്ന നിശിതമതികളായിരിക്കും. മനസ്സിനെ ഏകാഗ്രമാക്കി നിറുത്തി ക്ഷമാഗുണം വദ്ധിപ്പിക്കുന്നതിനും മനഃകണക്ക് ഉപകരിക്കുന്നതാണ്.

മനക്കണക്കുപാഠം നടത്തുന്നതിൽ എഴുത്തുകണക്കു പഠിപ്പിക്കുന്നത്ര ഉത്സാഹം അദ്ധ്യാപകന്മാക്കു സാധാരണ കണ്ടുവരുന്നില്ല. എഴുത്തുകണക്കിൽ ഒരു മാതൃകാചോദ്യം ചെയ്തുകാണിക്കയും രണ്ടുമൂന്ന് അഭ്യസനചോദ്യം കൊടുക്കയും ചെയ്യുന്നതുകൊണ്ട് ഒരു പീരിയേഡ് സാമാന്യം മാനമായിത്തള്ളിനീക്കാം. അഭ്യസനചോദ്യം കുട്ടികൾ ചെയ്യുന്ന അവസരത്തിൽ വിശ്രമിക്കാനും സൌകര്യംകിട്ടും. ചോദ്യവും ഉത്തരവും കുറിച്ചി

ട്ടുള്ള നോട്ടുപുസ്തകമുണ്ടായാൽ പരിശോധിക്കാനും വിഷമമില്ല. അഥവാ പലക്കും ഒരുപോലെ കിട്ടിയിരിക്കുന്ന ഉത്തരം ശരിയാണെന്നു സമത്ഥിച്ചു കൃതാത്ഥനാവുകയും ചെയ്യാം. ഈ വിദ്യകളൊന്നും മനഃകണക്കിന് ഒക്കു മെന്നു തോന്നുന്നില്ല. ക്ലാസിനുചിതമായ ചോദ്യങ്ങളെ അദ്ധ്യാപകൻ നിമ്മിക്കണം. അവ അപ്രായോഗികമായിവരികയുമരുത്. കമ്പോളങ്ങളിലെ വിലകളുള്ള പദാത്ഥങ്ങളും, അവയുടെവിലയും, വില്പനയുടെരീതികളും, കുട്ടികൾക്കു വ്യാപാരകാര്യങ്ങളിലുള്ള പരിചയവുംമററും അദ്ധ്യാപകൻ സൂക്ഷിച്ചറിഞ്ഞിരിക്കണം. ഇവയെ കൂട്ടി ഘടിപ്പിച്ചും ഒരു പുതുമാതിരിയിലും വിധത്തിലും മനഃകണക്കു നിമ്മിക്കുന്നതിൽ സാമാന്യം പ്രയാസം അദ്ധ്യാപകനു നേരിട്ടേക്കാം. ചോദ്യത്തിനുത്തരം കാണാൻ കുട്ടികൾ ശ്രമിക്കുമ്പോൾ അദ്ധ്യാപകനും അവരോടൊപ്പം ശ്രമപ്പെടണം. എന്നാൽ ഈ സൊല്ലയൊന്നും മനഃകണക്കു വേണ്ടെന്നുവച്ചാൽ കൂടാതെ കഴിക്കാമെന്നു വിചാരിക്കുന്നുണ്ടെങ്കിൽ അതു തുലോം കഷ്ടമാണ്.

മനഃകണക്കു സമയത്ത് അപ്പോൾ തോന്നുന്ന കണക്കുചോദിക്കുന്നതുകൊണ്ടു വലിയപ്രയോജനമില്ല. രാമന് അയാളുടെ ൨൫-ാമത്തെവയസ്സിൽ ഒരു പുത്രനുണ്ടായി, മകനു ൨൦-വയസ്സാകുമ്പോൾ അഛന്റെ വയസ്സെത്ര? ഇത്യാദി ഒരുതരം മനഃകണക്കു സാധാരണ ചോദിച്ചു കേൾക്കാറുണ്ട്. വയസ്സു കണക്കുകൂട്ടുന്നതു പെൻഷ്യൻ അടുക്കുമ്പോഴൊ വിവാഹാവസരത്തിലൊ മററൊ അത്യാവശ്യമായി വന്നേക്കാമെന്നുള്ളതല്ലാതെ ബാലവിദ്യാത്ഥികളെ അതിനായി അധികം ബുദ്ധിമുട്ടിക്കേണ്ടതില്ലെന്നും അറിയാമല്ലൊ. പഴം, നാരങ്ങ, മാമ്പഴം മുതലായ ഫലങ്ങളും കളിപ്പാട്ടങ്ങളും കൊച്ചു കുട്ടികൾക്കു ഇഷ്ടമുള്ളവയാകയാൽ അവയെ അധികരിച്ചുള്ള മനഃകണക്കുകൾ അവക്ക് അധികം രസപ്രദമായിരിക്കും. ഒരു കുട്ടി ൧൫-മാമ്പഴം പെറുക്കി എടുത്തു; അയാളുടെ കൂട്ടുകാരൻ അതിൽ ൫-എണ്ണം കൂടുതൽ പെറുക്കി; രണ്ടുപേരുംകൂടി പെറുക്കിയ മാമ്പഴമെത്ര? ഇത്തരം ചോദ്യം കുറെ കൌതുകാവഹമായിരിക്കുമല്ലൊ. ചോദിക്കുന്ന മനഃകണക്കുകൾക്ക് ഒരു വൈചിത്ര്യം ഉണ്ടായിരിക്കണം. ആളുകളായാൽ രാമനും കൃഷ്ണനും, അല്ലെങ്കിൽ എയും ബിയും; വിക്രയ പദാത്ഥങ്ങൾ; പശു, കാള, കുതിര അപൂവം അരിച്ചാക്ക് ഇവയെയത്രെ മനഃകണക്കിന് ഉപകരണമായി മിക്കവാറും സ്വീകരിച്ചുവരുന്നത്. കുറെനാളാവുമ്പോൾ ഇതിൽ ഒരു മുഷിവ് അദ്ധ്യാപകനുമുണ്ടാവേണ്ടതാണ്. കുട്ടികളുടെ കാര്യം പറയാനുമില്ലല്ലൊ. കാൽ എണ്ണിക്കൂട്ടുന്ന വേറൊരു ജാതി മനഃകണക്കുണ്ട്. "ഒരാടിനും ഒരു മനുഷ്യനും ഒരു പശുവിനുംകൂടി കാൽ എത്ര?" ആടിന്റേയും പശുവിന്റേയും നടുക്കു നില്ക്കുന്ന മനുഷ്യന്റെ കഥ വിസ്മരി

ച്ചു, വ്വ നാഴിപാൽ എന്നൊരുകുട്ടി ഉത്തരംപറഞ്ഞ സന്ദർഭം ഈ ഘട്ടത്തിൽ ഓർമ്മയിൽ വരുന്നു. രണ്ടു സംഖ്യകളുടെ തുക ർ൫; ഒരു സംഖ്യവ൦; മറേറ സംഖ്യ ഏതു്? ഇങ്ങനെ വെറും സംഖ്യാരൂപത്തെമാത്രംനിർദ്ദേശിച്ചുള്ള ചോദ്യങ്ങൾ ചെറിയകുട്ടികളോടു ഒരിക്കലും ചോദിക്കാവുന്നതല്ല. അവരുടെ മുമ്പാകെ വസ്തുനിർദ്ദേശങ്ങളായ സംഖ്യകളെമാത്രമേ പ്രദശിപ്പിക്കപ്പെടാവൂ.

എഴുത്തു കണക്കിൻെറ പ്രമാണങ്ങൾ മനഃകണക്കുമൂല അനുമാനിപ്പിച്ചു പഠിപ്പിക്കണം. കണക്കുപാഠങ്ങളുടെ പ്രാരംഭമായി ഏതാനും മനഃകണക്കുചോദിക്കുക എന്നൊരു മാമൂൽ ഉണ്ടല്ലൊ. അതു് ഒരു ചടങ്ങായി മാത്രം നടത്തിയാൽ പോരാ. ഉദ്ദേശിക്കുന്ന പ്രമാണം അനായാസേന ഗ്രഹിക്കുന്നതിനുപകരിക്കുന്നവയായിരിക്കണം. സന്ദർഭാനുഗുണം നിർമ്മിക്കേണ്ട അത്തരം ചോദ്യങ്ങളുടെ ദൃഷ്ടാന്തം ഇവിടെ വിവിക്ഷിതമാണെന്നു തോന്നുന്നില്ല.

വിശേഷസംഖ്യ സങ്കലനം ചെയ്യുമ്പോൾ ഓരോതരത്തിലുള്ളവയെ ഒന്നാകെ കൂട്ടി അടുത്തമേൽത്തരമാക്കി പരിവർത്തനം ചെയ്യുകയാണല്ലൊ പതിവു്. നാലാംക്ലാസുമുതൽ ഇതു അല്പം ഭേദപ്പെടുത്തിയാൽ കൊള്ളാമെന്നുതോന്നുന്നു. രൂപ, ചക്രം,കാശു ഈവിധം കുറെതുകകളുടെ സങ്കലനം ചെയ്യണമെന്നിരിക്കെ കാശിൻെറ തുകകളെ ഒന്നിച്ചുകൂട്ടി പതിനാറുകൊണ്ടുഹരിക്കുന്നതിനുപകരം ഓരോപതിനാറുകാശു വരുമ്പോൾ ഒരു ചക്രമായി മാററിപിടിച്ചുകൊണ്ടു ചേർത്തുകൂട്ടി പരിചയിപ്പിക്കുന്നതു മേൽകണക്കുകൂട്ടുന്നതിനു എളുപ്പമായിരിക്കും. ഇപ്രകാരം ൨൮ ചക്രംവരുമ്പോൾ ഒരുരൂപയായും മാററിവയ്ക്കാം. രൂപാ, അണ, പൈസ ഇവയുടേയും മററു വിശേഷസംഖ്യാരൂപങ്ങളുടേയും സങ്കലനം, പ്രത്യേകം ഹരണം കൂടാതെ മേൽപ്രകാരം ശീലിപ്പിക്കാവുന്നതാണ്. പരസ്പരസഹായ പ്രസ്ഥാനത്തിനു പുഷ്ടി ഏറിവരുന്ന ഇക്കാലത്തു ബ്രി: രൂപ, ചക്രം, കാശായി കണക്കുകൂട്ടുന്നതിനും നാലാംക്ലാസുമുതൽ പരിചയിപ്പിക്കേണ്ടതു് അത്യാവശ്യമായിത്തീർന്നിട്ടുണ്ടു്.

വിശേഷസംഖ്യകളുടെ ഗുണനക്രിയയിലും അല്പം ഒരു വ്യതിയാനം സ്വീകരിക്കുന്നതുകൊള്ളാമെന്നു തോന്നുന്നു. ൧൨ രൂ ൧൪ ച ൮ കാ × ൩൨. ഈ ക്രിയയിൽ ൮നെ ൩൨ കൊണ്ടു ഗുണിച്ചു ൧൬ കൊണ്ടു ഹരിക്കുന്ന സമ്പ്രദായം വെറും സമയവ്യയമാണ്. ൮ കാശു് അര ചക്രമായതുകൊണ്ടു് ൩൨ അര ൧൬ ചക്രം എന്നും ൧൪ ചക്രം അരരൂപയായതുകൊണ്ടു ൩൨ അര പതിനാറുരൂപ എന്നും മനസ്സുകൊണ്ടുതന്നെ കണക്കുകൂട്ടി ഗു

ണനഫലംകാണാൻ പരിചയിപ്പിക്കേണ്ടതാകുന്നു. കാൽ, അര, മുക്കാൽ, അരക്കാൽ ഇങ്ങിനെ രൂപയുടെ അംശങ്ങളായി വരുന്ന ചക്രങ്ങളേയും ചക്രങ്ങളുടെ അംശങ്ങളായി വരുന്ന കാശുകളേയുംമററും ഗുണിക്കുന്നതിനു ഈ എളുപ്പവഴി ഉപയോഗിച്ചുനോക്കുന്നതിൽ നാലുമുതൽ മേലോട്ടുള്ള ക്ലാസ്സുകളിലെ അദ്ധ്യാപകന്മാരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

ബ്രിട്ടീഷ് ഇൻഡ്യൻ നാണയത്തെ ഇംഗ്ലീഷ് നാണയമാക്കുന്നതിൽ ൧ പവൻ ൧൫ ബ്രിട്ടീഷ് രൂപ ഒരുഷി=൧൨ അണ. ഒരു പെനി=൧ അണ എന്നു കണക്കുപുസ്തകത്തിൽ ഇപ്പോഴും കാണുന്നുണ്ടെങ്കിലും പവൻെറ വിലക്ക് ഇപ്പോൾ വന്നിട്ടുള്ള കുറവും പുസ്തകത്തിൽ കാണുന്ന വില ഇപ്പോൾ ഇല്ലെന്നും കുട്ടികളെ മനസ്സിലാക്കുന്നതു് അയഥാൎത്ഥധാരണയുണ്ടാവാതിരിക്കുന്നതിനു കൂടിയേതീരു.

മനക്കണക്കിൻെറ ഉദ്ദേശ്യം അറിഞ്ഞും, തൽക്കാലനടപ്പു മനസ്സിലാക്കിയും വേണ്ട മുന്നൊരുക്കത്തോടുകൂടി പഠിപ്പിക്കുന്നപക്ഷം വിദ്യാൎത്ഥികളുടെ ഗ്രഹണധാരണാദിശക്തികൾ പോഷിക്കുന്നതിനും പാഠശാലവിട്ടു് പുറത്തിറങ്ങിയാൽ സമുദായത്തിൽ ക്ലേശരഹിതം ജീവിക്കുന്നതിനും, കുടുംബജീവിതം ലഘൂപ്പെടുന്നതുകൊണ്ടു രക്ഷാകൎത്താക്കന്മാൎക്കു പാഠശാലയെപ്പററി മതിപ്പുണ്ടാവുന്നതിനും ഇടയാവുന്നതാണ്. പഠിക്കുന്നതു വെറും അലങ്കാരത്തിനല്ല ആവശ്യത്തിനാണെന്നുള്ളതു തീരെ വിസ്മരിക്കാവുന്നതല്ല.

## പ്രൊഫസർ റീഡ്.

### വിദ്യാഭ്യാസം അന്നും ഇന്നും.

(സി. ആർ. കൃഷ്ണപിള്ള ബി. എ., എൽ. ടി.)

അന്നൊന്ന് ഇവിടെ വിവരിക്കുന്നതു് ഉദ്ദേശം നാല്പതു വൎഷങ്ങൾക്കു മുൻപുള്ള കാലമാണ്. തിരുവിതാംകൂറിൽ അന്നു ആകെ ഒരു കാളേജേ ഉണ്ടായിരുന്നുള്ളു. അതു തിരുവനന്തപുരത്തെ മഹാരാജാസ് കാളേജാണ്. ഈയിടെ ഇഹലോകവാസം വെടിഞ്ഞിരിക്കുന്നുവെന്നു പത്രങ്ങൾമൂലം നാട്ടുകാരുടെ ഓൎമ്മയിൽപെടാൻ സംഗതിയായ പ്രൊഫസർ റീഡ് അക്കാലത്തു് ഇവിടത്തെ പ്രിൻസിപ്പാളായിരുന്നു.

അന്നത്തെ നമ്മുടെ വിദ്യാഭ്യാസാദൎശങ്ങൾ ഈ സായ്പിന്റെ ആദൎശങ്ങളായിരുന്നു. ഇത്ര മഹാമനസ്കനും മനുഷ്യസ്നേഹിയുമായിട്ടുള്ള മറ്റൊരു പുരുഷരത്നം ഇവിടെ വന്നിട്ടുണ്ടോ എന്നു സംശയമാണ്. കുറച്ചുകാലം മാത്രമെ ഈ വന്ദ്യഗുരുനാഥൻ നമ്മുടെ ഇടയിൽ കഴിച്ചുകൂട്ടിയിരുന്നുള്ളുവെങ്കിലും അതു വിദ്യാഭ്യാസവകുപ്പിൽ സ്വൎണ്ണലിപിയിൽ രേഖപ്പെടുത്തേണ്ട കാലമായിരുന്നു. സത്യമാണ് അദ്ദേഹത്തിന്റെ ദൈവം. സത്യത്തെ മുൻനിറുത്തി മനസ്സാക്ഷിയ്ക്കനുരൂപമായവിധത്തിൽ കൎത്തവ്യങ്ങളെ അനുഷ്ഠിക്കുക എന്നായിരുന്നു അദ്ദേഹത്തിന്റെ വ്രതം. ഈ തത്വം ആരുടേയും മുഖം നോക്കാതെ അദ്ദേഹം എവിടെയും തുറന്നുപറയാറുണ്ടായിരുന്ന നിമിത്തം വിദ്യാവൃദ്ധന്മാരെങ്കിലും കുടിലഹൃദയന്മാരായ പല സ്ഥാനമാനികളുടെയും ഗൂഢശത്രുത്വത്തിന് ഇദ്ദേഹം കാരണമായി ഭവിക്കയും ചെയ്തിട്ടുണ്ട്. എല്ലാ മനുഷ്യൎക്കും അവരവരുടെ ബുദ്ധിശക്തിക്കനുസരിച്ചു ചിന്തിപ്പാനും പ്രവൎത്തിപ്പാനും സ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നും ഒരുത്തന്റെ സ്ഥാനമാനത്തെയൊ അധികാരബലത്തേയൊ അടിസ്ഥാനപ്പെടുത്തിമാത്രം മനസ്സാക്ഷിക്കെതിരായി മററുള്ളവർ അടിമപ്പെടേണ്ട ആവശ്യമില്ലെന്നും അദ്ദേഹം പല സന്ദൎഭങ്ങളിലും പ്രത്യക്ഷമാക്കിയിട്ടുണ്ട്. പൊതുജനങ്ങളുമായുള്ള പെരുമാററത്തിൽ അദ്ദേഹം അനുഷ്ഠിച്ചിരുന്ന ഗുണം "സഹോദരത്വം" എന്നുള്ളതാണ്. അന്നുമുതൽ ഈ വിശേഷഗുണം ചുററും പരക്കാനും തുടങ്ങി. ഗുരുശിഷ്യന്മാർപോലും തമ്മിൽ സഹോദരഭാവത്തോടുകൂടിയാണ് അനുവൎത്തിക്കേണ്ടതു് എന്നതിനു ദൃഷ്ടാന്തപാഠവും അദ്ദേഹം നല്കി. ഇന്നത്തെ പ്രിൻസിപ്പാലന്മാരും പ്രൊഫസറന്മാരും അവരുടെ കാളേജിലെ എന്നല്ല നേരിട്ടു കീഴിൽതന്നെ അദ്ധ്യയനം ചെയ്യുന്നവരെപ്പോലും കണ്ടാലറിയുമൊ എന്നു സംശയമാണ്. ബി. എ. ബിരുദംകഴിഞ്ഞു് അലഞ്ഞുതിരിയുന്ന സ്വശിഷ്യന്മാർ യദൃച്ഛയാ ഗുരുവിനെ കണ്ടുമുട്ടി എന്നു വിചാരിക്കുക. ഭക്തിബഹുമാനങ്ങളോടുകൂടി അദ്ദേഹത്തെ വന്ദിച്ചു വണങ്ങുമ്പോൾ തിരിഞ്ഞുനോക്കാതെയും പരിചയം നടിക്കാതെയും ഒരുമാതിരി ഗൎവ്വോടുകൂടി നടന്നുകളയുന്ന അദ്ധ്യാപകശ്രേഷ്ഠന്മാർ ഇന്നു ധാരാളമുണ്ട്. എന്നാൽ അന്നത്തെക്കാലത്തു് അങ്ങിനെയല്ലാ. ശിഷ്യന്മാരെ സകലരേയും അദ്ധ്യാപകന്മാർ വാത്സല്യത്തോടുകൂടി സ്നേഹിച്ചിരുന്നു. അവരുടെ നന്മക്കായി വേണ്ടതു പ്രവൎത്തിയ്ക്കയും അവരുടെ അഭിവൃദ്ധിയിൽ താല്പൎയ്യം പ്രദൎശിപ്പിക്കയും ചെയ്തിരുന്നു. ഗുരുശിഷ്യബന്ധം ക്ലാസ്സുമുറിയിൽനിന്നു വെളിയിലിറങ്ങുന്നതോടുകൂടി അവസാനിച്ചിരുന്നില്ല. എന്നല്ലാ വ്യായാമത്തിനുള്ള കളിസ്ഥലത്തും സവാരിസമയങ്ങളിലും വിനോദാവസരങ്ങളിലും ഗുരുശിഷ്യന്മാർതമ്മിൽ കൂടാറുണ്ടായിരുന്നു. ഇതുനിമിത്തം അന്യോന്യം സൌഹാൎദ്ദംകൂടികൂടിവരികയാണു ചെയ്തിരുന്നതു്. പലവക സംഗതികളെപ്പററി വാദപ്ര

തിവാദം ചെയ്യാറുണ്ടെങ്കിലും ഒരുമിച്ചു പെരുമാറാറുണ്ടെങ്കിലും ശിഷ്യന്മാർ സർവ്വഥാ ഗുരുത്വത്തോടും ഭയഭക്തിബഹുമാനങ്ങളോടും കൂടിത്തന്നെ ഗുരുവിനെ ആദരിച്ചുവന്നു. ഇന്നത്തെപ്പോലെ ഗുരു ആകാശത്തുനിന്നുവീണ ഏതോ ദിവ്യരൂപമാണെന്നും ശിഷ്യൻ ഒരു താണ ജീവിയാണെന്നും സ്വയം സങ്കല്പിച്ചു വെറുപ്പുതോന്നിക്കത്തക്കവണ്ണം നീചമായോ നിന്ദ്യമായോ ഒന്നുംതന്നെ ഗുരുക്കന്മാർ പറകയോ പ്രവൎത്തിക്കയോ ചെയ്യാറില്ലായിരുന്നു.

വിദ്യാഭ്യാസത്തിന്റെ ഒരു ഉദ്ദേശ്യം സൌശീല്യാദി ഗുണങ്ങളെ ശിഷ്യരിൽ പോഷിപ്പിക്കയല്ലയൊ? ഈവക ഗുണങ്ങൾക്കു മാതൃകയായിരിക്കേണ്ട ഗുരുഭൂതന്മാർ തമ്മിൽ കടിപിടികൂടി ചിലപ്പോൾ ചന്തപ്പിള്ളരെപ്പോലെ പരസ്യമായി ആക്ഷേപാൎഹമായ വിധം പെരുമാറുന്നതു കണ്ടാൽ ശിഷ്യന്മാൎക്കു ഗുരുക്കന്മാരോട് എത്രമാത്രം ബഹുമാനമുണ്ടാകും? ഇത്തരം പോരായ്മകൾ റീഡ് സായ്പിന്റെ കാലത്തു കണികാണാൻപോലും ഇല്ലായിരുന്നു. അന്നു ക്ലാസ്സു ഭരണത്തിനൊ സ്കൂൾഭരണത്തിനൊ അദ്ധ്യാപകന്മാൎക്കു ഒരു വിഷമവും ഉണ്ടായിരുന്നില്ല. ഇന്നു ചില അദ്ധ്യാപകന്മാർ ക്ലാസ്സിൽ കയറുമ്പോൾ ഉണ്ടാവാറുള്ള ചവിട്ടും ശബ്ദവും എത്ര ലജ്ജാവഹമാണ്.! സ്നേഹം, വിശ്വാസം, ബഹുമാനം ഇവകൊണ്ടുണ്ടാകുന്ന ഭരണമെ ഭരണമാവുകയുള്ളു. അതല്ലാതെ അധികാരപ്രമത്തതകൊണ്ടു ഭയപ്പെടുത്തി ശിഷ്യന്മാരെ ഒതുക്കി അടക്കി ഇരുത്താൻ അദ്ധ്യാപകന്മാർ ശ്രമിക്കുന്നതു ഫലപ്രദമായിത്തീരുകയില്ലാ. നോക്കുകൊണ്ടും, വാക്കുകൊണ്ടും നടത്തകൊണ്ടും, സകലരേയും പുഛിക്കുക, സൎവ്വത്തിനേയും പുഛിക്കുക എന്നമട്ടു ഗുരുവിൽ കണ്ടാൽ ശിഷ്യസമൂഹത്തിൽ അദ്ദേഹത്തിനോടു വെറുപ്പുതോന്നുന്നതിൽ അത്ഭുതമുണ്ടോ.?

ഗുരുവിന്റെ പ്രവൃത്തി സദാ ശിഷ്യന്മാരുടെ നന്മയെ ഉദ്ദേശിച്ചുതന്നെയായിരിക്കണം. മണി അടിച്ചഉടൻ ക്ലാസ്സിൽപ്രവേശിച്ചു വല്ലപ്രസംഗവും തട്ടിമൂളിച്ചു (ശിഷ്യന്മാർ ശ്രദ്ധിച്ചാലും ശരി ഇല്ലെങ്കിലും ശരി) അടുത്ത മണി കേൾക്കുമ്പോൾക്ലാസ്സിനു പുറത്തിറങ്ങുന്ന അദ്ധ്യാപകൻ ഒന്നാം തീയതിതോറും ബില്ലൊപ്പിട്ടു തന്റെ മാസപ്പടി പററുന്നതിനു മാത്രം വേലചെയ്യുന്ന ഒരാളാണ്. ഇത്തരത്തിലുള്ള ഒരദ്ധ്യാപകനല്ലായിരുന്നു പ്രൊഫസ്സർറീഡ്. അദ്ദേഹം മാസപ്പടിക്കു വേണ്ടി മാത്രം വേലചെയ്യുന്ന ഒരാളല്ലായിരുന്നു എന്നല്ല ഇവിടെ കിട്ടിവന്നിരുന്ന തുകയിൽ ചെറിയ ഒരു ഭാഗംകൊണ്ടു് ആഡംബരം കൂടാതെ ചിലവുകഴിച്ചിട്ടു ബാക്കിയുള്ളതിനെ പല വിധത്തിൽ ഔദാൎയ്യനിലയിൽ ഇവിടെതന്നെ പലൎക്കും സമ്മാനിക്കുകയാണു് ചെയ്തിട്ടുള്ളതു്. ഇവിടെ ഉദ്യോഗം ഭരിച്ചുവകയിൽ യാ

തൊരു സമ്പാദ്യവും അദ്ദേഹം സ്വദേശത്തേക്കു കൊണ്ടുപോയിട്ടില്ലെന്നും കേട്ടിട്ടുണ്ട്.

അദ്ദേഹത്തിൻെറ പാഠങ്ങൾ ഒരിക്കലും സമയക്ലിപ്തത്തെ ആശ്രയിച്ചവയല്ല. ഒരു വിഷയത്തെപ്പററി പഠിപ്പിക്കുമ്പോൾ അതു പൂർണ്ണമായി ശിഷ്യന്മാരെല്ലാം മനസ്സിലാക്കത്തക്കരീതിയിൽ നല്കുന്നതിനാണ് അദ്ദേഹം ഒരുങ്ങാറുള്ളതു്. ചിലപ്പോൾ അഞ്ചും ആറും മണിക്കൂർ വീട്ടിൽ വച്ചു ചിലവുചെയ്തു പാഠവിഷയത്തിൻെറ നാനാമുഖങ്ങളും നല്ലവണ്ണംനോക്കി സംഗതികളെ ഭംഗിയായി അടുക്കിപഠിച്ച് കഴിഞ്ഞിട്ടേ ക്ലാസ്സിൽ വരാറുള്ളു. പ്രസംഗരീതി ആക്കും ഒരിയ്ക്കലും മുഷിയത്തക്കതല്ല. ശിഷ്യന്മാർ പ്രസംഗത്തിൽ ആപാദചൂഡം അദ്ദേഹത്തിൻെറ വാക്കുകളെ ശ്രദ്ധിച്ചുകൊണ്ടുതന്നെ ഇരുന്നിരുന്നു. ഏതെങ്കിലും ഭാഗം വിശദമായില്ലെങ്കിൽ ആക്കും എപ്പോഴും സംശയം ചോദിക്കാം. സംശയനിവൃത്തിവരുത്താൻ അദ്ദേഹം സദാ ഒരുക്കമുള്ള ആളായിരുന്നു. ഇന്നത്തെ മട്ട് ഇങ്ങിനെയാണൊ? താൻ പ്രസംഗിക്കുന്നതു കേട്ടുകൊള്ളണമെന്നല്ലാതെ ആരും ഒരിക്കലും ഒന്നും കേറിചോദിയ്ക്കരുതെന്ന് ഒരുനിർബന്ധം അദ്ധ്യാപകന്മാരിൽ പലക്കും ഇല്ലയോ? ഈ നിർബന്ധത്തിനു പക്ഷെ സമാധാനമുണ്ടായിരിക്കാം. സംശയനിവൃത്തിയ്ക്കായി ഇടയ്ക്കു ചോദിച്ചാൽ അതിനെ ഉടൻ നിവൃത്തിക്കത്തക്ക പാണ്ഡിത്യമോ സാമർത്ഥ്യമോ ഉള്ള അദ്ധ്യാപകന്മാർ ഇപ്പോൾ എത്രയുണ്ട്?

റീഡ്സായ്പിൻെറ പാഠങ്ങൾക്കു പൂർണ്ണത വരുത്തണമെന്നു നിർബന്ധമുള്ളതുകൊണ്ടും, സംശയ നിവൃത്തിയ്ക്കായി കുറേസ്മയം ചിലവാക്കേണ്ടിവരുന്നതുകൊണ്ടും ഉച്ചതിരിഞ്ഞുള്ള ഒടുവിലത്തെ മണിക്കൂറുകളാണ് പാഠകാലപ്പട്ടികയിൽ അദ്ദേഹത്തിനിഷ്ടമായിട്ടുള്ളതു്. രസകരമായ അദ്ദേഹത്തിൻെറ ചില പാഠങ്ങൾ രണ്ടു മണിക്കു തുടങ്ങിയാൽ ചിലപ്പോൾ അഞ്ചു മണിവരെ നീണ്ടുനിൽക്കും. എന്നാലും പഠിപ്പിക്കുന്നതിന് അദ്ധ്യാപകനൊ, ശ്രദ്ധിക്കുന്നതിനു ശിഷ്യന്മാൎക്കൊ മുഷിച്ചിലുണ്ടാവാറില്ല. അഥവാ നാലുമണിക്കു ചായകുടിച്ചു ശീലിച്ചിട്ടുള്ള ശിഷ്യന്മാൎക്ക് ക്ഷീണമുണ്ടെന്ന് അദ്ദേഹത്തിനു തോന്നിയാൽ അല്പസമയത്തേക്കു പാഠം നിറുത്തി അടുത്തുള്ള ഷാപ്പിൽനിന്നു സ്വന്തം പണം കൊടുത്തയച്ച് റൊട്ടി, സോഡാ, പഴം മുതലായവ വരുത്തി എല്ലാവക്കും ഒരു ലഘുഭക്ഷണം നല്കാറുണ്ടായിരുന്നു. വിദ്യാഭ്യാസംകൊണ്ട് വല്ല പ്രത്യേകവിഷയത്തിലും പാണ്ഡിത്യം സമ്പാദിച്ചു തലച്ചോറു പുണ്ണാക്കി നശിപ്പിച്ച് ഒരു ബിരുദു നേടണമെന്നാണല്ലൊ ഇന്നത്തെ നയം. അന്ന് പ്രൊഫസ്സർ റീഡ് അതല്ലാ ലാക്കാക്കിയിരുന്നതു്. വിദ്യാഭ്യാസം ശിഷ്യന്മാരുടെ തലച്ചോറിന് കേടുവരത്തക്കവി

ധത്തിലായിരിക്കരുതെന്നാണ് അദ്ദേഹം ശഠിച്ചത്. നിരന്തരമായ പഠിത്തംകൊണ്ടും കൎക്കശമായ പരീക്ഷകൊണ്ടും കുട്ടികളുടെ ആരോഗ്യം കുറയാനും ചിലപ്പോൾ മരണംതന്നെ സംഭവിക്കാനും സംഗതിയാകുന്നുണ്ടെന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു. അതുകൊണ്ടു മനഃക്ലേശം കുറയുന്നതിനും ശരീരസുഖം കൂട്ടുന്നതിനുമായി കുട്ടികൾ വൈകുന്നേരത്തു വ്യായാമങ്ങളിൽ ഏൎപ്പെടണമെന്നു നിൎബന്ധംവെച്ചതു് ഇദ്ദേഹമാണ്. ഇന്നു കാണുന്ന ടെന്നീസ്സ്, ഫുട്ബാൾ, സ്റ്റൂൾ-വാരികൾ എന്ന വ്യായാമമുറകൾ ഉദയം ചെയ്തതു് ഇദ്ദേഹത്തിന്റെ കാലത്തായിരുന്നു. രസകരമായ വിധത്തിൽ വലിയക്ലേശം കൂടാതെ ജ്ഞാനസമ്പാദനം ചെയ്യണമെന്നും പരീക്ഷ ശ്രമക്കുറവുള്ളതായിരിക്കണമെന്നുമായിരുന്നു അദ്ദേഹം നിൎദ്ദേശിച്ചിരുന്നതു്. ഇന്നു പരീക്ഷയ്ക്കു് അല്പം മുൻപു അദ്ധ്യേതാക്കൾ രാപകൽ മറെറാരു ചിന്തകൂടാതെ പുസ്തകം വിഴുങ്ങുകയാണല്ലൊ പതിവു്. അന്നു പരീക്ഷാനിമിത്തം കുട്ടികളുടെ ശക്തി ക്ഷയിക്കരുതെന്നു കരുതി ഒരുകൊല്ലം മുൻപു നടത്തിയ പാഠത്തിന്റെ രത്നച്ചുരുക്കം അദ്ദേഹംതന്നെ ഭംഗിയായി ആവൎത്തനരൂപത്തിൽ നല്കി കുട്ടികളുടെ ശ്രമത്തെ കുറയ്ക്കുകയായിരുന്നു. അദ്ദേഹത്തിന്റെ പരീക്ഷാചോദ്യങ്ങളും ക്ലേശഭൂയിഷ്ഠമായിട്ടുള്ളവയല്ല. അല്പമെങ്കിലും കാൎയ്യപരിചയം ഉള്ളവൎക്ക് അധികം പ്രയാസം കൂടാതെ ഉത്തരം എഴുതത്തക്കവയായിരിക്കും ചോദ്യങ്ങൾ.

ഇന്ന് ഓരോ പ്രത്യേക പ്രൊഫസ്സരും അതതുവിഷയത്തെപ്പററിയല്ലാതെ മെററാന്നിനെയും പ്രസംഗത്തിൽ വരുത്താറില്ലല്ലൊ. റീഡ് സായ്പിന്റെ ക്ലാസ്സുവിഷയത്തിലും പുറമെയുള്ള സംഭാഷണത്തിനിടയിലും ശാസ്ത്രീയമായും സാഹിത്യപരമായും രാജ്യഭരണ സംബന്ധമായും സാമുദായികമായും അനേക സംഗതികൾ കലൎന്നിവരാറുണ്ടായിരുന്നു. വിദ്യാഭ്യാസംകൊണ്ട് ഒരുവനു സാമാന്യമായ എല്ലാവിഷയങ്ങളിലും സമഷ്ടിയായിട്ടെങ്കിലും ഒരു പരിചയം ഉണ്ടായിരിക്കണമെന്നും ഏതു സദസ്സിലും ഏതുവിഷയത്തെപ്പററിയുള്ള സംഭാഷണത്തിലും പങ്കുകൊള്ളാൻ ശക്തിയുണ്ടായിരിക്കണമെന്നുമാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

നേരിട്ടു സ്കൂളിൽ വരുന്ന അദ്ധ്യേതാക്കൾക്ക് അറിവുനല്കുന്നതുകൊണ്ടു മാത്രം അദ്ദേഹം തൃപ്തിപ്പെട്ടിരുന്നില്ല. പ്രൊഫസ്സർ റീഡിന്റെ കാലത്താണു പബ്ളിക്ക പ്രസംഗങ്ങൾ കൊണ്ടു പൊതുജനങ്ങളുടെ ഇടയിൽ പാശ്ചാത്യശാസ്ത്ര സംബന്ധമായും മററുമുള്ള ജ്ഞാനബീജങ്ങളെ വിതരണം ചെയ്യുന്നതിനു മാൎഗ്ഗം തുറന്നു കാണിച്ചതു്. അദ്ദേഹത്തിന്റെ പബ്ളിക്ക പ്രസംഗങ്ങൾ ഏററവും ആകൎഷണീയങ്ങളായിരുന്നു. ഇലക്ട്രിസിററി (വിദ്യുച്ഛക്തി) മുതലായ കഠിന വിഷയങ്ങളെപ്പററിയുള്ള പ്രസംഗങ്ങൾ

പൊതുജനങ്ങളിൽ പാശ്ചാത്യശാസ്ത്രങ്ങളെപ്പററി അത്യധികമായ ബഹുമാനം ജനിപ്പിക്കത്തക്കവയായിരുന്നു. സാധാരണന്മാൎക്കു സ്പഷ്ടമായി രൂപീകരിച്ചാൽ തന്നെ ശക്തിയോടുകൂടി പുറത്തു പുറപ്പെടുവിക്കാനൊ വിഷമമേറിയ സംഗതികളെ ലളിതമായി വിശദീകരിയ്ക്കുന്നതിനുള്ള പ്രൊഫസ്സർ റീഡിൻെറ സാമൎത്ഥ്യം ഒന്നു വേറെതന്നെ. ഇവ ഉചിതമായ വാചകങ്ങൾ വഴി അദ്ദേഹത്തിൻെറ മുഖത്തിൽ നിന്നു അറപ്പു ലേശം കൂടാതെ തുടരെ തുടരെ പുറപ്പെട്ടു മുന്നോട്ടു തള്ളിത്തള്ളി വരുന്ന രീതി, അറബിക്കടലിൽനിന്നു ഉരുണ്ടുരുണ്ട് ഊക്കോടുകൂടി വന്നു ശംഖുംമുഖത്തു് അടിച്ചുകയറുന്ന തിരമാലകൾ പോലെ ഗംഭീരങ്ങളായിരുന്നു. ശാസ്ത്രീയതത്വങ്ങളെ പ്രായോഗികരീതിയിലാണ് അദ്ദേഹം പ്രദൎശിപ്പിച്ചതു്. ഒരവസരത്തിൽ ശ്രോതാക്കളായി ഹാളിൽ കൂടിയിരുന്ന അസംഖ്യം ആളുകളുടെ ശരീരത്തിൽ കൂടി വിദ്യുച്ഛക്തി പ്രവഹിപ്പിച്ചു കൈകൾക്കു ചലനമുണ്ടാക്കി. കണ്ണാടിക്കാലുള്ള ഒരു ചെറിയ പീഠത്തിൽ ഒരു പെൺകുട്ടിയെ നിറുത്തി ശരീരത്തിൽ വിദ്യുച്ഛക്തി പ്രവഹിപ്പിച്ചു. അനന്തരം കുട്ടിയുടെ അടുത്തു ചെന്നു സായ്പിൻെറ കൈവിരലുകൾ തലമുടിയോട് അടുപ്പിച്ചപ്പോൾ, ഭംഗിയായി ചീകി ഒതുക്കിയിരുന്ന മുടി ചിന്നിച്ചിതറി, ആടിക്കിളൎന്നു് ഉലഞ്ഞുതുടങ്ങി. വിരലുമടക്കി മൂക്കിൻേറയും ചെവിയുടേയും അടുത്തുകൊണ്ടുചെന്നപ്പോൾ തീപ്പൊരി പറന്നതും കാണികളെ അത്ഭുതപരവശരാക്കി. ഈ ശക്തികൊണ്ട് എത്രമാത്രം പ്രവൎത്തിക്കാൻകഴിയുമെന്നു കാണിക്കുന്നതിനായി ഒരു പ്രയോഗം അദ്ദേഹം നടത്തി. കുതിരലാടത്തിൻെറ ആകൃതിയിലുള്ള വളഞ്ഞ ഒരു ഇരുമ്പു കഷണത്തിൽ വിദ്യുച്ഛക്തി ഒഴുകുന്നതിനു ചെമ്പുകമ്പി ചുററിയിട്ടുണ്ടായിരുന്നു. ഇതിനെ ബലമായ ഒരു ചട്ടത്തിൽ കെട്ടിത്തൂക്കിയിട്ട ചെമ്പുകമ്പിവഴി വിദ്യുച്ഛക്തി പ്രവേശിപ്പിച്ച് ഇരുമ്പിനെ ഒരു വലിയ കാന്തമാക്കി. പിന്നീട് നടുക്ക് ഒരു കൊളുത്തോടുകൂടിയ ഒരു പരന്ന ഇരുമ്പുപലകത്തുണ്ടു ലാടത്തിൻെറ അടുത്തുകൊണ്ടു ചെന്നപ്പോൾ അതു അവിടെ ബലമായി ആകൎഷിക്കപ്പെട്ട് ഒട്ടിപ്പിടിച്ചുപോയി. വിദ്യുച്ഛക്തി പ്രവാഹം തടഞ്ഞു് ഉടൻ പലകക്കഷണം താഴെവീണു. അനന്തരം ഭീമകായന്മാരായ നാലു തോട്ടക്കാർ ചക്കുലക്കയുടെ ചുവടിൻെറ ആകൃതിയിലുള്ള ഒരു വലിയ ഇരുമ്പുകട്ട തണ്ടായം വച്ചു കെട്ടിയെടുത്തു് അവിടെ ഹാജരാക്കി. ഈ കട്ടയെ നല്ല കയറുകൊണ്ടു ബലമായി വരിഞ്ഞിറുക്കി, കയറിൻെറ അററത്തു് ഒരു തുക്കം ഉണ്ടാക്കി. ഇതുകഴിഞ്ഞു വിദ്യുച്ഛക്തി കമ്പിയിൽ പ്രവഹിപ്പിച്ചു കാന്തശക്തിയെ പ്രത്യക്ഷമാക്കി. അതിൻെറശേഷം ഇരുമ്പുപലകത്തുണ്ടിനെ ഒട്ടിപ്പിടിപ്പിച്ചിട്ടു് അതിൻെറ കൊളുത്തിൽ വളരെ പണിപ്പെട്ടു തോട്ടക്കാർ വലിയ ഇരുമ്പുകട്ടയെ പൊക്കിത്തൂക്കി. നാലുപേർ പണിപ്പെട്ടു പൊക്കിത്തൂക്കിയ ഭാരിച്ച ഇരുമ്പുകട്ട കാന്തശക്തിയാൽ മാത്രം ഒട്ടിപ്പിടിച്ചിട്ടുള്ള ഇരുമ്പു പലകയുടെ

കൊളുത്തിൽ ബലമായി താങ്ങിനിന്നു. അല്പം കഴിഞ്ഞു വിദ്യുച്ഛക്തി വിട്ട ത്തിയപ്പോൾ ഇടിവെട്ടുന്ന മട്ടിൽ പെട്ടന്നു വലിയ ശക്തിയോടുകൂടി ഇരുമ്പുകട്ട താഴത്തുവീണു. വീണ്ടും വിദ്യുച്ഛക്തി കലത്തി മുൻപോലെ പൊക്കിത്തൂക്കി. രണ്ടു മൂന്നുതവണ ഇങ്ങനെ ആവത്തിച്ചപ്പോൾ വിദ്യുച്ഛക്തിയുടെ പ്രഭാവം അവിടെ കൂടിയിരുന്ന ജനസമൂഹത്തിനു കണ്ടറിയുന്നതിനു സാദ്ധ്യമായിതീൎന്നു.

റീഡ് സായ്വിൻെറ കാലത്താണ് വിദ്യാൎത്ഥികളുടെ വസ്ത്രധാരണ സംബന്ധമായി ഒരു ബഹളമുണ്ടായതു്. അന്ന് ഇവിടത്തെ റസിഡണ്ടായിരുന്നതു മദിരാശി സംസ്ഥാനത്തെ വിദ്യാഭ്യാസ ഡയറക്ടരായിരുന്ന ഗ്രീഗ് സായ്വായിരുന്നു. അദ്ദേഹത്തിൻെറ ഉപദേശപ്രകാരം ഇംഗ്ലീഷു സ്കൂളുകളിൽ പഠിക്കുന്ന വിദ്യാൎത്ഥികൾ ഉടുപ്പും തൊപ്പിയും ധരിക്കണമെന്ന് ഒരു ഏപ്പാടുണ്ടാക്കി. എന്നാൽ പ്രൊഫസ്സർ റീഡ് ഈ അഭിപ്രായം ഇഷ്ടപ്പെട്ടില്ല. അദ്ദേഹം ഈ ഏപ്പാടിനെ കഠിനമായി ആക്ഷേപിക്കുകയും ഓരോദേശത്തെ വസ്ത്രധാരണം അതതു ദേശത്തെ ശീതോഷ്ണാവസ്ഥയ്ക്കനുരൂപമായിരിക്കണമെന്നും ഈ തത്വം അനുസരിച്ചു ഉഷ്ണമേഖലയിൽ താമസിക്കുന്ന ഇന്നാട്ടുകാർ സാധാരണമായി ഉപയോഗിച്ചുവരുന്ന മുണ്ടും രണ്ടാംമുണ്ടുമാണു പ്രകൃതിയ്ക്കുയോജിച്ച വസ്ത്രങ്ങൾ എന്നും വെളുത്ത വസ്ത്രം ധരിക്കുമ്പോൾ അതിൽ പററുന്ന അഴുക്ക് എളുപ്പത്തിൽ പ്രത്യക്ഷമാകുന്നതുകൊണ്ടു കൂടക്കൂടെ നനച്ചുണക്കിയൊ അലക്കിയൊ വൃത്തിയായി വച്ചുകൊണ്ടിരിക്കുന്നതിനു സൌകയ്യമുണ്ടെന്നും ഉടുപ്പും തൊപ്പിയും അനാവശ്യമാണെന്നും ശഠിക്കയുണ്ടായി. ഈ അഭിപ്രായം ശാസ്ത്രരീത്യാനോക്കുന്നവൎക്ക് എത്ര തന്നെ ആദരണീയമായിരുന്നാലുംമേലധികാരത്തിലെ ഏപ്പാടിനു വിപരീതമായതുകൊണ്ടു് അവിടെ സ്വീകായ്യമായി വരികയില്ലല്ലൊ. പക്ഷെ ഇതു സംബന്ധിച്ചുള്ള എഴുത്തുകുത്തുകളുടേയും മനസ്സാക്ഷിയെ വഞ്ചിക്കാതെ പ്രകൃതിനിയമത്തിനു എതിരായുള്ള അഭിപ്രായത്തോടു യോജിക്കാൻ തരമില്ലെന്നുള്ള റീഡ് സായ്വിൻെറ ശാഠ്യത്തിൻെറയുംമററും ഫലമായിട്ടായിരിക്കാം അദ്ദേഹം പെട്ടന്നു ഉദ്യോഗം ഒഴിയേണ്ടിവന്നതു്. പ്രൊഫസ്സർ റീഡ് രാജ്യം വിട്ടുപോയി വളരെ കഴിഞ്ഞതിൽ പിന്നീടാണു വസ്ത്രധാരണത്തെപ്പററി അദ്ദേഹം പുറപ്പെടുവിച്ച അഭിപ്രായം വിലവയ്ക്കപ്പെടുകയും ഇടയ്ക്കുണ്ടായിരുന്ന ഉടുപ്പും തൊപ്പിയും സ്കൂളുകളിൽ നാമാവശേഷമാകുകയും ചെയ്തിട്ടുള്ളതു്. സ്കൂളിൽ ഉടുപ്പും തൊപ്പിയും നിർബന്ധമാക്കിയിരുന്നകാലത്തു് അദ്ധ്യാപകന്മാരായിരുന്നിട്ടുള്ളവൎക്കു മാത്രമെ ഇതിൻെറ അനൌചിത്യം എത്രമാത്രമുണ്ടായിരുന്നുവെന്നും പല നിറത്തിലും തരത്തിലുമുള്ള അഴുക്കടഞ്ഞ ഉടുപ്പും തൊപ്പിയും എത്രരസ്സഹമായിരുന്നുവെന്നും ഗ്രഹിക്കാൻ കഴിയുകയുള്ളു. അക്കാലത്തു 'സ്കൂൾംഗഡ്' എന്നുപ്ര

ത്യേകം നാമകരണം ചെയ്യത്തക്കതായ ഒരു ദുർഗ്ഗന്ധം സ്കൂളുകളിൽ സർവ്വത്ര വ്യാപിച്ചിരുന്നു. ശുചിയായി പെരുമാറണം എന്നു വിശേഷിച്ചു നിഷ്കർഷിക്കേണ്ട സ്ഥാപനങ്ങളായ സ്കൂളുകളിൽ വസ്ത്രധാരണം നിമിത്തമുണ്ടായ വൃത്തിഹീനത സ്കൂളുകളെ ക്രമത്തിലധികം നാററിച്ചു. അതൊക്കെ നാട്ടുകാരുടെ എന്തോ ഭാഗ്യവശാൽ അസ്തമിച്ചു തുടങ്ങിയിരിക്കുന്നതു് ആശ്വാസജനകം തന്നെ.

റീഡ് സായ്വിൻെറ ജീവിതരീതി പ്രശംസനീയമായിട്ടുള്ളതാണു്. ചുരുങ്ങിയ മട്ടിലാണു് അദ്ദേഹം ദിനചര്യനടത്തിവന്നതു്. ഭക്ഷണത്തിലാകട്ടെ വസ്ത്രധാരണത്തിലാകട്ടെ ആഡംബരം ഉണ്ടായിരുന്നില്ല. ലഹരിസാധനത്തിൽ പ്രത്യേകതാല്പര്യത്തോടുകൂടിയ സാധാരണ യൂറോപ്യന്മാരെപ്പോലെ മദ്യസേവയും ചുരുട്ടുവലിയും അദ്ദേഹത്തിനുണ്ടായിരുന്നൊ എന്നു സംശയമാണു്. ഇപ്പോഴത്തെ കഥ ഒന്നു നോക്കുക. കാളേജുമുറികളിൽ ചിലയിടത്തു് സദാ ധൂമപാനംകൊണ്ടുള്ള പുക അടുത്തുള്ള വരാന്തയിൽ കൂടി നടക്കുന്നവരെപ്പോലും കറക്കത്തക്കതല്ലയൊ? പ്രൊഫസ്സർമാരു സ്കൂളിൽവച്ചുതന്നെയും പരസ്യമായി വിദ്യാർത്ഥികൾക്കു ചുരുട്ടുമുതലായവ നല്കി സന്തോഷിപ്പിക്കാറില്ലയൊ? ചിലപ്പോൾ ശക്തികൂടിയ മദ്യങ്ങൾസേവിച്ചുകൊണ്ടു ക്ലാസ്സുമുറികളിൽ വന്നു നീചമായി ഗോഷ്ടികൾ കാട്ടാറില്ലയൊ?

റീഡ് സായ്വിൻെറ കാലത്തു വിദ്യാർത്ഥികൾ സന്മാർഗ്ഗബോധത്തോടുകൂടി വളരണമെന്നു് അദ്ധ്യാപകന്മാർക്കു നിർവ്യാജമായ ആഗ്രഹം ഉണ്ടായിരുന്നു. അന്നു് അദ്ധ്യാപകന്മാരുടെ നടപടികൾ ആക്ഷേപാർഹങ്ങളായിരുന്നില്ല. മദ്യസേവയിലും ചുരുട്ടുവലിയിലും താല്പര്യമുള്ളവർ അപൂർവം ഉണ്ടായിരുന്നിരിക്കാം. പക്ഷെ അതു പരസ്യമായി ഉപയോഗിക്കാൻ അവർ ധൈര്യപ്പെട്ടിരുന്നില്ല. സന്മാർഗ്ഗനിയമങ്ങൾക്കു വിപരീതമായി പ്രവർത്തിക്കുക എന്ന ശങ്കയുണ്ടായിരുന്നവരെ താക്കീതുചെയ്തു കാളേജിൽനിന്നകററിയിട്ടുള്ളതായും അറിവുണ്ടു്. കാളേജിനു പുറത്തു വിനോദസ്ഥലങ്ങളിൽ ബഹുജനങ്ങൾ കൂടിയിരിക്കുന്നിടത്തുവച്ചു് മദ്യലഹരിയിൽ മുഴുകി മദാന്ധന്മാരായി പെരുമാറിവരുന്ന ഇപ്പോഴത്തെ ചില അദ്ധ്യാപകശ്രേഷ്ഠന്മാരെപ്പററി ഓർക്കുകതന്നെ ദുസ്സഹമാണു്. തങ്ങളുടെ കുട്ടികളെ (സ്ത്രീകളേയും പുരുഷന്മാരേയും) വിദ്യാഭ്യാസാർത്ഥം തലസ്ഥാനനഗരിയിൽ അയക്കുന്നതുകൊണ്ടു അവർ സന്മാർഗ്ഗബോധം അശേഷം ഇല്ലാതെ സ്വേച്ഛാപ്രമത്തന്മാരായ ചില അദ്ധ്യാപകാഹംകാരികളുടെ ഇടയിൽ ആട്ടിൻകുട്ടി ചെന്നായുടെ കയ്യിൽ എന്നമട്ടിൽ കുടുങ്ങിപ്പോകാനിടവരുമെന്നുള്ള ശങ്ക നാട്ടിൽ പരക്കുമ്പോൾ ഇവിടത്തെ വിദ്യഭ്യാസത്തെപ്പററിയുള്ള പൊതുജനബോധം ഏതു നിലയിലുള്ളതായി ഭവിക്കും? എന്നാൽ എന്തെങ്കിലുമാവട്ടെ എന്ന

മട്ടിൽ ഇതെല്ലാം കണ്ടും കേട്ടും സഹിച്ചിരിക്കുന്ന രക്ഷകത്താക്കന്മാരുടെ ക്ഷമയെപ്പററിയാണ് അത്ഭുതപ്പെടേണ്ടിയിരിക്കുന്നത്.

പ്രൊഫസ്സർറീഡിൻെറ പരോപകാരതല്പരതയെപ്പററിയും രണ്ടുവാക്കു പറവാനുണ്ട്. അദ്ദേഹം പണത്തിനെ ആരാധിക്കുന്ന ആളല്ലായിരുന്നു. തിരുവിതാംകൂറിൽനിന്നും കിട്ടിയ പണം ഒട്ടുമുക്കാലും ഇവിടെതന്നെ സാധുസംരക്ഷണാത്ഥം വിനിയോഗിക്കയാണ് ചെയ്തിട്ടുള്ളത്. അനേക വിദ്യാത്ഥികൾക്കു ഫീസിനും പുസ്തകത്തിനും പണം കൊടുത്തിട്ടുള്ളതിനു പുറമെ ചിലപ്പോൾ ഭക്ഷണം വകക്കും സഹായം ചെയ്തിട്ടുണ്ട്. ഒരു സംഭവം പ്രത്യേകം പ്രസ്താവയോഗ്യമാണ്. അന്ന് ഇന്നത്തെപ്പോലെ കുട്ടികൾക്കു ഭക്ഷണം കഴിക്കുന്നതിനു ടിഫിൻ ഷെഡുകൾ ഇല്ലായിരുന്നു. അകലെനിന്നുവരുന്ന ചിലർ വല്ലതും കുറച്ചു ഭക്ഷണം ഒരു ചെറിയ പൊതിയിലാക്കിക്കൊണ്ടു വരികയും അതു് ഉച്ചസമത്തു തോട്ടത്തിൽ അവിടവിടെ പടന്നു നില്ക്കുന്ന വല്ല വൃക്ഷത്തിൻെറയും ചുവട്ടിൽ വച്ചു കഴിയ്ക്കുകയും ചെയ്യാറുണ്ടെന്ന് സായ്പ് ഗ്രഹിച്ചിരുന്നു. വൃക്ഷച്ചുവട്ടിൽ വിശ്രമിക്കുന്ന ചില കുട്ടികളെ സായ്പിൻെറ ഭക്ഷണമുറിയിലിരുന്നാൽ കാണാമായിരുന്നു. ഒരു കുട്ടി കൂട്ടുകാരില്ലാതെ തനിച്ച് ഉച്ചയ്ക്ക് ഒരുചെറിയ വൃക്ഷച്ചുവട്ടിൽ നാലഞ്ചുദിവസം ആഹാരം ഒന്നും കഴിക്കാൻ ശ്രമിക്കാതെ കിടന്നുറങ്ങുന്നതുകണ്ടിട്ട് അതിനെപ്പററി ഗൂഢമായിട്ടന്വേഷിച്ചപ്പോൾ അയാൾക്ക് ഉച്ചഭക്ഷണത്തിനു നിവൃത്തിയില്ലെന്നും അത്താഴം തന്നെ ചുരുക്കത്തിൽ കഴിക്കുന്നവനാണെന്നും അറിഞ്ഞതിനാൽ ഒരു ദിവസം ഉച്ചസമയത്തു കുട്ടി ഉറങ്ങുമ്പോൾ യാദൃശ്ചിക സംഭവം എന്നമട്ടിൽ അദ്ദേഹം പതുക്കെ അതിലേ നടന്ന് ഒരു കടലാസുപൊതി പുസ്തകത്തിൻെറ പുറത്തിട്ടിട്ടുപോയി. മണിയടിച്ച ശബ്ദംകേട്ടു കുട്ടി ഉണന്ന് ബദ്ധപ്പെട്ടെഴുന്നേററു പുസ്തകമെടുത്തപ്പോൾ പതിവിൽ കൂടുതൽഭാരം തോന്നിയതിനാൽ സൂക്ഷിച്ചുനോക്കി. കടലാസുപൊതികണ്ട് അഴിച്ചു നോക്കിയപ്പോൾ പത്തു രൂപ അതിൽ കണ്ടതുകൊണ്ടു സംഭ്രമചിത്തനായി അല്പം നിന്നുപോയി. ഉടൻതന്നെ ഇതു് ആരോ തന്നെ ചതിക്കാനായി പ്രയോഗിച്ച ഒരു കൌശലമാണെന്നു ഗ്രഹിച്ചിട്ടു കാളേജ്റൈട്ടരുടെ മുറിയിൽപോയി വസ്തുത അറിയിക്കുകയും താൻ ഇതിൽ നിരപരാധിയാണെന്നു പറയുകയും ചെയ്തു. എന്നാൽ റൈട്ടരോടു ചോദിച്ചാണ് ഈ കുട്ടിയുടെ കഥ മനസ്സിലാക്കിയതു് എന്നറിയാത്തമട്ടിൽ അദ്ദേഹം പറഞ്ഞതു് "എനിക്കൊന്നും ഇതിനെപ്പററിപ്പറയാൻ നിവൃത്തിയില്ല. സായിപ്പിനോടു ചെന്നു വിവരം അറിയിക്കുക" എന്നായിരുന്നു. ഇതുകേട്ട് അല്പം സങ്കോചത്തോടുകൂടിയാണെങ്കിലും സായിപ്പിൻെറ മുറിയിൽ ചെന്ന് ഒരുമാതിരി ഗൽഗദത്തോടുകൂടി പറഞ്ഞിട്ടു രൂപാ അദ്ദേഹത്തിൻെറ മേശപ്പുറത്തുവച്ചു. ഇതിന് അദ്ദേഹം

നല്കിയ മറുപടി നോക്കുക. "ഇതു് താൻ മോഷ്ടിച്ചതാണെന്നു ആരും അവലാതിപ്പെടുകയില്ല". എടുത്തുകൊണ്ടുപോയി ആവശ്യംപോലെ ഉപയോഗിച്ചുകൊള്ളുക. അധികം ബുദ്ധിമുട്ടുണ്ടാകുമ്പോൾ ഇങ്ങിനെ വല്ല സഹായവും മേലും വന്നുചേരാൻ മതി. പൊയ്ക്കൊള്ളുക" പിന്നീടു റൈട്ടർ പറഞ്ഞാണു കുട്ടി വസ്തുത മനസ്സിലാക്കിയതു്.

പ്രസംഗത്തിലും സംഭാഷണത്തിലും നേരംപോക്കും ഫലിതവും ഉചിതംപോലെ അദ്ദേഹം പ്രയോഗിക്കാറുണ്ടു്. ഒരിക്കൽ വിദ്യാർത്ഥികളുടെ ഇടയിൽ ഉണ്ടായിരുന്ന ദീർഘകായനായ ഒരു തടിയൻ ഒരു കണ്ണാടിക്കുഴൽ വളയ്ക്കാനായിട്ടു് വിളക്കിനു മുകളിൽ പിടിച്ചപ്പോൾ സൂക്ഷ്മക്കുറവുകൊണ്ടു് കുഴൽ പെട്ടെന്നു പൊട്ടുകയും, ശബ്ദംകേട്ടു സായ്പ്പ് ഞെട്ടുകയും കുഴൽ താഴെ വീഴുകയും ചെയ്തു. ഇതുകണ്ടു് ഇയ്യാളുടെ ധൈര്യത്തെ ലക്ഷ്യമാക്കി അദ്ദേഹം ഇങ്ങിനെ പറഞ്ഞു. "പുറം വീക്കുന്തോറും അകം ചുരുങ്ങും. വസ്തുവും ശക്തിയും ആകത്തുകയിൽ ഒത്തിരിക്കണം എന്നാണല്ലൊ പ്രകൃതിനിയമം."

ഒരവസരത്തിൽ, ഇദ്ദേഹം ഇവിടെ വന്നതോടുകൂടി നിരീശ്വരമതം കാട്ടുതീപോലെ വ്യാപിച്ചു എന്നും തന്നിമിത്തം ഇദ്ദേഹത്തിനും കൂട്ടുകാർക്കും നിത്യനരകമാണു് ഭവിഷ്യൽ ഫലമെന്നും മതഭ്രാന്തന്മാരായ ഏതാനും മിഷനറിമാർ ഒരഭിപ്രായം പുറപ്പെടുവിയ്ക്കു ഉണ്ടായി. ഇതിനു് അദ്ദേഹം നല്കിയ സമാധാനം ഇങ്ങിനെയാണു്. "ഇതൊരു വലിയ അനുഗ്രഹമായി. ഇതിനു് എത്ര നന്ദിപറഞ്ഞാലും മതിയാവുകയില്ല. ഇടയ്ക്കു് ഒരു അമേരിക്കൻ പറഞ്ഞതുപോലെ ഞങ്ങൾക്കു (ശാസ്ത്രജ്ഞന്മാൎക്കു്) നരകത്തിൽചെന്നു അതിനെ സ്വർഗ്ഗമാക്കാൻ കഴിയും. എന്നാൽ സങ്കുചിതമനസ്കരായ മിഷ്യനറിമാരുടെ കഥ എന്തു്? അവൎക്കു സ്വർഗ്ഗം കിട്ടിയാലും സംശയമില്ലാ അവർ അതിനെ നരകമാക്കും."

അദ്ദേഹത്തിന്റെ കാലത്താണു് മദിരാശി യൂണിവേർസിററിയിൽ മെട്രിക്കുലേഷൻ പരീക്ഷയ്ക്കുള്ള സയൻസ്സുവിഷയത്തെപ്പററി ഒരു വാദം നടത്തിയതു്. സയിൻസ്സിനു പ്രാധാന്യം കൊടുക്കണമെന്നദ്ദേഹം സമർത്ഥിച്ചതിനെ അന്നു മദിരാശിയിലെ ഒരു വിഖ്യാത പ്രൊഫസറായിരുന്ന മിസ്റ്റർ ജാൺ ആഡം എതിർത്തു. അനേകനാൾ വർത്തമാനപത്രങ്ങൾ വഴിയായും പബ്ളിക്ക പ്രസംഗങ്ങൾ വഴിയായും ശക്തിയായി നടന്നുവന്നിരുന്ന വാദപ്രതിവാദം ഒടുവിൽ പ്രൊഫസ്സർ റീഡിനു് അനുകൂലമായി കലാശിച്ചു. കമ്പിവാർത്ത മൂലം ഇതു് ഇവിടെ അറിവുകിട്ടിയ ഉടൻ അദ്ദേഹം ക്ലാസ്സിൽ പ്രസംഗപീഠത്തിനരികിൽ വച്ചിരുന്ന ബോർഡിൽ ഇങ്ങിനെ വലിയ അക്ഷരത്തിൽ 'ആദാമിന്റെ രണ്ടാം അധഃപതനം' എന്നെഴുതിവച്ചു (Second fall of Adam) ആദാമിന്റെ ആദ്യത്തെ അധഃപതനം എന്നു് ഇവിടെ ഉദ്ദേ

ശിക്കുന്നതു പഴം തിന്നതിനുശേഷം സ്വർഗ്ഗത്തിൽനിന്നും കീഴ്പോട്ടു തള്ളപ്പെട്ട ആദ്യമനുഷ്യനായ ആദാമിനെ സംബന്ധിച്ചാണ്. ഒരു പത്തുമിനിട്ടു കഴിഞ്ഞു ക്ലാസ്സുകൂടിയപ്പോൾ ആഡംസായ്പിന്റെ തോൽവിയെ സൂചിപ്പിച്ച ബോർഡിൽ കണ്ടവാക്കുകൾ എത്രമാത്രം ആഹ്ലാദകരമായിരുന്നുവെന്നു പറഞ്ഞറിയിക്കാൻ പ്രയാസം.

നവീന ശാസ്ത്രതത്വങ്ങളെ നമ്മുടെ ഇടയിൽ വിതരണം ചെയ്യുവാനായി കെമിസ്ട്രി വിഷയത്തിൽ പ്രഥമഗണനീയനായിരുന്ന സർ. ഹെൻറിറാസ്കോ എന്ന പണ്ഡിതവര്യനാൽ തിരിഞ്ഞെടുക്കപ്പെട്ട മഹാനും ഇന്നു ശാസ്ത്രീയലോകത്തിൽ അദ്വിതീയനായി ശോഭിക്കുന്ന 'എഡിസൺ' മുതലായവരുടെ പരിചയത്തിനും പ്രശംസയ്ക്കും പാത്രീഭവിച്ച ശാസ്ത്രജ്ഞനും ആയ പ്രൊഫസർ റീഡു സർവ്വതോൻമുഖമായ പാണ്ഡിത്യംകൊണ്ടും പ്രശസ്തമായ ഉത്തമജീവിതം കൊണ്ടും ആകർഷണീയമായ സൌശീല്യാദിഗുണങ്ങൾകൊണ്ടും അനിതരസാധാരണമായ പ്രസംഗചാതുര്യംകൊണ്ടും മനസ്സാക്ഷിയ്ക്കനുരൂപമായ പ്രവൃത്തിമാഹാത്മ്യംകൊണ്ടും ഒരു അത്ഭുതപുരുഷനായിരുന്നു. അഥവാ ഒരാദർശപുരുഷനായിരുന്നു.

ഇങ്ങിനെ മനുഷ്യലോകത്തിനു സ്നേഹിതനായും ദീനന്മാർക്കു ദയാസിന്ധുവായും ആശ്രിതന്മാർക്കു കല്പവൃക്ഷമായും നാട്ടുകാർക്കു ഉത്തമ ബന്ധുവായും പൊതുജനങ്ങൾക്കു മാർഗ്ഗദർശിയായും ശിഷ്യസമൂഹത്തിനു ആചാര്യനായും നമ്മുടെ ഇടയിൽ അല്പകാലം ശോഭിച്ചുകൊണ്ടിരുന്ന പൂജ്യപാദനായ ഈ യഥാർത്ഥ ഗുരുനാഥന്റെ ആത്മാവിനു നിത്യശാന്തി ഉണ്ടായിരിക്കട്ടെ.

## സാപ്തപദീനപാരമ്യം

(എം. രാജരാജവർമ്മതമ്പുരാൻ എം. എ., ബി. എൽ.)

### പ്രഥമരംഗം

"യദായദാഹിധർമ്മസ്യ ഗ്ലാനിർഭവതി ഭാരത!
അഭ്യുത്ഥാനമധർമ്മസ്യ തദാത്മാനം സൃജാമ്യഹം;
പരിത്രാണായ സാധൂനാം വിനാശായചദുഷ്കൃതാം
ധർമ്മസംസ്ഥാപനാർത്ഥായ സംഭവാമി യുഗെയുഗെ."

ലോകഭരണത്തിന്റെ മൂലതത്വമാണു മേല്പറഞ്ഞ ഭഗവദ്വാക്യത്തിൽ അന്തർല്ലീനമായിരിക്കുന്നതു്. പുരാതനകാലത്തു ധർമ്മസംസ്ഥാപനത്തിനുവേണ്ടി ദേവാവതാരങ്ങൾ ഉണ്ടായവയെ വർണ്ണിക്കുന്നതാണല്ലൊ നമ്മുടെ

പുരാണേതിഹാസങ്ങളാസകലവും ചരിത്രങ്ങളും അതുതന്നെയാണ് ചെയ്യുന്നത്. ഓരോ കാലത്തുണ്ടായവർ എന്തുകൊണ്ടാണ ദിവ്യന്മാരായത്? ജാലവിദ്യയിലൊ, കായശക്തിയിലൊ, അഭ്യാസസാമത്ഥ്യത്തിലൊ ഉദിക്കുന്ന അത്ഭുതപാരതന്ത്ര്യമാണൊ നമുക്കവരോടുണ്ടായിരിക്കുന്ന ഭക്തിബഹുമാനങ്ങൾക്കു കാരണം? രാമമൂർത്തിയെക്കുറിച്ചും സാണ്ടോവിനെക്കുറിച്ചും മനസ്സിലുദിക്കുന്ന വികാരം തന്നെയാണൊ, ഭീമസേനനെപ്പററിയും ഹനുമാനെപ്പററിയുമുണ്ടാകുന്നത്? ചാണക്യനൊ, ബിസ്മാക്കിനൊ, മാക്യവല്ലിക്കൊ, ശ്രീകൃഷ്ണനും ഭീഷ്മക്കും വിദുരക്കുമുള്ള ദിവ്യത്വം സിദ്ധിക്കാത്തതെന്താണ്? ധമ്മപുത്രക്ക് എന്തുകൊണ്ടാണ് ശ്രീരാമൻെറ മാഹാത്മ്യമില്ലാത്തത്? കേവലം അത്ഭുതകമ്മങ്ങളെകൊണ്ടുമാത്രം ഒരുവനു മാഹാത്മ്യമുളവാകയില്ല. പിന്നെയൊ? ക്ഷേമപ്രദമായ ജ്ഞാനദീപം കൊളുത്തി ലോകത്തെ പ്രകാശമാനമാക്കുന്ന ദിവ്യപുരുഷനത്രെ മഹാൻ. നവാവതാരം ദേവനൊ മനുഷ്യനൊ ആയിട്ടല്ല, ജ്ഞാനത്തിനാണ്. ശ്രീരാമൻ രാജധമ്മത്തിൻെറ നവാവതാരമായിരുന്നു; ശ്രീകൃഷ്ണൻ കമ്മസന്ന്യാസത്തിൻെറ മൂത്തിയായിട്ടാണവതരിച്ചത്; ഭീഷ്മർ സത്യവ്രതത്തിൻെറ മൂത്തിയായിരുന്നു; ഹരിശ്ചന്ദ്രൻ സത്യനിഷ്ഠയുടെ മാഹാത്മ്യത്തെ പ്രകാശിപ്പിച്ചു; വിക്രമാദിത്യൻ പാണ്ഡിത്യത്തിൻെറ മഹിമയെ പുലത്തി; മഹാനായ ഗൌതമബുദ്ധൻ അഹിംസാധമ്മത്തെ പരത്തി; ജീസസ് സ്നേഹംകൊണ്ടു ലോകത്തെ സജീവമാക്കി; കൺഫ്യൂഷ്യസ് വ്യക്തിയേക്കാൾ സമുദായം പ്രമാണമെന്നു തെളിയിച്ചു; മഹമ്മദ് ഭക്തിവിശ്വാസമാഹാത്മ്യത്തെ വളത്തി; ഇങ്ങനെ നവീനാദശ്ങ്ങളെക്കൊണ്ടു ജനങ്ങൾക്കുണ്ടായിരുന്ന ആന്ധ്യത്തെ അകററി ലോകത്തിന് പുതുജീവൻ നല്കിയവരേയാണു നാം ദിവ്യപുരുഷന്മാരായി ആരാധിച്ചുവരുന്നത്. അവർ സാധാരണ മനുഷ്യരേപ്പോലെ തന്നെയാണു ഭൂമിയിൽ ഇരുന്നിട്ടുള്ളതും നടന്നിട്ടുള്ളതും. എങ്കിലും വിത്തൊന്നു വിതച്ചാൽ പത്തായി മുളയ്ക്കുമ്പോലെ, അവരുടെ മുഖത്തുനിന്നു പ്രസരിച്ച വാക്കുകളും അവർ ചെയ്ത പ്രവൃത്തികളും സഹസ്രധാ വ്യാപരിച്ച്, ജനമനസ്സിൽ അങ്കുരിച്ച്, പൊലിപ്പമേററ്, അനേക ചിന്താസന്താനപരമ്പരകളെ ഉല്പാദിപ്പിക്കുന്നു. ഇവരെ മതസ്ഥാപകരെന്നു പ്രശംസിച്ചുവരുന്നുണ്ട്. സത്യമാലോചിച്ചാൽ അവർ ഒന്നുമൊന്നും സൃഷ്ടിച്ചവരല്ല. ചെളിപററ്റ് മങ്ങിക്കിടന്ന കണ്ണാടി ഒന്നുകൂടി തേച്ചുമിനുക്കി തെളിയിപ്പിക്ക മാത്രമാണു ചെയ്തിട്ടുള്ളത്. വജ്രത്തിൻെറ ഒളി ശാണഘഷണംകൊണ്ടു സഹസ്രശഃ പ്രസരിക്കുമ്പോലെ, സനാതനമായ ധമ്മത്തെ കാലദേശാനുസരണം ലോകക്ഷേമത്തിനുതകുന്ന മട്ടിൽ പ്രകാശിപ്പിക്കുന്ന വമ്പന്മാർ എല്ലാനാട്ടിലുമുണ്ടായിട്ടുണ്ട്; ഉണ്ടാകുന്നുമുണ്ട്. ബുദ്ധമതസ്വരൂപത്തിൽ വിളങ്ങിയിരിക്കുന്ന ദിവ്യജ്ഞാനം കാലക്രമംകൊണ്ടു മലിനമായിത്തീന്നപ്പോൾ, അതിനെ

ത്തന്നെ ബ്രഹ്മജ്ഞാനസ്വരൂപത്തിൽ തെളിയിച്ച് ജനങ്ങളെ വൈദികധർമ്മത്തിൽ പിന്തിരിച്ച ശ്രീശങ്കരാചാര്യരുടെ വൈഭവത്തിൽ ഒട്ടും കുറഞ്ഞ ദിവ്യത്വമല്ല, ഇന്നു സർവ്വരാജ്യങ്ങൾ തമ്മിലുള്ള വഴക്കുകളും ശണ്ഠകളും അടർക്കളത്തിൽ പൊരുതി അനവധി പ്രാണനാശവും ധനനാശവും വരുന്നവാറല്ലാതെ സമാധാനപൂർവ്വം രഞ്ജിപ്പിച്ചു തീരത്തക്കവണ്ണം ഒരു മഹാസമിതിയുണ്ടാക്കി സാഫല്യാധീനപാരമ്യത്തെ വരുത്തിയ അമേരിക്കൻ ഐക്യനാട്ടിലെ പ്രസിഡണ്ടിന്റെ മാഹാത്മ്യമെന്നു പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല. കലിയുഗം കൃതയുഗമാകുന്നതു് അസാധ്യമെന്നുതന്നെയിരുന്നാലും, "മാഗ്ഗാരബ്ധാസ്സർവ്വയത്നാഃഫലന്തി" എന്നു സമാധാനപ്പെടാൻ വഴിയുണ്ടു്.

ക്രിസ്തുവബ്ദം ഇരുപതാം ശതകത്തിലുണ്ടായ മഹാസമരത്തെ പര്യവസാനിപ്പിച്ച വാർസേൽസിലെ സന്ധിയുടെ ഫലമായുദിച്ച സർവ്വരാജ്യസമിതിക്കു കാരണഭൂതൻ അമേരിക്കൻ പ്രസിഡണ്ട് വിത്സൻ ആണെന്ന് ഇന്നെല്ലാവർക്കുമറിയാം. പക്ഷെ, അതിന് ആദ്യം തുലിട്ടയാൾ രണ്ടായിരം കൊല്ലംമുമ്പിൽ റോമാസാമ്രാജ്യത്തിന്റെ മൂലയിൽ കിടന്ന ഗാലിലിയൊ കുന്നിൻ പുറത്തുള്ള നാസറത്ത് എന്ന് പേരായ ചെറുപട്ടണത്തിൽ ജനിച്ച ഒരു മഹാനാണെന്ന് ഓർമ്മിക്കുമൊ എന്തൊ? സ്നേഹവിശ്വാസൈകമത്യങ്ങളുടെ ശ്രേയോദകത്വത്തെപ്പററി മനസാവാചാകർമ്മണാ ബോധിപ്പിച്ച മഹാനായിരുന്ന ജീസസ്സിന്റെ ഉപദേശങ്ങളെ അനുവർത്തിക്കുന്നവരെന്ന അഭിമാനിക്കുന്നവർ തമ്മിലുണ്ടായിട്ടുള്ള തല്ലും തലകീറും ഇത്രമാത്രമെന്നു പറഞ്ഞൊതുക്കാൻ തരമില്ല. യൂറോപ്പുമഹാഖണ്ഡത്തിന്റെ മദ്ധ്യകാലചരിത്രം മുഴക്കെ ക്രിസ്തുമതത്തിന്റെ നാമധേയത്തിലുണ്ടായിട്ടുള്ള യുദ്ധകാണ്ഡത്തിൽ അടങ്ങുമെന്നു പറയാം. കർമ്മക്രൂരാവേശമാകുന്ന കാർമുകിൽകൊണ്ടു മൂടിയിരുന്ന പാശ്ചാത്യനഭോമണ്ഡലത്തിൽ ഇടയ്ക്കിടെ സ്നേഹകിരണങ്ങളെ പ്രദാനംചെയ്ത ചില ദിവ്യനക്ഷത്രങ്ങൾ തെളിയാതിരുന്നില്ല.

ബോഹീമിയാ രാജ്യാധിപനായിരുന്ന ജാർജിസ്, ക്രൈഡൂവർ തമ്മിൽ നടന്ന കുത്തും കൊലപാതകവും കണ്ടു സഹിക്കാൻ വഹിയാതെ, ക്രിസ്ത്യൻ രാജാക്കന്മാർ ഒന്നിച്ചുചേന്ന് ഒരു മഹാസദസ്സു മുഖാന്തരം വിവാദങ്ങളെ പറഞ്ഞൊതുങ്ങുന്നതുത്തമമെന്നു നിനവുണ്ടായി, പോളണ്ടിലെയും ഹംഗരിയിലെയും രാജാക്കന്മാരെ കൂട്ടുപിടിച്ച്, പരന്തരീസ്സു രാജാവിന്റെ അടുക്കൽ ദൂതന്മാരെ അയച്ചു. എ. ഡി. ൧൪൬൪-ൽ വേനക്കാലത്തു് ഒരു ദിവസം രാവിലെ ബൊഹീമിയാരാജ്യത്തിന്റെ തലസ്ഥാനമായിരുന്ന പ്രേഗ് നഗരത്തിൽ നിന്ന് അശ്വാരൂഢന്മാരായ നാല്പതു പ്രഭുക്കന്മാർ ഒരു നായകനോടുകൂടി ദൂതകൃത്യത്തിന്നു പരന്തരീസ്സു് നാട്ടിലേക്കു യാത്രതിരിച്ചു. അക്കാലത്തു പെരുവഴികൾ പോലും ദുസ്തരങ്ങളായിരുന്നു. യാത്രയ്ക്കു സൌ

കയ്യമാകട്ടെ, വഴിമേൽ താവളങ്ങളാകട്ടെ കുറവായിരുന്നതു പോകട്ടെ; കുന്നും കുഴിയുമായികിടന്ന പന്ഥാവിൽ പിടിച്ചുപറിക്കാരുടെ അക്രമങ്ങൾ കലശലായിരുന്നു. ഇന്ന് ഒന്നാംതരം തീവണ്ടിയിൽ സൂയ്യപടമെത്തയിൽ ഞെളിഞ്ഞിരുന്ന്, സകല സൌകയ്യങ്ങളും സുഖങ്ങളും അനുഭവിച്ച്, വായുവേഗേന കാഴ്ചകളുംകണ്ടു് ഉല്ലസിച്ചു സഞ്ചരിക്കുന്നവക്ക്, അന്നുണ്ടായിരുന്ന സഞ്ചാരസങ്കടങ്ങളെ സ്വപ്നേപി അറിയാൻ മാൎഗ്ഗമില്ല. മാൎഗ്ഗക്ലേശങ്ങളെല്ലാം തരണംചെയ്ത ദൂതസംഘം പരന്തിരീസ്സു രാജസന്നിധിയിലെത്തി വിവരമറിയിച്ചു. വൻകായ്യത്തിനു മറുപടി പറയാനാലോചിച്ചുവേണമെന്നുള്ള പരന്തിരീസ്സു രാജാവിൻെറ കല്പനകേട്ട് അവർ തിരിച്ചുപോയി

പിന്നെക്കഴിഞ്ഞു അന്ത്യരുകൊല്ലം. ബൊഹീമിയാ രാജാവിൻെറ കഥ എല്ലാവരും മറന്നു. പരന്തിരീസ്സു രാജാവായിരുന്ന ലൂയിപതിനൊന്നാമൻെറ ശവം കുഴിച്ചിൽകുത്തിമണ്ണായി. അന്നാം നവാറിലെ ഹെൻറി എന്ന പ്രസിദ്ധരാജാവു മന്ത്രിസത്തമനായിരുന്ന സള്ളിപ്രഭുവുമായി രാജ്യകായ്യങ്ങളെപ്പററി സംഭാഷണം നടത്തികൊണ്ടിരിക്കുംമദ്ധ്യേ യൂറോപ്പാസകലം ഒരു തറവാട്ടുപോലെ ചേൎന്നിരിക്കുന്നതു നന്നായിരിക്കുമെന്നൊരഭിപ്രായം പുറപ്പെടുവിച്ചു. മന്ത്രിയാകട്ടെ, ഇതൊരു നേരംപോക്കാണെന്നു കരുതി അതു വകവച്ചില്ല. എന്നാൽ രാജാവ് അക്കായ്യം പിന്നെയും പിന്നെയും ഉപന്യസിക്കയാൽ, അദ്ദേഹം ഒരു ഉപന്യാസമെഴുതിയുണ്ടാക്കി സമൎപ്പിച്ചതു് ഇന്നും കിടക്കുന്നുണ്ട്. യൂറോപ്പിൽ ഒരു മഹാരാജസമതിയുണ്ടാക്കി, രാജാക്കന്മാരെല്ലാം സഹോദരന്മാരെപ്പോലെ വൎത്തിച്ച്, യുദ്ധസംഭാരങ്ങളെ കുറയ്ക്കാനുള്ള മാൎഗ്ഗങ്ങൾ അതിൽ ഉപദേശിച്ചിരുന്നു. ഇംഗ്ലണ്ടിൽ അന്നുമഹാരാജ്ഞിയായിരുന്ന എലിസബത്തിനെ വിവരമെല്ലാംധരിപ്പിച്ചു. കായ്യം നടപ്പിൽവരുംമുമ്പിൽ അവരും കാലയവനികയിൽതിരോധാനംചെയ്തു. ക്രിസ്തുവബ്ദം പതിനാറാം ശതകത്തിൻെറ ഒടുവിലത്തേകൊല്ലത്തിൽ പതിനാറുവയസ്സുചെന്ന ഒരു ബാലൻ ഹെൻറിരാജാവിൻെറ സന്നിധിയിൽ ആനീതനായി. ഹ്യൂഗൊഗ്രോഷ്യസ് എന്നു പിന്നീടു പ്രസിദ്ധനായ ആ ബാലൻ അന്നേ ബുദ്ധിമാനും സമൎത്ഥനുമായ ധൎമ്മശാസ്ത്ര പ്രാംസംഗികനായിരുന്നു. ലന്തനാട്ടിലാണ് അയാൾജനിച്ചതു്. പരന്തിരീസ്സു രാജധാനിയിൽ പല പണ്ഡിതന്മാരും അയാളെ ചുററിക്കൂടിയ കൂട്ടത്തിൽ, ഇന്നത്തെ രാഷ്ട്രീയമഹാസമിതിയുടെ ആവിൎഭാവത്തിനു സഹായികളിൽ ഒരുവനായ റാബെട്ട്സെസിലിൻെറ പേരോടുകൂടിയ ഒരു പൂൎവ്വികനുമുണ്ടായിരുന്നത്രെ. സ്വന്തലന്തനാട്ടിൽ തിരിച്ചെത്തിയശേഷം രാഷ്ട്രീയപരസ്പരബന്ധങ്ങളെപ്പററി (International law) എഴുതിയുണ്ടാക്കിയ നിയമഗ്രന്ഥം ഇന്നും പ്രമാണ ഗ്രന്ഥമായി പാശ്ചാത്യർ ഗണിച്ചിരിക്കുന്നു. അപരിഷ്കൃത ജനസമുദായങ്ങൾക്കുപോലും ലജ്ജാവഹമായ വിധം ക്രിസ്തീ

യ രാഷ്ട്രങ്ങൾ തുച്ഛകാരണങ്ങൾക്കു കലഹിക്കുന്നതിനെക്കുറിച്ച് അയാൾ കഠിനമായി ആക്ഷേപിച്ചതു്, മതഭ്രാന്തു പിടിച്ചിരുന്ന നാട്ടുകാൎക്കു തീരെ രസിച്ചില്ല. രാജദ്രോഹിയെന്നു സങ്കല്പിച്ച് അയാളെ പാറാവിലടച്ചു. ബുദ്ധിശാലിനിയായിരുന്ന അയാളുടെ പത്നി പുസ്തകങ്ങൾ അടച്ചുവന്ന പെട്ടിയിൽ ബന്ധിചെയ്തു പരന്ത്രീസ്സു രാജ്യത്തിൽ അയച്ചിരുന്നില്ലെങ്കിൽ അയാളുടെ ആയുൎദ്ദൈൎഘ്യം നിഷ്ഫലമായിത്തീരുമായിരുന്നു. അവിടെ വച്ച് എഴുതിയ ഗ്രന്ഥങ്ങളുടെഫലം, മുന്നൂറുകൊല്ലം കഴിഞ്ഞതിൽപിന്നെ സ്വന്തമായ ലന്തനാട്ടിൽ ചേൎന്ന ഹേഗ് എന്ന മഹാനഗരത്തിൽ സൎവ്വരാജ്യനീതിഭരണകോടതി (Court of International Justice) സ്ഥാപിച്ചതുകൊണ്ടു സിദ്ധമായി. ഗംഭീരന്മാരായ ന്യായാധിപന്മാർ ഇന്നു രാഷ്ട്രീയനീതിയെ അവിടെവച്ചു നടത്തിവരുന്നതിനെകാൾ വലുതായ ഒരു സ്മാരകം ഗ്രേഷ്യസ്സിനുണ്ടാകാനില്ല.

ഛന്നൂറ്റെട്ടാമാണ്ടു ഗ്രോഷ്യസ്സ് മരിക്കുന്നതിനേതാനും മാസംമുമ്പു് ഒരു ബ്രിട്ടീഷ് കപ്പിത്താൻെറ മകനായി വില്യംപെൻ എന്നൊരു ബാലനുണ്ടായി. ഉടമ്പടികൊണ്ടും മാദ്ധ്യസ്ഥ്യംകൊണ്ടും (Arbitrataion) തൎക്കങ്ങൾ തീൎക്കാമെന്നും അതിനുയുദ്ധം വേണ്ടെന്നും അയാൾ വെളിപ്പെടുത്തി. ചെറുകുട്ടിയായിരിക്കുമ്പോൾ തന്നെ അയാൾ "മിത്രസമാജ" (Quakers) ത്തിൽ അംഗമായി. ഈ സമാജക്കാരെ ദ്രോഹികളാണെന്നു സങ്കല്പിച്ചു ശിക്ഷിച്ചുവന്ന അക്കാലത്തു് ആ സംഘത്തിൽചേരാൻ ധൈൎയ്യപ്പെട്ടതുകൊണ്ടുതന്നെ അയാളുടെ ദൃഢബുദ്ധി തെളിയുന്നുണ്ടല്ലൊ. അചിരേണ അഛൻ മരിച്ച് അയാൾ വൎത്തകനായി. നാട്ടിലെ രാജാവുപോലും അയാളുടെ അഛനു കടംവീട്ടാനുണ്ടായിരുന്നു. അതിന്ന് അമേരിക്കയിൽ ഭൂമികൊടുത്തു കടംവീട്ടി. മിത്രസമാജക്കാൎക്ക് അവിടെപോയി നിർബ്ബാധം പാൎക്കാമായിരുന്നു. നമ്മുടെ വില്യംപെൻ അങ്ങനെ അമേരിക്കയിലെത്തി. അങ്ങോട്ടേക്കു പുറപ്പെടുംമുമ്പിൽ മഹാരാജാവിനെ മുഖം കാണിച്ച് പുതിയനാട്ടിൽ ഒരു പുതുഭരണരീതി പരീക്ഷിക്കാൻ നിശ്ചയിച്ചിരിക്കയാണെന്നറിയിച്ചു. ആ നാട്ടുകാരും വെള്ളക്കാരും തമ്മിലുള്ള തൎക്കങ്ങളെ പൊരുതിയല്ലാതെ രാജിയായിത്തീൎക്കുന്നുണ്ടെന്നറിയിച്ചപ്പോൾ, രാജാവു് "ഹിംസ്രമൃഗപ്രായന്മാരായ നാട്ടുകാർ (Red Indians) നല്ലൊരാമിഷമായിത്തീരാതിരുന്നാൽ ഭാഗ്യം" എന്നു ചിരിച്ചു നേരംപോക്കായി കല്പിച്ചു. ദൃഢവ്രതനായിരുന്ന പെൻ രാജാവിൻെറ ആശങ്കയെ ക്ഷണേന അകററി. അമേരിക്കയിൽ മുമ്പിൽ കുടിയേറിയിരുന്ന വെള്ളക്കാർ നാട്ടുകാരെ ദ്രോഹിച്ച് അനവധിപേരേ കൊന്നാണു നാടുപിടിച്ചുവന്നതു്. പെന്നാകട്ടെ, അവരെസ്നേഹിക്കയും രക്ഷിക്കയുംചെയ്തു. അവരുടെ സഖ്യം നേടി; എന്നിട്ട് ഒരു കാൎയ്യത്തിനും മേലാൽ വഴക്കുതീൎക്കാൻ പോർ ചെയ്കയില്ലെന്നും

സമാധാനമായി പറഞ്ഞുതീൎന്നുകൊള്ളാമെന്നും ഉടമ്പടിചെയ്തു. പെൻസിൽവേനിയാ എന്ന ഐക്യനാട്ടിലെ ജില്ലയ്ക്കു് ഇന്നും പെന്നിൻെറ പേർ നിലനില്ക്കുന്നു. അവിടെമാത്രം തോക്കും ഉണ്ടയും വേണ്ടിവന്നിട്ടില്ല. അന്നു വില്യംപെന്നും നാട്ടുകാരും തമ്മിൽ ചെയ്ത ഉടമ്പടിയുടെ ഒരു വലുതായപതിപ്പാണു് ഇന്നു സൎവ്വരാഷ്ട്രീയമഹാസമിതിയുടെ കരാറായിത്തീൎന്നിരിക്കുന്നതു്.

...VILASAM READING...

## കരിയില.

( ജി. ശങ്കരക്കുറുപ്പു്. )

൧. തരുശിഖരമലങ്കരിച്ചുകൊ-
ണ്ടരുമമദമാൎന്നിളകും പ്രവാളമേ,
ഒരുകരിയിലഞാൻ,ക്ഷമിക്കുകെൻ-
പരുഷരവംസുഖഭംഗമേകുകിൽ.

൨. നുകരുനുകരുജീവിതാസവം
സപികമുഖമാൎത്ത്യതുളുമ്പുവോളവും.
അകലുഷസുഖമത്തനായ് മറ-
ക്കുകനിജസതപരഭംഗുരസ്ഥിതി.

൩. ഹിമകണമണിമാലചാൎത്തിടും
സുമധുരരൂപഭവാൻെറപൊന്നുടൽ
ശ്രമവിവശമദാകുലാലസ-
ഭ്രമരികൾതൻപരിരംഭമേൽക്കുക.

൪. ശലഭികൾപലവൎണ്ണമോടടി-
ഞ്ഞുലവൊരുതൻവസനാഞ്ചലത്തിനാൽ,
ജപലദിനപരിപീഡപാറുകിൽ,
സ്സുലളിതദേഹ, ഭവാനെവീശുക.

൫. പ്രതിനിമിഷവിവൃദ്ധരാഗനായ
ശ്രുതിസുഭഗം പികഗീതികേൾക്കുക.
പതിതരിവരെനോക്കൊലാ, സദാ-
ഗതിയുടെവീൎപ്പുകളാൽവിളക്കൊലാ!

൬. തവനിലയിലസൂയയല്ലെനി-
ക്കവസിതജീവിതസൗഖ്യനാകിലും

സുവദന,ജവനശപരതപമോ-
ത്തവശമനസ്സുവ്യഥാപിടയ്ക്കയാം.
൭. ഉലകിതുംപരിണാമി; നിത്യമാം
നിലയിതിലില്ലൊരുവസ്തുവിന്നുമേ.
മല കടൽ; മരുഭൂതലം മഹാ-
ജലനിധി യെന്തുമഹേന്ദ്രജാലമോ?
൮. അലഘുസുഖപിപാസകാരണം
ദലദധരംമുഖമൊന്നുയൎത്തവേ,
മലരൊരുപകൽകൊണ്ടുപൂഴിയിൽ
ഫലരഹിതംപതിയുന്നിതാഹതം.
൯. സരഭസമനുരാഗമന്ത്രമോ-
ട്ടരസിമുകൻമുകൻപണ്ടയേ
സുരഭിമധുകുടിച്ചുപോന്നവ-
ണ്ടരനിമിഷംമതിവിസ്മരിക്കവാൻ!
൧൦. ചിറ, വിലയമെഴാത്തകണ്ണുനീ—
രുറവിൻതീക്ഷ്ണതോക്ഷ്മോളവും
മറവിദൃഢമനുഗ്രഹത്തിനാം;
മുറവിളിപേൎത്തിടുമോമ്മയെന്തിനോ?
൧൧. ആകരുണവിധിതൻമഹാസിയാൽ
ശകലിതമാകിയജന്തുജീവനിൽ
പകരുകപരമാമൃതം സദാ
സുകഠിനവേദനപോക്കിവിസ്മൃതി.
൧൨. കനകകവചിതാംഗനായിതേ
വനനഗശാഖയിൽവാണിരുന്നുഞാൻ.
ഘനനിഴലുകളേററുപൂട്ടുതൻ
നിനവുമകന്നുമറന്നുഭാവിയെ.
൧൩. പരമസുഷമാഞ്ഞുമാഞ്ഞുപോയ്
പരമൊരുകാളിമയാളിമേനിയിൽ.
നിരവധികനിരാശയാംപെരും-
ഗരളമടിക്കടിഞാൻകുടിക്കയാൽ.
൧൪. വിറപൂണ്ടുനിൽക്കെയൊരുതെന്നലേററുഞാൻ
തറമേലടിഞ്ഞിതരമെത്തുമന്തിയിൽ.
കുറവററനീയുമിനിവാടിവീണുപോം
പിറകേപതിപ്പതിനുമെത്തയാകുവാൻ!

# കർഷകവൃത്തി.*

[ ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ. എം. എ; ബി.എൽ. എം. ആർ എ. എസ്സ്. ]

ഭാരതവർഷത്തിന്റെ സുസ്ഥിതി ആദിമകാലങ്ങളിലെന്നപോലെ ഇന്നും കർഷകവൃത്തിയെതന്നെ ആശ്രയിച്ചിരിക്കുന്നു. പ്രാചീന ഭാരതീയർ പശുപാലനത്തിനും കൃഷിക്കും സൌകര്യമുള്ള നദീമാതൃകങ്ങളായ ഗ്രാമഭൂമികളെ അധിവാസത്തിനായി തിരഞ്ഞെടുക്കുകയും ധനധാന്യസമൃദ്ധിക്കായി പ്രകൃതിദേവതകളെ ആരാധിക്കുകയും സർവതോമുഖമായ ഐശ്വര്യത്തെ ലക്ഷീകരിച്ച് പ്രയത്നിക്കുകയും ചെയ്തുവന്നു. വേദങ്ങൾ ഐഹികമായ അഭ്യുദയത്തിനും ആമുഷ്മികമായ നിശ്രേയസത്തിനും ഒന്നുപോലെ പ്രാമാണ്യം നല്കിക്കാണുന്നു. കൃഷിയാൽ ജീവിച്ചുവന്ന ഒരു സമുദായം ഗോവിനെ കാമധേനുവായി സങ്കല്പിച്ച് അതിനെ പൂജിക്കുവാൻ ഒരുമ്പെട്ടത് അസ്വാഭാവികമല്ലല്ലൊ. ക്ഷീരത്തേക്കാൾ ശ്രേഷ്ഠമായ ഒരാഹാരമൊ ഗോമയത്തേക്കാൾ സാധീയസ്സായ ഒരു വളമൊ ഇന്നും ലോകത്തിലില്ലെന്നുള്ളതു് സർവസമ്മതമാകുന്നു.

നമ്മുടെ പൂർവികന്മാർ ധനസമ്പാദനത്തെ പുഛിച്ചിരുന്നു എന്ന് പറയുന്നതു് പരമാർത്ഥമല്ല. അന്നം പ്രാണനാകുന്നു എന്ന് ശ്രുതി ഘോഷിക്കുന്നു. ആദ്യമായ ധർമ്മസാധനമാകയാൽ ശരീരം സർവാത്മനാ രക്ഷ്യമാണെന്നും ആ രക്ഷയ്ക്കു് അർത്ഥം ആവശ്യകമാകയാൽ അതുതന്നെയാകുന്നു ചതുർവർഗ്ഗസൌധത്തിന്റെ അസ്ഥിവാരമെന്നുള്ളതിനെപ്പററി പ്രാക്തനാചാര്യന്മാർക്കു വിസംവാദമുണ്ടായിരുന്നില്ല.

"സശ്ലാഘ്യസ്സഗുണീധന്യഃ
സകുലീനസ്സബുദ്ധിമാൻ
സശൂരസ്സചവിക്രാന്തൊ
യസ്ത്വാംലക്ഷ്മി! നിരീക്ഷസെ"

എന്നു വിഷ്ണുപുരാണത്തിൽ പ്രസ്താവിച്ചുകാണുന്നു. ധർമ്മം, വിദ്യ, ഇവപോലെ അർത്ഥവും കണംകണമായി സഞ്ചയിക്കേണ്ടതാണെന്നും ഒരുകാലത്തു പരമാണുവായിരുന്നതാണു് ഇപ്പോൾ മഹാമേരുവായി പരിണമിച്ചിരിക്കുന്നതെന്നും നീതിശാസ്ത്രകാരന്മാർ ഉപദേശിക്കുന്നു. മനുഷ്യൻ ത്രിവർഗ്ഗങ്ങളാകുന്ന ധർമ്മാർത്ഥകാമങ്ങളെ ഒന്നുപോലെ സേവിക്കേണ്ടതാണെന്നും, നിസ്സ്വനായി ജീവിയ്ക്കേണ്ട ആവശ്യമില്ലെന്നും, എന്നാൽ ധർമ്മാർത്ഥങ്ങൾ

* ഇരണിയൽ കർഷകരുടെ സമ്മേളനത്തിലെ അദ്ധ്യക്ഷ പീഠത്തിൽനിന്നു ചെയ്ത വാചാപ്രസംഗത്തിൽ ഒരുഭാഗം ലേഖകൻ എഴുതിഅയച്ചു തന്നതു്

ക്ക് വിരോധം കൂടാതെ കാമത്തെ ആരാധിക്കണമെന്നും, അർത്ഥകാമങ്ങളെ ഉപേക്ഷിച്ച് ധർമ്മത്തെമാത്രം ഉപാസിക്കുന്നവൻ പക്വമായ ക്ഷേത്രത്തെ പരിത്യജിച്ച് ഊഷരഭൂമിയിൽ കൃഷി ചെയ്യുന്നവനാണെന്നും സോമദേവൻ ഉപന്യസിക്കുന്നു. ധർമ്മവർജ്ജിതങ്ങളായ അർത്ഥകാമങ്ങളെ പരിത്യജിക്കണമെന്ന് അനുശാസിക്കുന്ന മനുവും ഉത്തരക്ഷണത്തിൽ അസുഖോദർക്കവും ലോകവിക്രുഷ്ടവുമായ ധർമ്മത്തെ വച്ചു പുലർത്തരുത് എന്ന് ഗുണദോഷിക്കുന്നു. വാസ്തവത്തിൽ ധർമ്മാർത്ഥകാമങ്ങളെ മൂന്നു സേവാമൂർത്തികളായി പരിഗണിക്കാം. അവയിൽ ഏതെങ്കിലും ഒന്നിനെ അനന്യചിന്തയോടും അത്യാസക്തിയോടുംകൂടി ഭജിച്ചാൽ മററു രണ്ടും കോപിക്കും. ദേഹിക്ക് അധിവസിക്കേണ്ട ലോകങ്ങൾ ഐഹികവും ആമുഷ്മികവും ഇങ്ങനെ രണ്ടുണ്ട്. ആമുഷ്മികസുഖത്തിനു ഹാനിതട്ടാത്ത വിധത്തിൽ ഐഹികസുഖം അനുഭവിക്കുന്നവനാകുന്നു സുഖി. ധർമ്മാർത്ഥകാമങ്ങൾക്കു പരസ്പരവിരോധം സംഭവിക്കുന്ന സന്ദർഭങ്ങളിൽ "പൂർവഃപൂർവോബലീയാൻ". അതായതു ധർമ്മത്തെ പുരസ്കരിച്ച് അർത്ഥത്തേയും അർത്ഥത്തെ പുരസ്കരിച്ചു കാമത്തേയും തിരസ്കരിക്കണമെന്നുള്ള ആപ്തവാക്യംകൂടി ഈ അവസരത്തിൽ സ്മരണീയമാണ്. തേന്മാവു നടുന്നതു പ്രധാനമായി ഫലത്തെ ഉദ്ദേശിച്ചാണെന്നും ഛായയും ഗന്ധവും അതോടുകൂടി ആനുഷംഗികമായി ലഭിക്കാവുന്നതാണെന്നും അതുപോലെ മനുഷ്യൻ ധർമ്മനിരതനായി ജീവിക്കണമെന്നും അർത്ഥകാമങ്ങൾ തദ്ദ്വാരാ സിദ്ധിക്കുമെന്നും ആപസ്തംബാദിസ്മൃതികാരന്മാർ പറയുന്നതിൽ ഇതിലധികമായി ഫലിതാർത്ഥമില്ല. അലബ്ധലാഭം, ലബ്ധരക്ഷ, രക്ഷിതവൃദ്ധി ഈ മൂന്നു പദ്ധതികളിൽ അർത്ഥോപാസ്തി പ്രവർത്തിക്കുന്നു. ആരംഭിക്കാത്തതു് ആരംഭിക്കുക; ആരംഭിച്ചതു് അനുഷ്ഠിക്കുക; അനുഷ്ഠിച്ചതു ആഫലോദയമാക്കുക, ഇവ എല്ലാസാദ്ധ്യങ്ങളുടെ സിദ്ധിക്കും ആവശ്യകമാണല്ലൊ. ഇവയിൽ ഒന്നിനേക്കാൾ മറെറാന്നിന് ഉയർച്ചയൊ താഴ്ചയൊ ഉള്ളതായി കരുതാവുന്നതല്ല.

അർത്ഥസംഗ്രഹത്തിൻെറ ആശാസ്യതയെ സമർത്ഥിക്കുന്ന അവസരത്തിൽ ആചാര്യന്മാർ താദാത്വികന്മാർ, (അന്നന്നു സമ്പാദിച്ച് അന്നന്ന് ഉപജീവിക്കുന്നവർ) മൂലഹരന്മാർ, (സമ്പാദിച്ച സ്വത്തുമുഴുവൻ ദീപാളി കുളിക്കുന്നവർ) കദര്യന്മാർ, (അറുത്തകൈയ്ക്ക് ഉപ്പുതേയ്ക്കാതെ പണം ശേഖരിക്കുന്നവർ) ഈ മൂന്നുകൂട്ടരേയും ഒന്നുപോലെ അവഹേളനം ചെയ്യുന്നുണ്ട്. താദാത്വികന്മാർ ഒരിക്കലല്ലെങ്കിൽ മറെറാരിക്കൽ യാചകവൃത്തിയിൽ ഏർപ്പെടേണ്ടിവരുന്നു.

"ദേവഏവലോകേശ്രുചിമല്പമത്തം
ബാലാദകാര്യേഷ്വവിനിയോജയേതേ;

നീചാവമാനപ്രഭവോഹിമന്യുഃ
ക്ഷുധാവസന്നഞ്ചഗൃഹേകളത്രം"

അതായത് "ഒരുവൻ എത്രമാത്രം വിശുദ്ധനായും പ്രമാദമില്ലാത്തവനായും ജീവിച്ചാലും രണ്ട് അവസ്ഥകൾ അവനെ അപഥത്തിൽ ചരിപ്പിക്കുന്നതിനു പര്യാപ്തങ്ങളായിത്തീരുന്നു; അവയിൽഒന്ന് നീചനായ അന്യൻ അവമാനിച്ചാൽ അതിങ്കൽ നിന്നുണ്ടാകുന്ന കോപവും മറെറാന്ന് ഗൃഹത്തിൽക്ഷുത്തുകൊണ്ടു വലയുന്ന ഭാര്യയുമാകുന്നു" എന്നുള്ള ലോകരഹസ്യം മനുഷ്യൻ മറക്കരുത്. അതുപോലെതന്നെ ആരാമത്തിൽചെന്നാൽ മാലാകാരനെപ്പോലെ വിരിഞ്ഞവിരിഞ്ഞ പൂവിറുത്തുകൊൾകയല്ലാതെ "ദാരുമൂലാർത്ഥിയാകുമംഗാരകാരകൻെറ കാരിയം കാട്ടീടരുത്" എന്നും ഉള്ളതു് അനുക്തസിദ്ധമാകുന്നു. പിശുക്കൻെറ സ്ഥിതിയെപ്പററി വേദവ്യാസൻ,

"അദാതാപുരുഷസ്ത്യാഗീ
ധനം സന്ത്യജ്യഗച്ഛതി;
ദാതാരം കൃപണംമന്യേ
മൃതോപ്യർത്ഥം നമുഞ്ചതി."

എന്ന പദ്യത്തിൽ ഭംഗിയായി അപഹസിക്കുന്നുണ്ട്. ആൎക്കും ഒന്നും കൊടുക്കാതെ മരിക്കുന്ന പുരുഷൻ തന്നെയാകുന്നു ത്യാഗി; എന്തെന്നാൽ അവൻ താൻ നേടിവെച്ച ധനം മുഴുവൻ ഇവിടെത്തന്നെ കളഞ്ഞുംവച്ച് പരലോകത്തേക്കു പോകുന്നു. നേരെമറിച്ച് ദാതാവിനെയാകുന്നു കൃപണനെന്നു വിചാരിക്കേണ്ടതു്; എന്തെന്നാൽ അവൻ താൻ നേടിവച്ച ധനം മുഴുവൻ മരിച്ചാലും വിട്ടുപിരിയാതെ ഇവിടെനിന്നു പരലോകത്തേക്കു കൊണ്ടുപോകുന്നു. ഈ മൂന്നു ദോഷങ്ങൾക്കും വശംവദനാകാതെ

"അകൃത്വാപരസന്താപ-
മഗത്വാഖലനമ്രതാം
അക്ലേശയിത്വാചാത്മാനം
യൽസ്വല്പമപിതൽബഹു."

അന്യന്ന് സന്താപമുണ്ടാക്കാതേയും ദുഷ്ടന്നു മുൻപാകെ തല കുനിക്കാതേയും ആത്മാവിനെ അന്യായമായി ക്ലേശിപ്പിക്കാതേയും നേടുന്ന ധനം സ്വല്പമായാലും വലുതായി കരുതന്നമെന്നുള്ള ന്യായത്തെ മുൻനിറുത്തി ഏവൻ ലോകയാത്ര ചെയ്യുന്നുവൊ അവനത്രെ ദ്വിതീയ പുരുഷാൎത്ഥത്തിൻെറ മൎമ്മവേദി.

വിരോധേന മാത്രമേ അൎത്ഥസഞ്ചയം പാടുള്ളു എന്നുവരുമ്പോൾ തദനുരോധേന അതിയായ ധനസമ്പാദനം അനാശാസ്യമായി തീരുന്നു. ഐശ്വൎയ്യമദം ഭുജത്തെ നോക്കും; രൂപമദം ദൎപ്പത്തെ നോക്കും; കാമമദം സ്ത്രീയെ നോക്കും; മേലുകീഴൊ മുൻപിന്നൊ നോക്കാതെ നില്ക്കുന്നതു ജാ

ത്ത്യന്ധമായ ഐശ്വൎയ്യമദം മാത്രമാകുന്നു എന്നു കവികൾ ഉപന്യസിക്കാറുണ്ടു്. ഐശ്വൎയ്യമാകുന്ന തിമിരം നീങ്ങി കണ്ണിനു പിന്നെയും കാഴ്ച വേണമെങ്കിൽ കാലം അതിൽ ദാരിദ്ര്യഗുളികകൊണ്ടു് അഞ്ജനമെഴുതണമെന്നും പറയാറുണ്ടു്. അതിഹൎഷം അരുതു്. ധനം മനുഷ്യനെ ഹൃഷ്ടനാക്കുന്നു; ഹൃഷ്ടനായാൽ ദൃപ്തനായി; ദൎപ്പം വന്നാൽ ധൎമ്മാതിക്രമമായി; ധൎമ്മാതിക്രമം വന്നാൽ പുനശ്ച നരകവുമായി എന്നു് ആപസ്തംബൻ ഐശ്വൎയ്യമദത്തിൻെറ ദോഷപരമ്പരയെ പ്രപഞ്ചനം ചെയ്യുന്നു. "ത്യാഗായ സംഭൃതാൎത്ഥനാം" എന്ന കാളിദാസവാക്യത്തിൽ ഒരു വലിയ സദുപദേശം അന്തൎഭവിച്ചിട്ടുണ്ടു്. പാത്രത്തിലുള്ള ദാനത്തിൻെറ വൈഭവത്തെയും പലമാതിരിയിലുള്ള യാഗങ്ങളുടെ മാഹാത്മ്യത്തേയും പററി പ്രാചീനാചാൎയ്യന്മാർ വൎണ്ണിച്ചിട്ടുള്ളതു രോഗാൽപാദകമായ ധനമേദസ്സിനെ ഭാരതീയർ കാലാനുരൂപമായി ആത്മഹിതത്തേയും അന്യഹിതത്തേയും മുൻനിൎത്തി ഛേദിക്കുന്നതിനു് വേണ്ടിയാകുന്നു. അവൎക്കു് പൎവ്വതപ്രമാണമായ സമ്പന്നതയും ഗഹ്വരപ്രമാണമായ ദരിദ്രതയും ഒന്നുപോലെ ഉദ്വേഗജനകമായിരുന്നു. ഭാരതീയ സമുദായത്തെ സമ്പദ്വിഷയത്തിൽ ഒരു സമതലമായി കാണണമെന്നായിരുന്നു അവരുടെ അഭിനിവേശം. തന്നിമിത്തം സമ്പത്തിൻെറ അധിഷ്ഠാന ദേവതയുടെ പിതാവായ സമുദ്രം ഒരുകാലത്തു് അവൎക്കു് ഏററവും സഞ്ചാരയോഗ്യമായിരുന്നു എങ്കിലും അനന്തരകാലങ്ങളിൽ ആ സഞ്ചാരം അധൎമ്മമായിതോന്നി. ബോധായനൻ സമുദ്രായനം ഔത്തരാഹന്മാരുടെ ദേശധൎമ്മങ്ങളിൽ ഒന്നെന്നു വിധിക്കുകയും ദാക്ഷിണാത്യന്മാരെ അതിൽനിന്നു് വിരമിപ്പിക്കുകയും ചെയ്തു. "സത്യംവദ" എന്ന വേദാനുശാസനത്തിനു് ഉൾപ്പെട്ടു നടക്കേണ്ടി വരികയാൽ അനൃതംകൊണ്ടു കൈകാൎയ്യം ചെയ്യേണ്ടു വാണിജ്യത്തിലും അവൎക്കു വലിയ ആസക്തി തോന്നിയില്ല, "കുഹനാസൂക്തിമയീം കുസീദവൃത്തിം" എന്നു പണക്കച്ചവടത്തെ അവർ ബലമായി അധിക്ഷേപിക്കുന്നുണ്ടു്. സമുദായത്തിൽ ഉച്ചനീചത്വങ്ങൾ വൎദ്ധിപ്പിക്കുന്നതിനു പ്രയോജകീഭവിക്കുന്ന ബൃഹദ്വ്യവസായങ്ങളും അവരെ ആകൎഷിച്ചില്ല. "മഹായന്ത്രപ്രവൎത്തന"ത്തെ മനു നിഷിദ്ധകോടിയിൽ തള്ളിയിരിക്കുന്നതു് ഗാൎഹിക വ്യവസായങ്ങൾക്കു ഹസ്താവലംബം നല്കിതദ്വാരാ ഭാരതീയരുടെ ആകമാനമുള്ള കുടുംബയോഗക്ഷേമത്തെ വൎദ്ധിപ്പിക്കുന്നതിനല്ല എന്നു് ആൎക്കു ഖണ്ഡിച്ചുപറവാൻ സാധിക്കും? പാശ്ചാത്യരാജ്യങ്ങളിൽ വ്യവസായവിപ്ലവം നിമിത്തം സംഭവിച്ചിട്ടുള്ള സ്ഥിതിഗതികളുടെ ഭയങ്കരമായ പരിണാമം ആ വ്യവസായങ്ങളെ ആ രീതിയിൽതന്നെ നമ്മുടെ ഇടയിൽ ഇറക്കുമതി ചെയ്താൽ ഉണ്ടാകാവുന്ന അനിഷ്ട ഫലങ്ങളുടെ ഒരു സാധനപാഠമാകുന്നു.

ഈ പ്രസ്താവനയിൽനിന്നു കൃഷിയും ഗാൎഹികവ്യവസായവും മാത്ര

മാകുന്ന ഒരു രാജ്യത്തിലെ സർവ്വജനീനമായ സമ്പല്ലാഭത്തിനു നിദാനീഭവിക്കുന്നതെന്നു വിശദമാകുന്നു. കൃഷി നിരുപദ്രവമായ ഒരു വ്യവസായമാകുന്നു. ധർമ്മത്തിനു കീഴ്പ്പെട്ടു അർത്ഥാർജ്ജനം ചെയ്യുന്നതിന് അതുപോലെ സുഖകരമായ മാർഗ്ഗം മറെറാന്നുമില്ല. വാണിജ്യാദികർമ്മങ്ങൾക്കു ഫലാപ്തിയിലുള്ള അനിശ്ചിതത്വം നിമിത്തം ഒരു ദ്യൂതത്തിൻെറ ഛായയുണ്ട്. നല്ല മൂലധനമില്ലാതെ വലിയ കച്ചവടമൊ കൈത്തൊഴിലോ ചെയ്യാൻ ആർക്കും സാധിക്കുന്നതല്ലല്ലോ. താപ്പാനയെക്കൊണ്ട് ആനക്കുഴിയിൽ നിന്ന് ആനയെ കേററുന്നതുപോലെയാകുന്നു കൈയിലുള്ള മൂലധനംകൊണ്ടു ദൂരസ്ഥിതമായ അർത്ഥത്തെ സമാർജ്ജനം ചെയ്യുന്നത്. എന്നാൽ കൃഷിക്ക് അത്രമാത്രം മൂലധനം ആവശ്യമില്ല. "ധനമസ്തീതി വാണിജ്യം കിഞ്ചിദസ്തീതി കർഷണം; സേവാംന കിഞ്ചിദസ്തീതി" എന്നു പറയാറുണ്ട്. സ്വല്പം വല്ലതും കൈവശമുണ്ടെങ്കിൽ കൃഷി തുടങ്ങാം. ഇന്നു പ്രവൃദ്ധമായ ദാരിദ്ര്യത്തിനും ഭയങ്കരമായ പരസ്പര വിദ്വേഷത്തിനും ഒന്നുപോലെ ഉന്നേരുകേട്ടിരിക്കുന്നതു ഭാരതീയരാണ്. അന്യോന്യവിശ്വാസമില്ലാത്ത ഒരു സമുദായത്തിന് ഒരുവിധം ജീവനോപായമായി നിലനില്ക്കുവാൻ കൃഷിക്കുമാത്രമെ സാധിക്കുകയുള്ളു. ഈ വൃത്തിയിൽ പരസ്പരപ്രത്യയം ദൃഢമൂലമായതിനുമേൽവേണം അതു് ഇതരവൃത്തികളിൽ സംക്രമിക്കുവാൻ. അതിനാൽ നമ്മുക്കു മാതൃഭൂമിയുടെ പാദശുശ്രൂഷയല്ലാതെ മറെറാന്നുമല്ലാത്ത മഹനീയമായ ഈ കർഷകധർമ്മം സർവ്വഥാ അനുഷ്ഠേയമാണെന്നുള്ളതിനെപ്പററി പക്ഷാന്തരമുണ്ടാകുവാൻ മാർഗ്ഗമില്ല. (തുടരും)

## പൌരാണിക ഭാരതത്തിലെ നളന്ദസർവ്വകലാശാല. *

### (1)

ക്രിസ്തുവിന് ഒരു ശതാബ്ദം മുമ്പ് ആരംഭിച്ച ഒരു വിദ്യാഭ്യാസപ്രസ്ഥാനത്തിൻെറ പ്രധാന്യതയെപ്പററി യുവഭാരതത്തിൻെറ അറിവിന്നായി വിചിന്തനം ചെയ്തുകൊള്ളട്ടെ. അതായതു ശക്രാദിത്യനാൽ സ്ഥാപിതവും ഹ്യൂൺസാങ് എന്ന ചീനപണ്ഡിതൻെറ ഗ്രന്ഥങ്ങളിൽ ൨൦൦ സംവത്സരത്തിനുശേഷം വർണ്ണിതവും ആയ നളന്ദസർവ്വകലാശാലയെ സംബന്ധിച്ചാണു ഞാൻ പ്രസ്താവിക്കുവാൻ ഭാവിക്കുന്നത്. ഇന്ത്യയുടെ ദേശീയസംഘടനയ്ക്കായി ആലോചിച്ചു വരുന്ന ഈ ഘട്ടത്തിൽ ആധുനിക വിദ്യാഭ്യാസസമ്പ്രദായത്തിൽ വലുതായ ഒരുമാററം വരുത്തേണ്ടതു് അത്യന്താപേക്ഷിത

* ടി. എൻ. വസ്വാനിയുടെ ഒരു ലേഖനത്തിൽ നിന്നു

മാണല്ലൊ. നമ്മുടെ ദേശീയജീവിത രൂപവൽക്കരണത്തിന് ആദ്ധ്യസംസ്കാരത്തിൻെറ ചൈതന്യവും ആദർശങ്ങളും ആവശ്യമാണെന്നാണ് എൻെറ ഉത്തമ വിശ്വാസം.

ഹ്യൂൻസാങ് നളന്ദസർവ്വകലാശാല സന്ദർശിച്ചപ്പോൾ അവിടെ കണ്ടതെല്ലാം ഭംഗിയായി വർണ്ണിച്ചിട്ടുണ്ട്. ഈ ചീനസന്ന്യാസി ഒരു പ്രസിദ്ധപണ്ഡിതനായിരുന്നു. അദ്ദേഹം ഒരു ചീനസന്ന്യാസിയുടെ വംശത്തിൽപെട്ട ആളായിരുന്നു എന്നാണ് ഐതിഹ്യം. ഭാരതീയഗ്രന്ഥങ്ങളുടെ ഒരു വാല്യങ്ങൾ ഇദ്ദേഹം പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ഇദ്ദേഹത്തിൻെറ സഞ്ചാരത്തിനിടയിൽ സ്മരണീയമായ ധൈര്യവും അനുകരണീയമായ ആത്മനിയന്ത്രണവും പ്രദർശിപ്പിച്ചിട്ടുള്ളതായി കാണാം. ഒരവസരത്തിൽ ഗംഗാനദി തരണം ചെയ്തുകൊണ്ടിരുന്നപ്പോൾ ഒരുക്കൂട്ടം തസ്കരന്മാർ അദ്ദേഹത്തെ ഉപദ്രവിച്ചു. തൽസമയത്തു രക്ഷക്കായിട്ടാണൊ എന്നു തോന്നുമാറു ഭയങ്കരമായ ഒരു കൊടുങ്കാററുണ്ടായി. ആ വേളയിൽ മേൽപറഞ്ഞ രണ്ടു ഗുണങ്ങളും അദ്ദേഹത്തിൽ നല്ലപോലെ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. "നിങ്ങൾ എത്ര സംവത്സരം സഞ്ചരിച്ചു? എന്നായിരുന്നു നളന്ദസർവ്വകലാശാലയിലെ അദ്ധ്യക്ഷൻ അദ്ദേഹത്തോട് ആദ്യമായി ചോദിച്ചതു്. "മൂന്നു സംവത്സരം" എന്നായിരുന്നു ഹ്യൂൻസാങ് നൽകിയ മറുപടി. ഈ സംവത്സരങ്ങൾ അദ്ദേഹം ജീവിതനിയമങ്ങളെ ചൂണ്ടിക്കാണിക്കുന്നതായ ജ്ഞാനത്തിനായി–ധർമ്മത്തിനായി–ഓരോ സ്ഥലങ്ങളിൽനിന്നും മററു സ്ഥലങ്ങളിലേക്ക സഞ്ചരിക്കുകയായിരുന്നു. "ഞാൻ ചീനരാജ്യത്തുനിന്നും യോഗശാസ്ത്രതത്വങ്ങൾ അറിയുന്നതിനായിവന്നിരിക്കയാണ്" എന്ന് അദ്ദേഹം അദ്ധ്യക്ഷനോടു പറയുകയുണ്ടായി.

യോഗം-ഐക്യം-ഭാരതീയ സംസ്കാരത്തിൻെറ ഒരു പ്രധാന ലക്ഷണമായിരുന്നു. നളന്ദസർവ്വകലാശാല ഒരു പരിപൂർണ്ണസ്ഥാപനം–സമുദായത്തിൻെറ വിവിധ ജീവിത ശാഖകളുടെ സാമ്പത്തികമായും മാനസികമായും ആദ്ധ്യാത്മികമായും ഉള്ള വിവിധശാഖകളുടെ കേന്ദ്രം–ആയിരുന്നു. സർവ്വകലാശാല വകയായി ഒരു കൃഷിത്തോട്ടം ഉണ്ടായിരുന്നു എന്നാണ് ആ സന്ന്യാസി പറയുന്നതു്. സർവ്വകലാശാലയെ സംരക്ഷിച്ചിരുന്നതു നൂറു ഗ്രാമങ്ങളിലെ ആദായം കൊണ്ടായിരുന്നു. കൃഷിയേയും ചെറിയ വ്യവസായങ്ങളേയും പോഷിപ്പിച്ചിരുന്ന ഒന്നായിരുന്നു ഈ വിദ്യാഭ്യാസസ്ഥാപനം. ഏതു വിദ്യാഭ്യാസപദ്ധതിയും ജ്ഞാനത്തെ ജീവിതവുമായിബന്ധപ്പെടുത്തണം നളന്ദസർവ്വകലാശാലയിൽ പണ്ഡിതന്മാരും വിദ്യാർത്ഥികളും പഠിക്കുകയും പ്രവർത്തിക്കുകയും മാത്രമല്ല, കരപരിശീലനവും അഭ്യസിച്ചിരുന്നു. സാമ്പത്തിക വിഷയത്തെ അവർ തീരെ വിസ്മരിച്ചിരുന്നില്ല. ഈ വിഷയം ലോ

കത്തിലെ പല പ്രവാചകന്മാരാലും പുകഴ്ത്തപ്പെട്ടിട്ടുണ്ട്. ക്രിസ്തു ഒരു ആശാരിയായിരുന്നു. സെൻറു പാഠം ഒരു കുടിൽ നിർമ്മാതാവായിരുന്നു. കബീർ ഒരു നെയ്ത്തുകാരനായിരുന്നു. നളന്ദയിലെ അദ്ധ്യാപകന്മാർ കരപരിശീലനങ്ങൾ നടത്തുകയും അവ കുട്ടികളെ അഭ്യസിപ്പിക്കുകയും ചെയ്തിരുന്നു. സർവ്വകലാശാല ഒരു സാമ്പത്തിക കേന്ദ്രമായിരുന്നു. അത് മാനസികാഭ്യസനത്തിൻെറ ഒരു കേന്ദ്രവുമായിരുന്നു. പഠിപ്പിക്കുന്നതിനായി ൧൦൦ പ്രസംഗ പീഠങ്ങൾ ഉണ്ടായിരുന്നുവത്രെ! അദ്ധ്യേതാക്കളുടെ എണ്ണം ൧൦൦൦൦ ആയിരുന്നു. ശാസ്ത്രവും അവിടെ പഠിപ്പിച്ചിരുന്ന വിഷയങ്ങളിൽ ഒന്നാണ്. സർവ്വകലാശാലയിൽ ഉന്നതമായ പര്യവേക്ഷണശാലകൾ ഉണ്ടായിരുന്നു. അവ പ്രഭാതത്തിലെ മൂടൽമഞ്ഞിൽ മറഞ്ഞിരുന്നു. മുകളിലത്തെ മുറികൾ മേഘമാർഗ്ഗത്തെ അതിക്രമിച്ചിരുന്നു. അവിടെ പഠിച്ചിരുന്ന വിഷയങ്ങൾ തർക്കം, സാഹിത്യം, കലകൾ, വൈദ്യം, തത്വശാസ്ത്രം മുതലായവകളായിരുന്നു. എന്നാണ ചീനഗ്രന്ഥങ്ങളിൽനിന്നും മനസ്സിലാകുന്നത്. ബുദ്ധമതഗ്രന്ഥങ്ങൾ പ്രത്യേക ബഹുമാനത്തോടുകൂടി പഠിച്ചിരുന്നു. ഈ വിദ്യാലയം സ്ഥാപിച്ചതും പോഷിപ്പിച്ചതും ബുദ്ധമതാനയായികളായ ആറു രാജാക്കന്മാരായിരുന്നു. അതിൻെറ സ്ഥാപകന്മാരും സംരക്ഷകന്മാരും ബുദ്ധമതക്കാരായിരുന്നു എങ്കിലും അതു വർഗ്ഗീയമായ ഒരു സ്ഥാപനമായിരുന്നില്ല. വർഗ്ഗീയത്വം സംസ്കാരത്തിൻെറ നാശമാണ്. യഥാർത്ഥ സംസ്കാരം മനുഷ്യത്വത്തെ ആകർഷിക്കണം. സർവ്വകലാശാലയുടെ ആദർശം സാർവജനീന ബോധത്തെ ഉണ്ടാക്കുകയാകുന്നു. അതുകൊണ്ടു ബുദ്ധമതഗ്രന്ഥങ്ങളോടുകൂടിത്തന്നെ വേദശാസ്ത്രാദികളും പഠിച്ചിരുന്നു. ആധുനിക രാഷ്ട്രങ്ങൾക്കു മതരഞ്ജനക്ക് ഇതു എത്രയൊ നല്ല ഒരു മാതൃകയാണ്. അദ്ധ്യാപകന്മാരിൽ വിദേശീയരും ഉൾപ്പെട്ടിരുന്നു എന്നു നാം അറിയുന്നു. സരസ്വതി സർവദേശീയയാണ്. അറിവ് ഒരു വർഗ്ഗത്തിൻേറയും കുത്തകയല്ല. നളന്ദസർവകലാശാലയിലെ അന്തരീക്ഷത്തിൽ വർഗ്ഗീയമേന്മയെക്കുറിക്കുന്ന ആധുനികാഭിപ്രായങ്ങളോടു യോജിച്ച ഒന്നും കണ്ടിരുന്നില്ല. അവിടെ യോഗം-ആത്മശാസ്ത്രം-പഠിപ്പിച്ചിരുന്നു. എന്നാൽ ജർമ്മൻ വിദ്യാലയങ്ങൾ അഭിമാനിച്ചിരുന്ന വർഗ്ഗീയമനശ്ശാസ്ത്രമൊ, ഇംഗ്ലീഷുകാർക്ക് ഇഷ്ടമുള്ള "ബ്രിട്ടൻ ഭരിക്കട്ടെ, കടൽ മുഴുവൻ ഭരിക്കട്ടെ" എന്നുള്ള ഭാഗമൊ അവിടത്തെ ഗ്രന്ഥങ്ങൾ പരിശോധിച്ചാൽ കാണുകയില്ല. സാമ്രാജ്യവാദം നളന്ദസർവ്വകലാശാലയിലെ പാഠപദ്ധതിയിൽ ഉൾപ്പെട്ടിരുന്നില്ല. കർമ്മം, ഭക്തി, മററു ദേശങ്ങളിലേയും ദേശക്കാരുടേയും നന്മയെപ്പററിയുള്ള അഭിനന്ദനം, സത്യാന്വേഷണം, ധ്യാനം, മനുഷ്യസേവനം മുതലായവയാണ് അവിടെ അദ്ധ്യാപകന്മാർ പഠിപ്പിച്ചിരുന്നതും അവരുടെ ജീവിത ശാസ്ത്രത്തിൽ ഉൾപ്പെട്ടിരുന്നതും. കർമ്മം നീതിയാണ്. എന്നാൽ ലോകനിയമം ന്യായമാ

ണെന്ന് ഓരോ ദേശക്കാരും വിശ്വസിക്കണം. നീതി സാവധാനത്തിലെ വരുന്നുള്ളു എന്നു തോന്നുമായിരിക്കും. എന്നാൽ അത് വരാതെ തരമില്ല. അതു പൂർവ്വദിക്കിൽ ആദിത്യഭഗവാൻ ഉദയം ചെയ്യുന്നതുപോലെയാണ്. ഓരോ ദേശത്തിൻേറയും പ്രവൃത്തികളും ആഗ്രഹങ്ങളുമാണ് അതാതിൻെറ ഭാവിയെക്കുറിക്കുന്നത്. അവിടെ ഭക്തിയെപ്പററി വിദ്യാത്ഥികളെ പഠിപ്പിച്ചിരുന്നു. പ്രായമായവരോടു മാത്രമല്ല, സഹജീവികളായ പക്ഷികളോടും മൃഗങ്ങളോടും സ്നേഹമുള്ളവരായിരിക്കണം. അറിവു സമ്പാദിക്കുവാൻ വേണ്ടിവന്നാൽ ഒരുവൻ വിദേശീയരുടെ പാദസവിധത്തിൽപോലും ഇരിക്കണമെന്നു വീണ്ടും വീണ്ടും ഗുരുനാഥന്മാർ ശിഷ്യന്മാരോടുപദേശിച്ചിരുന്നു. ജ്ഞാനം സർവ്വദേശീയമായ ഒന്നാണെന്ന് അവർ ധരിച്ചിരുന്നു. ഏതു രാജ്യത്തിലൊ വർഗ്ഗത്തിലൊ പെട്ടവനായിരുന്നാലും ഒരുവൻ പണ്ഡിതനായിരുന്നാൽ അയാൾ സകലരുടേയും ബഹുമാനത്തിന് അഹനായിരിക്കുന്നതാണ്.

ഹ്യൂൻസാങ്ങിന് നൽകിയ സ്വാഗതം ആ സർവകലാശാലയുടെ വിശാല മനസ്ഥിതിയെ ദ്യോതിപ്പിക്കുന്നു അദ്ദേഹം വിദേശീയനായിരുന്നെങ്കിലും പണ്ഡിതനായിരുന്നു. അതുകൊണ്ട് അദ്ദേഹത്തെ പണ്ഡിതനർഹിക്കുന്നവിധത്തിൽ സ്വീകരിക്കേണ്ടതാണല്ലൊ. സർവ്വകലാശാലയിൽ പ്രധാനസ്ഥാനമർഹിച്ചിരുന്ന നാലുപേർ വളരെദൂരം–ഏഴുയോജന–നടന്നു ചെന്നാണ് അദ്ദേഹത്തെ സ്വീകരിച്ചത്. മാർഗ്ഗമദ്ധ്യെ ഒരുഗ്രാമത്തിൽ അദ്ദേഹം വിശ്രമിക്കുന്നു. ഉടനെതന്നെ ൨൦൦ അദ്ധ്യാപകന്മാരും ൧൦൦൦ വിദ്യാത്ഥികളും അദ്ദേഹത്തെ സർവകലാശാലയിലേക്ക് ആനയിക്കുവാനായി അവിടെ വന്നുചേരുന്നു. അവരുടെ കയ്യിൽ കൊടികളും, കുടകളും, സുഗന്ധദ്രവ്യങ്ങളുമുണ്ട്. അദ്ധ്യക്ഷൻെറ അരികിലായി പ്രത്യേകം സജ്ജമാക്കപ്പെട്ടിട്ടുള്ള ഒരു ആസനത്തിൽ ഉപവിഷ്ടനാകുവാൻ അദ്ദേഹത്തോട് അപേക്ഷിക്കുന്നു. അദ്ദേഹം വന്നു എന്ന് അറിയിക്കുന്നതിനും അവിടെയുള്ള സകലവസ്തുക്കളും അദ്ദേഹത്തിൻെറ സൌകര്യത്തിനാണെന്നു തെളിയിക്കുന്നതിനും മണിനാദം മുഴങ്ങുന്നു. ഒരു ഗജവീരനോടുകൂടി ഒരു ബ്രാഹ്മണൻ അദ്ദേഹത്തെ അനുഗമിക്കുന്നു. എന്തുസ്വീകാരം! സംസ്കാരത്തിൻെറ സർവ്വദേശീയ പ്രകടനം! നോക്കുക!

നളന്ദസർവ്വകലാശാലയിൽ മനുഷ്യജീവിതത്തിലെ സൌന്ദര്യബോധത്തെപററിയും നല്ലപോലെ ചിന്തിച്ചിരുന്നു. വിദ്യാഭ്യാസത്തിൽ സൌന്ദര്യബോധത്തിനും ആദ്ധ്യാത്മിക ബോധത്തിനും ഉള്ള ശക്തികളിൽ ഞാൻ വിശ്വസിക്കുന്നു. നീതിശാസ്ത്രവും സൌന്ദര്യബോധശാസ്ത്രവും നളന്ദസർവ്വകലാശാലയിലെ ജീവിതത്തിൽ എങ്ങനെ പ്രവേശിച്ചു എന്നും, വിദ്യാത്ഥി

വശ്ശത്തിൻെറജീവശ്ശക്തിയേയും ആഗ്രഹങ്ങളേയും എങ്ങനെ അവ ഉൽകൃഷ്ട മാക്കി എന്നും നമുക്ക വേഗത്തിൽ മനസ്സിലാക്കാവുന്നതാണ്. ഈ രാജ്യത്തിലെ ആധുനിക വിദ്യാഭ്യാസ സമ്പ്രദായം പ്രക്ഷോഭണവാസനയെ വികസിപ്പിക്കുകയും ആഗ്രഹങ്ങളെ വദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സാന്മാൎഗ്ഗിക ബോധക്കുറവും, ത്യാഗാനന്ദംകൊണ്ടു സംതൃപ്തിനല്കാവുന്ന സൌന്ദൎയ്യ ബോധത്തിൻെറ അജ്ഞതയും ഇന്നു കാണുന്ന സന്താപകരങ്ങളായ രണ്ടു സംഗതികളാണ്. അതുകൊണ്ട് ആധ്യാത്മിക വശമാണു പ്രധാനമായിട്ടുള്ളതെന്നും ആദശ്പരമായിട്ടുള്ളതാണു യഥാൎത്ഥമായിട്ടുള്ളതെന്നും ഉള്ള തത്വത്തിലേക്കു നാം വന്നുചേരുന്നു. ഈ സംഗതികളാണു നളന്ദസർവ്വകലാശാലാജീവിതത്തിൽ സ്പഷ്ടമായി കണ്ടിരുന്നത്. അവ ആൎയ്യാവൎത്തത്തിലെ ഗുരുജനങ്ങളുടെ ഹൃദയത്തിലുമുണ്ടായിരുന്നു. ആ ആൎയ്യാവൎത്തത്തിലെ ഗുരുജനങ്ങളും അധ്യയനവും നശിച്ചിട്ടുണ്ടോ? ശ്രീകൃഷ്ണൻ, ശങ്കരൻ, ബുദ്ധൻ മുതലായവരുടെ ഗാനങ്ങളും, തത്വശാസ്ത്രങ്ങളും, കഥകളും നശിച്ചിട്ടുണ്ടോ?

---

## ഉള്ളൂർ എസ്സ് പരമേശ്വരയ്യർ എം. എ; ബി. എൽ.

മഹാകവി ഉള്ളൂർ പരമേശ്വരയ്യർ അവർകളുടെ ഒരു ഛായ ഞങ്ങൾ ആദ്യം കൊടുത്തിരിക്കുന്നു. ഇദ്ദേഹത്തിൻെറ ജീവചരിത്രത്തിൻെറ ഒരു ചെറിയ വിവരണം കൂടി ഇവിടെ ചേക്കുന്നത് ഈ അവസരത്തിൽ അപ്രകൃതമായിരിക്കയില്ലെന്നു വിശ്വസിക്കുന്നു. മി: പരമേശ്വരയ്യർ തിരുവനന്തപുരത്തിനടുത്തു് ഉള്ളൂരിലുള്ള ഒരു മാന്യബ്രാഹ്മണകുഡുംബത്തിൽ പെട്ട ആളാണ്. ആ കുഡുംബത്തിലെ അംഗങ്ങൾ തിരുവിതാംകൂർ രാജകുഡുംബത്തെ പ്രശസ്തമാംവണ്ണം സേവിച്ചിരുന്നു. ഇദ്ദേഹം ൧൦൫൩ ഇടവമാസം ൨൩-ാംനു- ചങ്ങനാശ്ശേരിയിൽ പെരുന്ന എന്ന സ്ഥലത്തു ജനിച്ചു. ഇദ്ദേഹത്തിൻെറ പിതാവ് സുബ്രഹ്മണ്യയ്യരവർകളും ഒരു പണ്ഡിതനായിരുന്നു. ൧൯-ാം നൂററാണ്ടിലെ മലയാളകവികളിൽ ഗണനീയമായ ഒരു സ്ഥാനത്തിനൎഹനായിരുന്ന ലക്ഷ്മീപുരത്തു രവിവൎമ്മകോയിത്തമ്പുരാൻ തിരുമനസ്സിലെ അടുക്കലാണു പരമേശ്വരയ്യർ സംസ്കൃതം പഠിച്ചത്. ഇദ്ദേഹം മട്രിക്കുലേഷൻ പരീക്ഷ ജയിച്ചതിനു ശേഷം തിരുവനന്തപുരം രാജകീയകാളേജിൽചേന്നു. പരമേശ്വരയ്യർ കാളേജിൽ പഠിച്ചിരുന്നപ്പോൾ ബോയിൽ എം. എ. യുടേയും സുന്ദരംപിള്ള എം. എ യുടേയും പ്രിയശിഷ്യനായിരുന്നു എന്നുതന്നെയല്ല, പലപ്പോഴും മുൻപറഞ്ഞ ഗുരുക്കന്മാരുടെ അഭിനന്ദന

ത്തിനും അനുമോദനത്തിനും പരമേശ്വരയ്യർ അർഹനായിട്ടുണ്ട്. ൧൮൮൯-ൽ തത്വശാസ്ത്രത്തിൽ ഒന്നാംക്ലാസിൽ ബി എ (ആണേഴ്സ്) പാസായി. പിന്നീടു എം, എ-യും ബി എൽ-ഉം ബിരുദങ്ങൾ സമ്പാദിച്ചിട്ടുണ്ട്.

കുറെനാൾ തിരുവനന്തപുരത്തു ഒരു ഗ്രാൻറു് ഇംഗ്ലീഷ് ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരുന്നശേഷം ൧൮൦൦-ൽ അദ്ദേഹം ഗവമ്മെൻറു ജോലിയിൽ പ്രവേശിച്ചു. സെൻസസ്സ സംബന്ധമായും മനുഷ്യവർഗ്ഗീയവിജ്ഞാനാന്വേഷണ സംബന്ധമായും മററുംചില ജോലികൾ സ്തുത്യർഹമായ വിധം ചെയ്തശേഷം, തഹശീൽ മജിസ്ട്രേട്ട്, ഡിസ്ട്രിക്ട് മുൻസിഫ്, ഹജൂർ അസി: സെക്രട്ടറി, അക്ടിംഗ്ചീഫ് സെക്രട്ടറി മുതലായ ഉദ്യോഗങ്ങൾ വഹിച്ചു. പിന്നീട് ൧൮൨൭-ൽ ചുമതലയേറിയ ഡിവാൻപേഷ്കാർ ഉദ്യോഗത്തിൽ പ്രവേശിച്ചു. ഇപ്പോഴും ആ ജോലിയിൽതന്നെ ഇരിക്കുന്നു. ഇദ്ദേഹത്തിൻെറ പാണ്ഡിത്യവും, പാടവവും നോക്കുമ്പോൾ ഇനിയും ഇതിലും ഉയന്ന ഒരു സ്ഥാനത്തെ അദ്ദേഹം അർഹിക്കുന്നുണ്ടെന്നുള്ളതിനു തക്കമില്ല. കുറെകാലം ദിവാൻ മി: കൃഷ്ണൻനായരുടെ പ്രൈവററുസെക്രട്ടറിയായും ജോലി നോക്കിയിട്ടുണ്ട്. ഇതിനിടയിൽ ചിലപ്പോൾ പല കമ്മററിയിലും അംഗമായിരുന്നു ഗവമ്മെൻറിനെ സേവിച്ചിട്ടുണ്ട്. പരമേശ്വരയ്യർ കുറെക്കാലം നിയമസഭാ സെക്രട്ടറിയായിരുന്ന് ഉദ്യോഗസ്ഥ മെമ്പറന്മാരുടെയും അനുദ്യോഗസ്ഥ മെമ്പറന്മാരുടേയും അനിതരസാധാരണമായ പ്രീതി സമ്പാദിച്ചിരുന്നു. ഇദ്ദേഹം ൨൫ കൊല്ലമായി മദിരാശി സവ്വകലാശാലയുമായി പല പ്രകാരത്തിൽ ബന്ധപ്പെട്ടിട്ടുണ്ട്. ഇൻഡ്യയിലേയും യൂറോപ്പിലേയും പല പണ്ഡിത സദസ്സുകളിൽ അദ്ദേഹത്തെ അംഗമായി സ്വീകരിച്ചിട്ടുണ്ട്. തിരുവിതാംകൂറിലേയും മദിരാശി സവ്വകലാശാലയിലേയും പാഠ്യപുസ്തകക്കമ്മററിയിലെ അംഗമായും അദ്ദേഹം ജോലി നോക്കിയിട്ടുണ്ട്. ഇതിനെല്ലാം പുറമെ അനേകം സദസ്സുകളിൽ അദ്ധ്യക്ഷനായും, പ്രാസംഗികനായും ഇരുന്നിട്ടുണ്ട്.

ഇനി ഇദ്ദേഹത്തിൻെറ സാഹിത്യ പരിശ്രമങ്ങളെ ഒന്നു സ്മരിക്കയാണെങ്കിൽ അവിടേയും അദ്ദേഹം സ്തുത്യർഹമായ പരിശ്രമം ചെയ്തിട്ടുണ്ടെന്നു കാണാം. ഉദ്യോഗത്തിൽ പ്രവേശിച്ചാൽ നമ്മുടെയിടയിലുള്ളവർ സാഹിതീദേവിയെ ആരാധിക്കുന്ന പതിവില്ല. മി: പരമേശ്വരയ്യർ ചുമതലയേറിയതും, അപരിമിതവും ആയ തൻെറ ജോലികൾക്കിടയിൽ ഗണനീയമായസാഹിത്യപരിശ്രമം ചെയ്തിട്ടുണ്ട്. അതൊന്നും പണത്തിനൊ, പെരുമക്കൊ വേണ്ടിയല്ല. അദ്ദേഹത്തിനു സാഹിത്യവിഷയത്തിലുള്ള ആവേശം കൊണ്ടു മാത്രമാണ്. ഇദ്ദേഹം പ്രാചീന ഭാഷാഗ്രന്ഥങ്ങളെ പ്രകാശിപ്പിക്കുന്ന വിഷയത്തിൽ ഗണനീയമായ ശ്രമം ചെയ്തിട്ടുണ്ട്. കേരളസാഹി

ത്യചരിത്രവിഷയകമായിട്ടുള്ള ഗവേഷണ വിഷയത്തിൽ ഇദ്ദേഹം അധ്വി തീയനാണു്. സംസ്കൃതത്തിലും ഇംഗ്ലീഷിലും പരമേശ്വരയ്യർ കവിത ഉണ്ടാക്കിയിട്ടുണ്ടു്. ഗദ്യത്തിലും പദ്യത്തിലും അദ്ദേഹം പല ലേഖനങ്ങളും എഴുതിയിട്ടുണ്ടല്ലൊ. എന്നാൽ ഉമാകേരളം, സുജാതോദ്വാഹം, കിരണാവലി, താരഹാരം, തരംഗിണി, കണ്ണുഭൂഷണം, പിംഗള മുതലായ കൃതികൾ അദ്ദേഹത്തിൻെറ ശാശ്വതയശഃസ്തംഭങ്ങളാകുന്നു. മി: പരമേശ്വരയ്യരെ പററിയൊ, അദ്ദേഹത്തിൻെറ കൃതികളെ സംബന്ധിച്ചൊ സംപൂർണ്ണമായ ഒരു വിവരണം നൽകണമെന്ന് ഇവിടെ ഉദ്ദേശമില്ലാത്തതുകൊണ്ടും അതിനിവിടെ പത്രസ്ഥലം പോരാത്തതുകൊണ്ടും അതിനായി തുനിയുന്നില്ല. അഥവാ ഞങ്ങൾ അതിന് അപ്രാപ്തരായും ഭവിച്ചേക്കാം. എന്നാലും മി: പരമേശ്വരയ്യർ അവർകളുമായി നേരിട്ടു പരിചയപ്പെട്ടുന്നവർ അദ്ദേഹം ഒരു ഉത്തമനായ സാഹിത്യരസികനും, ഒരു പരിശുദ്ധമനസ്കനും ആണെന്ന് സമ്മതിക്കും. വിശേഷിച്ച് സാഹിത്യവിഷയത്തിൽ ഏർപ്പെടുമ്പോൾ അദ്ദേഹം തന്നെതന്നെ മറന്നു നിർവൃതി മൂലം അതിൽ ലയിച്ചുപോകാറുണ്ടു്. 'പ്രകൃതിയെ നമുക്കുവേണ്ടി വ്യാഖ്യാനിക്കുകയും, ലോകത്തെ ഉയർത്തുകയും, മനസ്സിന് നിർമ്മലമായ സുഖവും ജ്ഞാനവും നൽകുകയും' ചെയ്യേണ്ട ഒരു കവി എത്രമാത്രം സഹൃദനായിരിക്കണമെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ. അതുകൂടാതെ കവിക്കത്യാവശ്യമായ വാസനയിലും, പാണ്ഡിത്യത്തിലും, പ്രതിഭയിലും, ആശയവൈശിഷ്ട്യത്തിലും മിസ്റ്റർ പരമേശ്വരയ്യരെ അതിശയിക്കുന്ന വേറെ ഒരു കവി ഇപ്പോൾ മലയാളത്തിന് ഉണ്ടെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. മി: പരമേശ്വരയ്യരിൽ നിന്ന് ഇനിയും കൈരളീദേവിയ്ക്കു് അനവധി അനഘരത്നങ്ങൾ ലഭിക്കുമാറാകട്ടെയെന്നും, അദ്ദേഹത്തിന് സവേശ്വരൻ ദീഘായുസ്സു നൽകട്ടെയെന്നും ഞങ്ങൾ ഹൃദയപൂർവ്വം പ്രാത്ഥിച്ചുകൊള്ളുന്നു.

## പുസ്തകാഭിപ്രായം

(ഭാഷാപഞ്ചദശി)

ഗ്രന്ഥകർത്താ. കെ. സി. എൻ. വാഴുന്നവർ

വില ൧-ർ-൦

പഞ്ചദശി ഡിപ്പൊ, ഇരിട്ടി—മലബാർ

ശ്രീമാൻ കെ.സി.എൻ. വാഴുന്നവരുടെ ഭാഷാപഞ്ചദശി ഞങ്ങൾ സശ്രദ്ധം വായിച്ചുനോക്കി. ശാസ്ത്രീയ ഗ്രന്ഥങ്ങളുടെ— വിശേഷിച്ചും

അധ്യാത്മിക ശാസ്ത്രഗ്രന്ഥങ്ങളുടെ - ദൌർല്ലഭ്യം കൊണ്ടു വിഷമിക്കുന്ന കൈരളിക്ക് ഈ ഗ്രന്ഥം അത്യന്തം പ്രയോജനപ്രദമായിരിക്കുമെന്നു നിസ്സംശയം പറയാവുന്നതാണ്. ഭാഷ വളരെ ലളിതവും രസകരവുമായിരിക്കുന്നു. മഹാകവി വള്ളത്തോൾ തുടങ്ങിയുള്ള പല പണ്ഡിതന്മാരുടേയും അഭിപ്രായങ്ങളോടും കവിതിലകൻ ഉള്ളൂർ എസ്സ്. പരമേശ്വരയ്യരവർകളുടേ അവതാരികയോടുംകൂടി വെളിപ്പെടുത്തിട്ടുള്ള ഈ വിശിഷ്ടഗ്രന്ഥം മലയാളികളായ എല്ലാമാന്യന്മാരേയും ഒരുപോലെ ആകർഷിക്കുമെന്നു നിർവ്വിവാദമാണല്ലൊ. എന്നാൽ ഇപ്രകാരമുള്ള ഗഹനാശയങ്ങളായ ഗ്രന്ഥങ്ങൾ എത്രതന്നെ ലളിതമായഭാഷയിൽ രചിക്കപ്പെട്ടിരുന്നാലും വ്യാഖ്യാനങ്ങളുടെ സഹായത്തോടു കൂടാതെ സാധാരണ ജനങ്ങൾക്കു സുഗ്രഹമാകുമോ എന്നുഞങ്ങൾ സംശയിക്കുന്നു. മി: വാഴുന്നവർ തന്നെ ഇതിനു വിപുലമായ ഒരു വ്യാഖ്യാനം കൂടിയെഴുതി ജനസാമാന്യത്തെ അനുഗ്രഹിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അനുഭവസ്ഥന്മാരുടെവാക്കുകൾ ശക്തിമത്തരങ്ങളായിരിക്കുമല്ലൊ.

തത്വവിവേകം, മഹാഭൂതവിവേകം, പഞ്ചകോശ വിവേകം, ദ്വൈതവിവേകം, മഹാവാക്യ വിവേകം, ചിത്രദീപം, തൃപ്തിദീപം, കൂടസ്ഥദീപം, ധ്യാനദീപം, നാടകദീപം യോഗാനന്ദം, ആത്മാനന്ദം, അദ്വൈതാനന്ദം, വിദ്യാനന്ദം, വിഷയാനന്ദം, എന്നിങ്ങനെ ൧൫ പ്രകരണങ്ങളുള്ള ഈ മഹാഗ്രന്ഥത്തിനു പഞ്ചദശി എന്ന പേര് അന്വത്ഥമായിരിക്കുന്നു.

## വിദ്യാർത്ഥിമിത്രം

ഗ്രന്ഥകർത്താവു; പേരുക്കട എം. കൊച്ചപ്പൻ; വില -൦- ൧൦ ച-൦

ഇക്കാലത്തു പരീക്ഷാ വിജയമാണു വിദ്യാഭ്യാസം എന്നു വന്നുകൂടീട്ടുണ്ടു. ൫൦ ശതമാനം പാസ്സായില്ലെങ്കിൽ അദ്ധ്യാപകന്മാർ കൊള്ളരുതാത്തവരും ആണ്. ഇങ്ങിനെ പരീക്ഷക്കു യജമാനത്വം കല്പിച്ചതോടുകൂടി എങ്ങിനെ എങ്കിലും അതിൽകൂടി കടന്നുവീഴണംഎന്നു വിദ്യാർത്ഥികളും കടത്തിവിടണം എന്ന് അദ്ധ്യാപകന്മാരുംവിചാരിച്ചു തുടങ്ങി, അതോടുകൂടിപരീക്ഷയെ സഹായിക്കാൻ "ചില സഹായികളുടേയും സാഹ്യങ്ങളുടേയും മിത്രങ്ങളുടേയും മററും പുറപ്പാടും ആയി ഇവയുടെ എല്ലാ ഉദ്ദേശം ഒന്നു തന്നെയാകയാലൊ എന്തൊ ഇവയെല്ലാം പ്രായേണഒരു ഐക്യരൂപ്യം കൂടി കണ്ടുവരുന്നുണ്ടു. എങ്കിലും ഈ വകയിൽപ്പെട്ട അപൂർവ്വം ചില നല്ല പ്രസിദ്ധീകരണങ്ങളിൽ ഒന്നാണു ഈ വിദ്യാർത്ഥിമിത്രം" സ്കൂൾലിവിംഗ്

പരീക്ഷ്യന്മാക്ക ഒരു ഭാഷാഗ്രന്ഥമായിട്ട കൂടിയാണ് ഗ്രന്ഥകത്താവു ഇതിനെ നിദ്ദേശിച്ചിരിക്കുന്നതു സാഹിത്യ സാഹ്യത്തിൽനിന്നും ആവശ്യമുള്ള ഭാഗങ്ങൾ തെരഞ്ഞെടുത്തുപാകപ്പെടുത്തിയും കൂടുതലായി പലതും ചേത്തും ആണ. പ്രസ്തുതമിത്രം നിമ്മിച്ചിട്ടുള്ളതെന്നു കാണുന്നു. മിസ്റ്റർ കൊച്ചപ്പന്റെ ഈ പരിശ്രമം വിദ്യാത്ഥികൾക്ക പരീക്ഷാവിജയത്തിനു ഒരു ആപ്തമിത്രമായിരിക്കുമെന്നു ഞങ്ങൾ കരുതുന്നു. സ്കൂൾ ലിവിംഗ് പരീക്ഷയുടെ ചോദ്യങ്ങൾമാത്രം ഒടുവിൽ ചേത്തിരിക്കുന്നതുകൊണ്ടുവലിയ പ്രയോജനമൊന്നും ഉണ്ടെന്നു തോന്നുന്നില്ല. ഈ പരീക്ഷ ഏപ്പെടുത്തിയകാലം മുതൽ തന്നെ അതിനായി കുട്ടികളെ പരിശീലിപ്പിച്ചു വരുന്ന മിസ്റ്റർ കൊച്ചപ്പനു അതിന്റെ ഉത്തരങ്ങൾ കൂടി എഴുതാൻ വലിയ പ്രയാസമുണ്ടായിരിക്കാൻ തരമില്ലല്ലൊ. പാഠ്യപുസ്തകക്കമ്മിറ്റിക്കാർ ഈ പുസ്തകം സ്വീകരിച്ചിട്ടില്ലാത്തസ്ഥിതിക്കകുട്ടികളുടെ സൗകയ്യത്തെ വിചാരിച്ചു ഇതിന്റെ വിലയും കുറെ കുറക്കാമായിരുന്നു.

---

## ജപ്പാൻ.

ഗ്രന്ഥകത്താവ്; എം. രാജരാജവമ്മ തമ്പുരാൻ എം. എ., ബി. എൽ.

മാനേജർ ശ്രീരാമവിലാസം ബുക്കുഡിപ്പൊ, കൊല്ലം.

ഇക്കാലത്തു മാനമായി ജീവിക്കണമെങ്കിൽ ലോകപരിജ്ഞാനം അപരിത്യാജ്യമാകുന്നു. അതിന് ഓരോരൊ രാജ്യങ്ങളിലെ നടപടികളെക്കുറിച്ച് അറിവുനൾകുന്ന പുസ്തകങ്ങൾ ആവശ്യമാണല്ലൊ. "ദിക്കാലവ്യവധാനങ്ങളെപ്പോലും ദൂരീകരിക്കത്തക്കവണ്ണം പ്രകൃതിശക്തികളെ സ്വാധീനപ്പെടുത്തിയിരിക്കുന്ന" ഈ പരിഷ്കൃതകാലത്തു കേരളീയർ വെറും കൂപമണ്ഡൂകങ്ങളായി കാലം കഴിച്ചുവരുന്നതേയുള്ളു. എന്നും അങ്ങിനെയുള്ള കേരളീയക്ക്-വിശേഷിച്ചു ആംഗലഭാഷാനഭിജ്ഞന്മാക്ക്-ഇതരദേശങ്ങളേയുംഅവിടെയുള്ള ജനങ്ങളുടെ സ്ഥിതിഗതികളേയും കുറിച്ചു സ്ഥൂലമായ ഒരറിവെങ്കിലും ഉണ്ടാക്കികൊടുക്കണമെന്നുള്ളതാണ് ഈ ഗ്രന്ഥാവലിയുടെ പരമമായ ഉദ്ദേശം എന്നു ഗ്രന്ഥകത്താവ് അഭിപ്രായപ്പെടുന്നു. ഈ ഉദ്ദേശം സവ്ഥാ അഭിനന്ദനീയവുംകേരളീയക്കൊരനുഗ്രഹവുമാണ്. ഇതിൽ ജപ്പാന്റെ ഭൂപ്രകൃതി, കാലാവസ്ഥ, ജനങ്ങളുടെ തൊഴിൽ, അവരുടെ ഗൃഹ്യജീവിതം, ദിനചയ്യ,വിനോദങ്ങൾ, രാജ്യ ചരിത്രംമുതലായവയെക്കുറിച്ച് അകൃത്രിമവും ബഹുസുന്ദരവുമായ ഭാഷയിൽ കുട്ടികൾക്കുകൂടി രസിക്കത്തക്കവണ്ണം ഇടക്കിടെ രസകരങ്ങളായ ഉപാഖ്യാനങ്ങളോടുകൂടി പ്രതിപാദിച്ചിരിക്കുന്നു. മഹ

ത്തായ ഉദ്ദേശ്യത്തോടുകൂടി ആരംഭിച്ചിരിക്കുന്ന ഈഗ്രന്ഥാവലിയുടെ അനന്തരഭാഗങ്ങളുംഞങ്ങൾ സോല്ക്കണ്ഠം പ്രതീക്ഷിച്ചുകൊള്ളുന്നു.

# പത്രപ്രവൎത്തനാദൎശം.

———:O:———

## സ്വാതന്ത്ര്യത്തിൻെറ അൎത്ഥം

കെ. നാരായണക്കുരുക്കൾ ബി. ഏ.

നിങ്ങളുടെ പത്രത്തിൻെറ അഭ്യുദയത്തിനു വേണ്ടുംവണ്ണം പ്രവൎത്തിക്കുന്നതിനു ഞാനും കടപ്പെട്ടിരിക്കുന്നു എന്നു് ഇനിക്കു ബോദ്ധ്യമുണ്ടു്. പത്രവൎത്തനത്തോടുകൂടി ഗ്രന്ഥപ്രസിദ്ധീകരണം-നിൎദ്ദോഷങ്ങളും കേരളീയരെഏകോപിപ്പിക്കുന്നതിനുഅവരുടെസ്വയംഭരണശക്തിയെഉദ്ദീപിപ്പിക്കുന്നതുമായ ഗ്രന്ഥങ്ങളോടുകൂടി പ്രസിദ്ധം ചെയ്യണം. പത്രം പ്രതിവാരമായിരുന്നാൽ മതിയാകും. നാട്ടുകാൎക്കു ത്രിലോകവാൎത്തകളേയും ഈ ദേശവാൎത്തകളേയും നൾകുക മാത്രമാണു സാധാരണപത്രങ്ങൾ ചെയ്യുന്നതു്. നിങ്ങൾ അതുമാത്രം പോരാ. ഈ നാട്ടുകാരിൽ ഉദാസീനതയോടുവൎത്തിക്കുന്ന ആത്മശക്തിയെ പ്രകാശിപ്പിക്കുന്നതിനും അവരുടെ നിത്യജീവിതത്തെ ക്ലേശിപ്പിക്കുന്ന അജ്ഞാനാന്ധകാരത്തെ നീക്കുന്നതിനും ആയിട്ടു പത്രപംക്തികളെ ധാരാളമായി വിനിയോഗിക്കണം. ഈ കൃത്യം നിങ്ങൾ സാധാരണയിൽ കവിഞ്ഞു ചെയ്തുവരുന്നതു് ആശ്വാസജനകം തന്നെ. ഇതിലേക്കു നിങ്ങൾ കൂടുതൽ ആളുകളെ തേടേണ്ടതില്ല. നിങ്ങളുടെ സംഘത്തിൽ തന്നെ ഇതിനു പ്രാപ്തന്മാർ ധാരാളം ഉണ്ടെന്നു് എനിക്കു നിങ്ങളുമായി സിദ്ധിച്ച സഹവാസത്തിൽ നിന്നും ബോദ്ധ്യമായിട്ടുണ്ടു്

ഏതുവിധത്തിലും ആത്മാൎത്ഥമായി നാട്ടുകാരുടെ അഭ്യുദയത്തിൽ ഏകമനസ്സോടും, യോജിച്ചും പ്രവൎത്തിക്കുക. ഈ നാട്ടിലെ പത്രബാഹുല്യം നിങ്ങളെ ദീനരാക്കേണ്ടതില്ല. സത്യവാദികളും, സമവാദികളുമായ വൃത്താന്തപത്രങ്ങൾ ഇനി അധികം നാട്ടിലേക്കു ആവശ്യമുണ്ടു്. അങ്ങനെയുള്ള പത്രങ്ങൾ വൎദ്ധിച്ചുവരാതെ നാട്ടുകാരുടെ മൂടിപ്പോയ കണ്ണുകൾ തുറക്കപ്പെടുകയില്ല. ജാതിസ്പൎദ്ധയേയും മതസ്പൎദ്ധയേയും ഇതരങ്ങളായ വൎഗ്ഗീയ വിഷമഭാവങ്ങളേയും പ്രദൎശിപ്പിക്കുന്ന പത്രങ്ങൾ ശാശ്വതങ്ങളല്ല.



കേരളത്തിലെ അരവിന്ദഗോസ്സ്

കെ. നാരായണക്കുരുക്കൾ ബി. എ.

അവയുടെ ആയുഷ്കാലം അവയുടെ വിമശ്നശക്തിയെ പോലെ തന്നെ പരിക്ലിപ്തവും പരിക്ലിഷ്ടവുമാണ്.

നിങ്ങളൊ-യുവാക്കന്മാർ. നിങ്ങൾക്ക് ഈ നാട്ടിൽ ദീഘകാലം ജീവിച്ചിരിക്കേണ്ടതുണ്ട്. അങ്ങനെയുള്ള നാട്ടിനെ ക്ഷേമപ്പെടുത്തുക; ശോഭനമാക്കുക; അതിനെ സ്വതന്ത്രഭൂമി-സ്വതന്ത്രരുടെ ഭൂമി-യാക്കുക. പരിപൂണ്ണമായ സ്വാതന്ത്ര്യത്തിലല്ലാതെ ഒരു നാടും സുഖത്തെ അടയുകയില്ല. സ്വതന്ത്ര്യമൊ, നാട്ടുകാരുടെ സദാചാരനിഷ്ഠയും, സ്വത്മബോധവും നിജകൃത്യാനുഷ്ഠാനധീരതയും, നിർഭയത്വവും, കായ്യക്ഷമതയും, സഹനശക്തിയും കൂടാതെ ലഭിക്കുന്നതുമല്ല. സ്വതന്ത്ര്യമെന്നതു വെറുംവാക്കല്ലാ; ഏററവും പരിശുദ്ധവും പരിപൂണ്ണവുമായ നമ്മുടെ മനസ്സിൻെറ സ്ഥിതിയെ ബോധിപ്പിക്കുന്ന ഒരു സംജ്ഞയാണ് മനസ്സിൻെറ ആ സ്ഥിതിയിൽ മാത്രമെ പ്രപഞ്ചരഹസ്യം പ്രകാശിക്കയുള്ളൂ. സ്വതന്ത്ര്യം എന്ന ഒരു വാക്കുകൊണ്ടു നമ്മുടെ സമഷ്ടിജീവിത സമ്പ്രദായങ്ങൾക്കും വ്യക്തിജീവിതസമ്പ്രദായങ്ങൾക്കും ആ ജീവിതത്തിലേക്കു നമ്മെ ഒരുക്കുന്ന വിദ്യാഭ്യാസമ്പ്രദായങ്ങൾക്കും ശാസ്ത്രപരിശോധനകൾക്കും അദ്ധ്യാത്മികചിന്തനകൾക്കും ലക്ഷ്യമായ പരമപദത്തെത്തന്നെ ഇവിടെ പരാമശനം ചെയ്യുന്നു. രാഷ്ട്രീയമായും, സാമുദായികമായും, ആത്മീയമായും നമുക്കു നേരിടുന്ന സവ് അനത്ഥങ്ങളിൽ നിന്നും വിമുക്തി ലഭിക്കുന്നതിനു നമ്മുടെ മനസ്സിൻെറ സ്വാതന്ത്ര്യത്തെ നാം ആജ്ജിക്കുകയും അഹിക്കുകയും ചെയ്യണം. ലോകത്തെ ക്ലേശിപ്പിക്കുന്ന സവ് ദുഖങ്ങളും സവ് വ്യസനങ്ങളും ദുരിതങ്ങളും എല്ലാം സ്വാതന്ത്ര്യത്തെ ചുററിപ്പിണഞ്ഞിരിക്കുന്നു. ആ സ്വാതന്ത്ര്യത്തെ തന്നെ നമ്മുടെ സാമ്പത്തികമായും, രാഷ്ട്രീയമായും, ശാസ്ത്രീയമായും ഉള്ള വിദ്യാഭ്യാസസമ്പ്രദായങ്ങളും ലക്ഷ്യമാക്കിയിരിക്കുന്നു എന്ന് നിങ്ങളുടെ പയ്യാലോചനയിൽ തെളിയും. നമ്മുടെ പരമഹംസന്മാരുടേയും, അവധൂതന്മാരുടേയും, ഏകലക്ഷ്യവും അതിപ്രാവനമായ സ്വതന്ത്ര്യം തന്നെ. അവരും സ്വതന്ത്രരാകുവാൻ ബദ്ധപ്പെടുന്നവരാണ്. അവർ കുഡുംബപാശങ്ങളേയും, രാഷ്ട്രീയവും, സാമുദായികവും, ശരീരികവുമായ പാശങ്ങളേയും ഛേദിച്ചിട്ടും സ്വാതന്ത്ര്യം അവക്ക് അതിദൂരെ നില്ക്കുന്നതെയുള്ളൂ. അവക്കു ജനനമരണാനത്ഥങ്ങളിൽ നിന്ന് സ്വതന്ത്രരാകുവാൻ സാധിക്കുന്നില്ല; എന്നാലൊ സ്വാതന്ത്ര്യം സർവ്വ ജീവരാശികൾക്കും അതുമല്ല സർവ്വചരാചരങ്ങൾക്കും ജന്മസിദ്ധമൊ, സഹജന്യമൊ, സഹജമൊ ആയിരുന്നിട്ടും ആ ബോധത്തെ വാക്കുകളിലും പ്രവത്തികളിലും സ്വരൂപിക്കുന്നതിനും മനുഷ്യനു കഴിയുന്നില്ല. അങ്ങനെ ക്ലേശമേറിയ ഒരു ജോലിക്കായിട്ടാണു

നിങ്ങളും നിങ്ങളെപ്പോലെയുള്ള യുവാക്കന്മാരും അവരുടെ നാനാസംരംഭങ്ങളേയും കൊണ്ടു പുറത്തു ചാടിയിട്ടുള്ളതു്.

നിങ്ങളുടെ ജീവിതത്തെ ആവരണം ചെയ്തിരിക്കുന്ന നാനാമതാനുഷ്ഠാനങ്ങളും സാമുദായികാചാരങ്ങളും കുഡുംബപരമ്പരകളും പ്രകാരാന്തരങ്ങളിലുള്ള അന്ധവിശ്വാസങ്ങളും നീങ്ങാതെ നിങ്ങളുടെ മനസ്സു വികസിക്കുന്നതല്ല. മുൻ ചൊല്ലപ്പെട്ട അജ്ഞാനപരമ്പരകളാൽ നിറയപ്പെട്ട ഒരു ഘോരവിപിനത്തിൽ ആണു നിങ്ങളിപ്പോൾ അധിവസിച്ചുവരുന്നതു്. ഇവയെല്ലാം നമ്മുടെ മനസ്സിനെ സങ്കുചിതമാക്കി ക്ലേശിപ്പിക്കുന്നു. ജ്ഞാനം എന്നതു പ്രപഞ്ചത്തിൻെറ പരമാൎത്ഥബോധമാണ്. അതുതന്നെ മനുഷ്യജന്മസാഫല്യം. മനസ്സിനെ കുടുക്കുന്ന വേദവാദങ്ങളും ശാസ്ത്രവാദങ്ങളും സ്മൃതിവാദങ്ങളും പുരാണജല്പനങ്ങളും പരമാൎത്ഥബോധം കൂടാതെ അടങ്ങുന്നതല്ല. ആ പരമാൎത്ഥബോധത്തിൽ മാത്രമെ ദൈവത്തെ അറിയുവാനും നമുക്കു കഴിയുന്നുള്ളു. ഭാരതത്തെ ഭജിക്കുക എന്ന വാക്യത്തിൻെറ പൊരുളും അങ്ങിനെയുള്ളതാണു്. ഭാരതം എന്നാൽ ഭാരതരുടെ ഭൂമിയാകുന്നു. ഭാരതർ എന്നാൽ ഭാ–സ്വപ്രകാശമായ ബ്രഹ്മോപാസനയിൽ രതന്മാർ–നിരതന്മാർ എന്നാണൎത്ഥം.

"യജ്ജഗദ്ഭാസകം ഭാനം
നിത്യംഭാതിസ്വതസ്ഫുരൽ
സ്ഏവജഗതസ്സാക്ഷീ
സൎവ്വാത്മാവിമലാകൃതീ"

അല്ലാതെ പൂണൂലുംശിഖയും ഉത്തരീയവും ധരിച്ചു് ഗോപിയും തൊട്ടു ഭസ്മവും പൂശി നടക്കുന്നവരല്ല എന്നു നിങ്ങൾ ബോധിക്കുവിൻ. അങ്ങിനെയുള്ള ഭാരതഭൂമിയെ ഭജിക്കുന്നതും ഗായത്രിജപം കൊണ്ടും പഞ്ചാക്ഷരജപംകൊണ്ടും അഷ്ടാക്ഷരജപംകൊണ്ടും നമസ്കാരംകൊണ്ടും വേണ്ടതല്ല. പരിശുദ്ധമായ ഇച്ഛാശക്തിയും, സത്യമായ വാക്ശക്തിയും, അഹിംസാപമായ ക്രിയാശക്തിയും ഭാരതൎക്കു് പ്രത്യേകമായിട്ടുള്ളതു്, അവരുടെ വിഭൂതികൾ ഭാരതരുടെ പൂൎവ്വികന്മാരായ തപോധനന്മാരും, ഋഷീശ്വരന്മാരും അവതാര പുരുഷന്മാരും ആൎജ്ജിച്ചിട്ടുള്ളവ നമ്മുടെ മൂലധനമായി നമുക്കും ലോകത്തിനും സിദ്ധിച്ചിട്ടുണ്ടു്. പക്ഷെ ആ വിഭൂതികൾ ഇതിഹാസ പുരാണാദികഥകളിൽ കൂടി കടന്നു വന്നിട്ടു് വെറും മിഥ്യകളായി പരിണമിച്ചിരിക്കുന്നു. സത്യമായ വാക്കുകൊണ്ടും രാഗദ്വേഷാദികൾ നീങ്ങിയുള്ള ഹൃദയംകൊണ്ടും ഹിംസാരഹിതമായ ക്രിയകളെകൊണ്ടും ദൈവാരാധന ചെയ്യുന്നതുഅത്യുൽകൃഷ്ടവും സൎവ്വമതസമ്മതവും ആകുന്നു. സത്യമേപറയു–

പറയാവൂ- സത്യത്തെഅറിയുക; അറിയുവാൻ ശ്രമിക്കുക; അറിയുന്നിടത്തോളം സത്യത്തെ പറയുക; സത്യം അറിയാതിരിക്കുമ്പോൾ മൌനത്തെ സ്വീകരിക്കുക; ഇങ്ങനെ നിത്യവും നാം പരിശീലനം ചെയ്യുന്നതായാൽ നമ്മുടെ വാക്കും സത്യമായി ഭവിക്കും; ദൈവീകമായി ഭവിക്കും. നാം അങ്ങനെ പറയുന്ന വാക്കുകൾ അവ്വണ്ണം ഫലപ്പെടും; സംശയിക്കണ്ട., അതുപോലെതന്നെ നമ്മുടെ ചുററും കാണുന്ന മനുഷ്യവൎഗ്ഗഭേദങ്ങളേയും അവരിൽ ജാതിഭേദങ്ങളേയും, ആതിജാത്യവ്യത്യാസങ്ങളേയും കല്പിക്കുന്നതു് നമ്മുടെ ഹൃദയവാസനകളായ രാഗദ്വേഷാദികളുടെ മൂലം അഹങ്കാരവും അതു ആത്മചൈതന്യതാദാത്മ്യാനം പ്രാപിച്ചിട്ടു നമ്മുടെ ഹൃദയത്തിൽ ആരൂഢമായിരിക്കുകയും ചെയ്യുന്ന അഹംകാരത്തെ നീക്കുക. രാഗദ്വേഷാദികൾ തന്നിയെ നമ്മെ വിട്ടുപോകും. സ്വസമഭാവന നമ്മിൽ ഉദയം ചെയ്യും. സ്വാൎത്ഥങ്ങളും നീങ്ങും. പുലയരെന്നും പറയരെന്നും ഈഴവരെന്നും ബ്രാഹ്മണരെന്നും ഉള്ള വിഷമഭാവങ്ങളെ നീക്കുക. അതാണു് സൎവ്വസമഭാവനക്കായി ചെയ്യേണ്ടതു. നിങ്ങൾ യുവാക്കന്മാരാണു ലോകപരിചയക്കുറവു നിങ്ങൾക്കുണ്ടായിരുന്നാലും ഈ വിഷമ ഭാവങ്ങൾ നിങ്ങളിൽ നിന്നും നീങ്ങിയിരിക്കുന്നതായി കാണുന്നതു നിങ്ങളുടെ സംരംഭത്തിനു മഹത്തായ പ്രയോജനകരമായിട്ടുള്ളതാണു. രാഗദ്വേഷാദികൾ നമ്മുടെ സുഖജീവിതത്തിന്റെ എന്നപോലെ പത്രപ്രവൎത്തനത്തിൽ വിജയത്തിനും ഹേതുക്കളാണെന്നു നിങ്ങൾ അറിയുന്നുണ്ടാവും. സത്യമായ വാക്കും സത്യത്തെ അറിയാതിരിക്കുമ്പോൾ മൌനവും നമ്മുടെ ജീവിതത്തിനെന്നപോലെ പത്രപ്രവൎത്തനത്തിനും സുനീതിയും ശോഭനകരവും ആണെന്നു നിങ്ങൾ ധരിച്ചിട്ടുണ്ടല്ലൊ. അഹിംസയെത്തന്നെ ഭാരതർ പരമധൎമ്മമായി സ്തുതിക്കുകയും സ്വീകരിക്കുകയും ചെയ്തിട്ടുണ്ടു. ലോകരെങ്ങും ആഹാരത്തിനായും ആരോഗ്യത്തിനായും നമ്മുടെ സമസൃഷ്ടങ്ങളായ ജന്തുക്കളെ കൊല്ലുന്നവരായി കാണുമ്പോൾ ഭാരതഖണ്ഡത്തിൽ ചുരുക്കം ചിലരെങ്കിലും ജന്തുഹിംസകൂടാതെ ഉപജീവിക്കുന്നതിനു താല്പൎയ്യപ്പെടുന്നുണ്ടെന്നുള്ളതു ആശ്വാസകരംതന്നെ. ഒരുവന്റെ പ്രയത്നഫലത്തെ മററൊരുവൻ അപഹരിക്കുന്നതും ഹിംസയാകുന്നു. ദേഹപരമായി ജീവിക്കുന്നതിനേയും ഹിംസയാക്കി നിന്ദിച്ചിരിക്കുന്നു. ഇങ്ങനെ ഇതര മനുഷ്യരേയും ഇതര ജന്തുക്കളേയും ഹിംസിക്കാതെ ജീവിക്കുന്നതിനു നാം അഭ്യസിക്കുന്നതായാൽ നമുക്കും ഹിംസയേൾക്കുന്നതല്ലെന്നുള്ള പാഠവും പ്രകൃതിയെ പരിശോധിച്ചിട്ടു നമുക്കു ആസ്വാദിക്കാവുന്നതാണു. ഈ പാഠവും നിങ്ങളുടെ പത്രപ്രവൎത്തനത്തിനു വിജയത്തെ നൽകുമെന്നുള്ളതു തീൎച്ചതന്നെ. വൃത്താന്തപത്രങ്ങൾ നശിച്ചു പോകുന്നതു ഈ മൂന്നു പ്രമാണങ്ങളേയും അവഗണിച്ചു വൎഗ്ഗീയഭേദങ്ങളേ

യും മററു വിഷമ ഭാവങ്ങളേയും ആസ്പദമാക്കി ജീവിക്കുന്നതിനു സമ്മതിക്കുന്നതുകൊണ്ടാകുന്നു. ആ വിഷമഭാവങ്ങളെ നിങ്ങൾ പത്രപ്രവൎത്തനത്തിൽ സ്വീകരിക്കരുതു. ഇങ്ങിനെയുള്ള ജീവിതപ്രമാണങ്ങളെയാണു ലോകശാന്തിക്കായി ഭാരതർ ഓതീട്ടുള്ളതു. അവരുടെ വിഭൂതികളെയാണു ഭാരതമാഹാത്മ്യം നിങ്ങൾക്കായി ചൂണ്ടിക്കാണിക്കുന്നതു്.

അവ ഭാരതൎക്കു പ്രത്യേകമായിട്ടുള്ളതൊ? അല്ല: ഭാരതീയരുടെ പൂൎവ്വാൎജ്ജിതങ്ങളായ യോഗവിഭൂതികളേയും ജ്ഞാനവിഭൂതികളേയും കായികവിഭൂതികളേയും ഈ നാട്ടുകാർ ആൎജ്ജിക്കുക, ആൎജ്ജിക്കുന്നതിനു ശ്രദ്ധിക്കുക അങ്ങിനെ നിങ്ങളും പ്രവൎത്തിക്കുക, പ്രവൎത്തിക്കുവാൻ നാട്ടുകാരെ പ്രേരിപ്പിക്കുക. അതാണു നിങ്ങളുടെ പത്രകൃത്യവും, പത്രധൎമ്മവും, സ്വധൎമ്മവും എന്നറിയുവിൻ. അവ്വിധത്തിൽ നിങ്ങളും സ്വതന്ത്രരാകുവിൻ. സ്വാതന്ത്ര്യത്തെ ഭജിക്കുവിൻ.

(ഭ. ഭാ.)

---

## കെ. നാരായണക്കുരുക്കൾ ബി. എ.

---

രാഷ്ട്രീയലോകത്തും ആഖ്യായികാലോകത്തും സുപ്രസിദ്ധനായ കെ. നാരായണകുരുക്കൾ ൧൦൩൭ മീനം ൨൨-ാംനു- പാൽകുളങ്ങരെ ജനിച്ചു. ഇദ്ദേഹത്തിന്റെ പിതാവു് ഒരു ദേവ്യുപാസകനായ ബ്രാഹ്മണോത്തമനായിരുന്നു. മി കുരുക്കളുടെ മാതുലന്മാർ നല്ല ജ്യോതിശ്ശാസ്ത്രപണ്ഡിതന്മാരായിരുന്നു. ഇദ്ദേഹത്തിന്റെ വിദ്യാഭ്യാസം മിക്കവാറും തിരുവനന്തപുരത്തുവച്ചുതന്നെയാണു് നടന്നതു്. ൧൦൬൯-ൽ ബി. എ. ജയിക്കയും ആ കൊല്ലത്തിൽതന്നെ തിരുവനന്തപുരത്തെ ഹൈസ്കൂളിൽ അദ്ധ്യാപകനായി നിയമിക്കപ്പെടുകയും ചെയ്തു. ആ കാലത്താണു് പാറപ്പുറം എന്ന രാഷ്ട്രീയനോവൽ എഴുതിയതു്. ഇദ്ദേഹം കുറെക്കാലം അസിസ്റ്റൻറു് ഇൻസ്പെക്ടറായിരുന്നിട്ടുണ്ടു്. അതിനുശേഷം, പറവൂർ, വൈക്കം മുതലായ സ്ഥലങ്ങളിൽ ഹെഡ്മാസ്റ്ററായി സ്ഥലംമാററി. കോട്ടയത്തു് ജോലിയായിരിക്കുമ്പോൾ എന്റെ ഗീത, ഉദയഭാനു മുതലായ പുസ്തകങ്ങൾ എഴുതി. അതിനുശേഷം സ്വപുത്രിയുടെ നാമധേയസ്മാരകമായിട്ടാണു് ജ്യോതിഷ്മതി എന്ന നോവൽ എഴുതിയതു്. നിൎഭാഗ്യവശാൽ ആ പുത്രി ചരമഗതിയെ പ്രാപിച്ചു. ഇപ്പോൾ മി. കുരുക്കൾക്കു് ഒരു പുത്രൻ മാത്രമേയുള്ളു.

സൎക്കാർ സൎവ്വീസിൽനിന്നും ഇദ്ദേഹത്തിനെ പിരിച്ചുവിടുകയാണുണ്ടായതു്. അക്കഥയൊന്നും ഇവിടെ വിസ്തരിക്കേണ്ടതായ ആവശ്യമില്ലെന്നും അതൊക്കെ അദ്ദേഹത്തിന്റെ കുസുമമഞ്ജൂഷ എന്ന സ്വാത്മാപാഖ്യാനം വായിച്ചാൽ വിശദമായി മനസ്സിലാകുമെന്നും വിചാരിക്കുന്നു.

ഇദ്ദേഹത്തിൻെറ സത്യസന്ധതയും നിർഭയതപവുംമൂലം ഈ ലോകജീവിതത്തിൽ പല അപജയങ്ങളും വന്നിട്ടുണ്ടെന്നു തോന്നിയേക്കാം. പക്ഷെ ഇതൊന്നും മി. കുരുക്കളുടെ അചഞ്ചലമായ അത്മാവിനേയൊ, ജീവിതസരണിയേയൊ വ്യതിചലിപ്പിച്ചിട്ടില്ല. ഇപ്പോൾ ഇദ്ദേഹം സർവ്വസംഗപരിത്യാഗിയെപ്പോലെ തപോവൃത്തിയിൽ ജിവിക്കുന്നു. "ഭാ. രതാ ധീ. രതാ ഭവന്തു;" ന. ഭീ-രതാ: ഇതാണ് ഇദ്ദേഹത്തിൻെറ മുദ്രാവാക്യം. ഈ സിദ്ധന് സർവ്വവിജയങ്ങളും ലഭിക്കട്ടെ.

## ഉദ്ധാരണങ്ങൾ

### തിരുവിതാംകൂറിലെ വിദ്യാഭ്യാസം

"വിദ്യാഭ്യാസവിഷയത്തിൽ നാനാതരത്തിലും തിരുവിതാംകൂർ ഇൻഡ്യയുടെ മററു ഭാഗങ്ങളേക്കാൾ അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ടെന്നു പറയേണ്ട ആവശ്യമില്ല. വിദ്യാഭ്യാസഡയറക്ടർ റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ ഈയിടെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസറിപ്പോർട്ട് സകലരുടേയും ശ്രദ്ധക്കു സവിശേഷം വിഷയീഭവിക്കേണ്ട ഒന്നാണ്. രാജ്യത്തിൽ ഇന്നു കാണുന്ന വിദ്യാഭ്യാസം അവിടത്തെ സംസ്കാരംകൊണ്ടോ സമുദായസ്ഥിതിയുടെ ചില പ്രത്യേകതകൾകൊണ്ടോ മാത്രം സിദ്ധിച്ചിട്ടുള്ള ഒന്നല്ല. എന്നാൽ രാജ്യത്തിലെ അധികാരികളുടെ സഹകരണംകൊണ്ടാണ്. ൧൮൧൭ൽ തന്നെ പാർവ്വതിഭായിറാണി തിരുമനസ്സുകൊണ്ട് "രാജ്യത്തിലെ ജനങ്ങളുടെ വിദ്യാഭ്യാസച്ചിലവു മുഴുവനും രാജ്യംതന്നെ വഹിക്കണമെന്നും, ജനങ്ങളുടെ ഇടയിൽ ജ്ഞാനം പ്രചരിക്കുന്ന വിഷയത്തിൽ രാജ്യം പിന്നിലാകരുതെന്നും, ജ്ഞാനവിതരണംകൊണ്ട് അവർ ഉത്തമരായ ജനങ്ങളും ഉത്തമരായ ഉദ്യോഗസ്ഥന്മാരും ആയിത്തീരുമെന്നും, തന്മൂലം രാജ്യത്തിൻെറ കീർത്തി വർദ്ധിക്കുമെന്നും" അറിഞ്ഞു് ഗവമ്മെൻറിൻെറ നയം എന്താണെന്നു പരസ്യമാക്കി. ഇവിടത്തെ പുരുഷന്മാരുടെ ഇടയിൽ ൪൪ ശതമാനവും, സ്ത്രീകളുടെ ഇടയിൽ ൧൬ ശതമാനവുമാണ് വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളവർ. ഇൻഡ്യയിൽ ൧൨-൦ ൨-൦ ആണ്. വിദ്യാലയത്തിൽ പോകുന്നവരുടെ ശതമാനം ൧൫-ാണെന്നുള്ള സാധാരണ കണക്കു നോക്കുകയാണെങ്കിൽ, കുട്ടികളിൽ ൭൪ ശതമാനവും വിദ്യാലയങ്ങളിൽ പോയിരുന്നു എന്നു മനസ്സിലാക്കാവുന്നതാണ്. പള്ളിക്കൂടത്തിൽ പോകുവാൻ പ്രായമായ എല്ലാ ബാലികാബാലന്മാരും വിദ്യാഭ്യാസം ചെയ്യുന്നുണ്ടെന്നാണ് ഡയറക്ടരുടെ അഭിപ്രായം. ഇങ്ങനെ ശരിയായ ഒരു റിപ്പോർട്ട് പ്രസിദ്ധീകരിച്ചതിൽ ഞങ്ങൾ റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാരെ അഭിനന്ദിച്ചുകൊള്ളുന്നു."

"എഡ്യുക്കേഷനൽ റവ്യൂ"

## വെള്ളത്തിന്റെ വില.

പരിശുദ്ധജലമാണ് ഏററവും ഉത്തമമായ ഔഷധം. ഉറക്കമുണന്നതിന്റെശേഷം കുറച്ചു വെള്ളം കുടിച്ചാൽ ശരീരത്തിന്റെ എല്ലാ ഭാഗങ്ങളും ശുചിയാകുമെന്നു മാത്രമല്ല, ഹൃദയവും വികസിക്കുന്നതാണ്. വെള്ളം കുടിക്കുന്നതിന് ഉത്തമമായ സമയം രാവിലെ ഉറക്കമുണന്നതിന്റെ ശേഷം ഭക്ഷണത്തിനുമുമ്പും, രാത്രിയിൽ ഉറങ്ങുന്നതിനു മുമ്പും ആകുന്നു.

ശുദ്ധജലംകൊണ്ട് ശരീരത്തിന്റെ പുറമേയുള്ള അഴുക്കും കഴുകിക്കളയേണ്ടതാണ്. പരിപൂർണ്ണമായ ആരോഗ്യസംരക്ഷണത്തിന് കൂടക്കൂടെ ക്ലിപ്തസമയങ്ങളിലുള്ള കുളി അത്യാവശ്യമാകുന്നു. നല്ല തണുപ്പുള്ള വെള്ളത്തിൽ അത്യധികം ആരോഗ്യമുള്ളവരെ കുളിക്കാവൂ. മിക്കവക്കും ചൂടുവെള്ളംകൊണ്ടുള്ള കുളിയാണ് ഉത്തമം. ശരീരത്തെ സംബന്ധിച്ചിടത്തോളം വെള്ളത്തിന് ഒരു പ്രത്യേക ശക്തിയുണ്ട്. അത് രോഗകാലത്തും അരോഗകാലത്തും ഏത്രയും ഉപയോഗകരമാകുന്നു.

"ഗുഡ് ഹെൽത്തു"

## വിദ്യാത്ഥികളോട്

"നിങ്ങൾ ദൂരസ്ഥലങ്ങളിൽനിന്ന് നിരവധി ദ്രവ്യം ചെലവുചെയ്തു വന്നു പഠിക്കുന്നവരാണ്. വൃത്തികെട്ട ചായക്കടകളിലേയും ലക്ഷപ്രഭുക്കളുടെ വ്യാപാരശാലകളിലേയും സാമാനങ്ങൾ വാങ്ങിത്തീക്കുമ്പോൾ, നിങ്ങൾക്കു വേണ്ടി വസ്തുക്കൾ അന്യാധീനപ്പെടുത്തുന്ന മാതാപിതാക്കന്മാരുടേയും, പ്രിയമേറിയ പൊൻപണ്ടങ്ങൾ പണയം വെയ്ക്കുന്ന സഹോദരിമാരുടേയും അവസ്ഥ നിങ്ങൾ ആലോചിക്കാറുണ്ടോ? സിഗാർ തുടങ്ങിയുള്ള അനാവശ്യസാമാനങ്ങൾ വാങ്ങുന്നതിനായി എത്ര പണമാണ് വിദ്യാത്ഥികൾ ചെലവഴിക്കുന്നത്? അത്യന്താപേക്ഷിതങ്ങളായ ആവശ്യങ്ങൾക്കു മാത്രമെ നിങ്ങൾ ധനം വ്യയം ചെയ്യാവൂ. ബിരുദസമ്പാദനത്തിനുവേണ്ടി അധികസമയം ചെലവു ചെയ്യുന്ന എന്നുള്ളതാണു എനിക്കു അടുത്തതായി പറവാനുള്ള സംഗതി. എന്റെ അഭിപ്രായം ഒരു മനുഷ്യന്റെ വിദ്യാത്ഥിജീവിതം ഇരുപത്തൊന്നു വയസ്സിനു മുൻപു കഴിഞ്ഞിരിക്കേണമെന്നാണു. അച്ഛനമ്മമാരെ സഹായിച്ചില്ലെങ്കിലും സ്വയം സംരക്ഷിക്കുന്നതിനു അയാൾ ആ സമയത്തു പ്രാപ്തനായിരിക്കണം."

ചങ്ങനാശേരി പരമേശ്വരൻ പിള്ള